# ഐക്യദീപം

SINCE 1976


വില ₹10
2020 ഡിസംബർ




ഏവർക്കും ക്രിസ്തുമസ് ആശംസകൾ

www.malankaralibrary.com



## STARTUP KENDRA FOR YOU




## COMPUTER LAB

## NISWARTHA AWARD







## ALL INDIA RANKS


Mar Athanasios College for Advanced Studies, Thiruvalla
(Accredited by NAAC with 'A' grade and Recognized by DSIR ,Govt.of India)
Congratulations to qualifiers of ICAR AICE-JRF/SRF(Ph.D) All India Examination-2020

RANK 130 Ms.ALEENA SARA MATHEW
RANK 14 Mr.JOBIN S
RANK 115 Mr.RAKHITH R
RANK 138 Ms.SILPA MARY JOHN
RANK 225 Ms.ANJALI R

facebook/macfastofficial www.macfast.org macfastofficial

## OUR NEW COURSES

NAAC 'A' GRADE

## MA MULTIMEDIA
## MSc BIO NANO TECHNOLOGY

Outbound Experiential Learning | MACFAST Innovation Corporate Synergy | Consistant Placement Records | Green WiFi Campus | ISO 9001:2015 Certified Institution | Entrepreneurship Development Council | sky

www.malankaralibrary.com




2020 ഡിസംബർ
പുസ്തകം 52 ലക്കം 11



രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

അസോ. എഡിറ്റർ
**ഫാ. മാത്യു ചിറയിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

സർക്കുലേഷൻ മാനേജർ & കോ-ഓർഡിനേറ്റർ
**ഫാ. കോശി മണ്ണിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

**പത്രാധിപസമിതി**

**ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ**
**ഫാ. ഡോ. തോമസ് പാറയ്ക്കൽ**
**റവ. സി. അലീന എസ്.ഐ.സി.**
**റവ. സി. റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി മാത്യു**
**ജയിസ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**



Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Union Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Mangalam Webmedia, Kottayam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com


# ഐക്യദീപം

## ഉള്ളടക്കം


**എഡിറ്റോറിയൽ** ........ 04

**ഇടയശബ്ദം** ........ 06
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

**മനുഷ്യാവതാരം – ദൈവത്തിന്റെ സ്നേഹ സമ്മാനം** ........ 08
ഫാ. ഡോ. ജോളി കരിമ്പിൽ

**മനുഷ്യാവതാരം** ........ 13
ഫാ. വർഗീസ് വള്ളിക്കാട്ട്

**യേശുവിന്റെ മനുഷ്യാവതാരം – മനുഷ്യചരിത്രത്തിലെ നവയുഗാരംഭം** ........ 18
ഫാ. മാത്യു ആലുംമൂട്ടിൽ

**ലൈഫ് ഈസ് ബ്യൂട്ടിഫുൾ** ........ 26
മെർലിൻ ടി. മാത്യു

**നവതി ആഘോഷിക്കുന്ന സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രൽ** ........ 28
മോൺ. ചെറിയാൻ താഴമൺ

**കരുണയുടെ അപ്പസ്തോലൻ – ബിജു പയ്യമ്പള്ളിൽ** ........ 40
ബേബിച്ചൻ തെക്കേടത്ത്





All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral, Tiruvalla - 1. Phone : 0469 2600626. E-mail : aikyadeepamtvla@gmail.com



www.malankaralibrary.com



എഡിറ്റോറിയൽ

# ജീവിതമാകുന്ന പരീക്ഷയിൽ തോൽക്കുന്നവർ

ഒരിക്കൽ ശിഷ്യൻ ഗുരുവിനോട് ചോദിച്ചു, ഗുരോ എന്തുകൊണ്ടാണ് ജീവിതമാകുന്ന പരീക്ഷയിൽ നമ്മിലധികംപേരും തോറ്റുപോകുന്നത്? ഗുരു മറുപടി പറഞ്ഞു, ''യഥാർത്ഥത്തിൽ ജീവിതമാകുന്ന പരീക്ഷ വളരെ ലളിതമാണ്. നമുക്കോരോരുത്തർക്കും ദൈവം വെവ്വേറെ ചോദ്യപേപ്പറാണ് നല്കുന്നത്. ഇതറിയാതെ നാം അടുത്തിരിക്കുന്നവന്റെ ഉത്തരം കോപ്പിയടിക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ് പലരും പരീക്ഷയിൽ തോൽക്കുന്നത്''. അതെ, പരാജയം പലപ്പോഴും നാം ഏറ്റുവാങ്ങുന്നതാണ്. മനുഷ്യന് അറിവും ബുദ്ധിയും ദൈവം നല്കിയിരിക്കുന്നത്, വിവേകത്തോടുകൂടി പെരുമാറാനും, പക്വതയോടെ കാര്യങ്ങളെ കൈകാര്യം ചെയ്യുവാനുമാണ്. എന്നാൽ അറിവും ബുദ്ധിയും വർദ്ധിച്ചിട്ടും, അഹങ്കാരത്തിലേക്കും ക്രൂരകൃത്യങ്ങളിലേക്കും ക്രിമിനൽ കുറ്റങ്ങളിലേക്കും പലരും തിരിയുന്നത്, അവരുടെ അറിവിനെ നന്മയുടെ വഴിയിലേക്ക് തിരിച്ചുവിടുവാനും പക്വതയോടെ ജീവിതത്തെ ക്രമീകരിക്കുവാനും സാധിക്കാത്തതുകൊണ്ടാണ്. അറിവ് കുറഞ്ഞതുകൊണ്ടല്ല ഇന്ന് കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതും, തിന്മകൾ പെരുകുന്നതും. എന്തു ചെയ്യണമെന്നും, എങ്ങനെ പെരുമാറണമെന്നും, എന്തെല്ലാം ചെയ്യാൻ പാടില്ലെന്നുമൊക്കെ വിവേകപൂർവ്വം ചിന്തിക്കുവാൻ കഴിയാത്തതുകൊണ്ടാണ്. Knowledge decides what to say, skill decides how to say, attitude decides how much to say, and wisdom decides whether to say or not.

അറിവും ബുദ്ധിയും വിദ്യാഭ്യാസവും കൊണ്ടുമാത്രം എല്ലാമായിയെന്ന് കരുതുന്നവരുണ്ട്. മനസ്സും ഹൃദയവും വളരാതെ തല മാത്രം വളരുന്നതിന്റെ ദൂഷ്യഫലങ്ങൾ നാം അനുദിനം കണ്ടുകൊണ്ടിരിക്കുന്നു. നമ്മുടെ നാട്ടിൽ നടക്കുന്ന അക്രമങ്ങളും കൊലപാതകങ്ങളും തീവ്രവാദപ്രവർത്തനങ്ങളും ആത്മഹത്യകളുമൊക്കെ അറിവില്ലായ്മയുടെ പരിണിത ഫലങ്ങളല്ല. അതിന്റെയൊക്കെ പിന്നിൽ പ്രവർത്തിക്കുന്നവരൊക്കെ വലിയ അറിവും വിദ്യാഭ്യാസവും ബുദ്ധിയും ഉള്ളവർതന്നെയാണ്. പക്ഷെ, അവർക്ക് തിരിച്ചറിവും, മൂല്യബോധത്തിൽ അധിഷ്ഠിതമായ ശിക്ഷണവും കാലാകാലങ്ങളിൽ ലഭിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. ഒരു സംഭവം ഓർക്കുന്നു, തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിൽ അദ്ധ്യാപകൻ ആയിരിക്കെ, ഒരിക്കൽ വൈദിക വിദ്യാർത്ഥികളെയുംകൊണ്ട് സെൻട്രൽ ജയിലിൽ, അവിടെയുള്ള അന്തേവാസികളുടെ സന്തോഷത്തിനായി, അന്തേവാസികളും വൈദിക വിദ്യാർത്ഥികളും തമ്മിലുള്ള ഒരു വോളിബോൾ മത്സരത്തിനായി പോയി. മത്സരം ആരംഭിച്ചതുമുതൽ തീരുന്നതുവരെ സാധാരണ കമന്റേറ്റർമാർ പറയുന്നതിനേക്കാൾ മനോഹരമായും ഭംഗിയായും കമന്ററി പറഞ്ഞത് ഉന്നത വിദ്യാഭ്യാസമുള്ള, പോസ്റ്റ് ഗ്രാജുവേഷൻ പൂർത്തിയാക്കിയ ഒരു അന്തേവാസിയാണെന്നത് ഞങ്ങളേവരെയും ഞെട്ടിച്ചു. വിദ്യാഭ്യാസ കുറവല്ല, ശിക്ഷയനുഭവിച്ച് അവിടെ അദ്ദേഹത്തെ കഴിയുവാൻ ഇടയാക്കിയത്. തലയ്ക്ക് മാത്രം വിദ്യാഭ്യാസവും അറിവും ലഭിക്കുകയും, ഹൃദയത്തെയും മനസ്സിനെയും അത് രൂപാന്തരപ്പെടുത്തുകയും ചെയ്യാതിരുന്നതിന്റെ ദൂഷ്യഫലം - ഹൃദയം ചുരുങ്ങുകയും തല മാത്രം വളരുകയും ചെയ്യുന്ന പരിശീലന പ്രക്രിയ - മൂല്യബോധം അല്പംപോലും ലഭ്യമാകാത്ത വിദ്യാഭ്യാസ പരിശീലനം. തലയ്ക്ക് കൊടുക്കുന്നതിനേക്കാൾ ഹൃദയത്തിന് കൊടുക്കുന്ന വിദ്യാഭ്യാസമാണ് യഥാർത്ഥ വിദ്യാഭ്യാസം.

വിദ്യാഭ്യാസത്തിലൂടെ നമുക്ക് ലഭിക്കുന്ന അറിവ് തിരിച്ചറിവിലേക്കും, തിരിച്ചറിവ് പക്വതയിലേക്കും, പക്വത ബോധ്യത്തിലേക്കും, ബോധ്യം നന്മയുടെ ജീവിതത്തിലേക്കും നമ്മെ നയിക്കണം. അത് വളർച്ചയുടെ ഒരു പ്രക്രിയയാണ്. വിദ്യാഭ്യാസത്തിലൂടെ പക്വതയും വിവേകവുമുണ്ടാകണം. അപ്പോൾ ചില സത്യങ്ങൾ നാം തിരിച്ചറിയും: ഒരുലക്ഷം രൂപയുടെ വാച്ച് കെട്ടിയാലും ആയിരം രൂപയുടെ വാച്ച് കെട്ടിയാലും ഒരേ സമയമാണ് സൂചിപ്പിക്കുന്നത്. മൂവായിരം രൂപയുടെയോ മുന്നൂറ് രൂപയുടെയോ പഴ്സ് ഉപയോഗിച്ചാലും അതിൽ സൂക്ഷിക്കുന്ന തുകയ്ക്ക് ഒരേ മൂല്യമാണ്. 50 ലക്ഷം രൂപ വിലയുള്ള കാറോ അഞ്ച് ലക്ഷം രൂപയുടെ കാറോ ആയാലും റോഡും ദൂരവും ഒന്നാണ്. താമസിക്കുന്ന വീട് പതിനായിരം ചതുരശ്ര അടിയുടെയോ ആയിരം ചതുരശ്ര അടിയുടെയോ വിസ്തീർണം ഉള്ളതായാലും കൂട്ടായ്മയില്ലെങ്കിൽ രണ്ടിലും ഒറ്റപ്പെടൽ അനുഭവപ്പെടാം - ഇതാണ് യഥാർത്ഥ തിരിച്ചറിവ്. ജീവിതത്തെക്കുറിച്ചുള്ള ചില അനിഷേധ്യ സത്യങ്ങളും നാം തിരിച്ചറിയണം. മക്കളെ സമ്പന്നരാകാൻ പഠിപ്പിക്കുന്നതിനുപകരം സന്തോഷത്തിൽ ജീവിക്കുവാൻ പഠിപ്പിക്കുക, അങ്ങനെയെങ്കിൽ അവർ വളർന്നു വരുമ്പോൾ മൂല്യങ്ങൾക്ക് വില കല്പിക്കും, മനുഷ്യത്വമുള്ളവരായി ജീവിക്കുകയും ചെയ്യും. മനുഷ്യനായിരിക്കുന്നതും മനുഷ്യത്വമുള്ളവനായിരിക്കുന്നതും തമ്മിൽ



www.malankaralibrary.com

വ്യത്യാസമുണ്ട്. മനുഷ്യനായിരിക്കുന്നത് സ്വാഭാവികവും എളുപ്പവും ഉള്ളതാണ്. എന്നാൽ മനുഷ്യത്വമുള്ളവനായി ജീവിക്കണമെങ്കിൽ മൂല്യങ്ങളിൽ അധിഷ്ഠിതമായ ജീവിതം നയിക്കുന്നവർക്കേ സാധിക്കൂ.

ശാസ്ത്രസാങ്കേതിക വിദ്യകളിലും സമ്പത്തിലും ലോകം ഏറെ മുന്നേറി കഴിഞ്ഞുവെങ്കിലും, എന്തോ ഒരു കുറവ് എല്ലായിടത്തും ഉണ്ട്. ഈ അടുത്ത സമയത്ത് ഫാ. വർഗീസ് കളീയ്ക്കൽ പങ്കുവച്ച മനോഹരമായ ഒരു നർമ്മചിന്ത, ചിന്തോദ്ദീപകമായ സന്ദേശം നല്കുന്ന ഒന്നാകയാൽ ഇവിടെ ചേർക്കട്ടെ: പണവും സാങ്കേതികവിദ്യകളും more ആയപ്പോൾ പലതും less ആയിപ്പോയി. പാചകം fireless ആയപ്പോൾ തീ വേണ്ടാതായി. കാറുകൾ keyless ആയപ്പോൾ താക്കോൽ വേണ്ടാതായി. ഫോണുകൾ codeless ആയപ്പോൾ കേബിൾ വേണ്ടാതായി. മധുരം sugarless ആയപ്പോൾ പ്രമേഹരോഗികൾക്കും കഴിക്കാമെന്നായി. ആരാധനാലയങ്ങൾ crowdless ആയപ്പോൾ ആളുകൾ ഇല്ലാതായി. വിനിമയങ്ങൾ cashless ആയപ്പോൾ പെട്ടിക്കകത്ത് ക്യാഷും ചെക്കുമായി നടക്കേണ്ട ആവശ്യമില്ലാതായി. ചിന്തകൾ careless ആയപ്പോൾ വാദമുഖങ്ങൾ baseless ആയി. ആക്രാന്തം ഏറിയപ്പോൾ വാങ്ങിക്കൂട്ടിയ പലതും ഇന്ന് useless ആയി. ബന്ധങ്ങൾ meaningless ആയപ്പോൾ അർത്ഥമില്ലാത്ത ബന്ധങ്ങളിലേക്ക് എത്തപ്പെട്ടു. രാഷ്ട്രീയം truthless ആയപ്പോൾ അത് സത്യസന്ധമല്ലാതായി മാറി. മതങ്ങൾ aimless ആയപ്പോൾ ലക്ഷ്യങ്ങളിൽനിന്ന് അകന്നു. പലതും less ആയതിന്റെ അടിസ്ഥാന കാരണം നമ്മിൽ പലരും Godless ആയി മാറിയതാണ്. less എന്നത് ഒരു നെഗറ്റീവ് വാക്കാണ്. പലതും നെഗറ്റീവായപ്പോൾ കോവിഡ് പോസിറ്റീവായി എന്നത് ഓർക്കുക.

സന്തോഷവും ആനന്ദവും നാം അറിയാതെ നേടുന്നതല്ല, വെറുതെയുണ്ടാകുന്നതുമല്ല. അത് നാം ഉണ്ടാക്കേണ്ടതും കണ്ടെത്തേണ്ടതുമാണ് - happiness is not by chance, but by choice. പ്രതികൂല സാഹചര്യത്തിലും, നാം എന്ത് തിരഞ്ഞെടുക്കുന്നു, എന്ത് മനോഭാവം ഉൾക്കൊള്ളുന്നു, എന്ത് സമീപനം സ്വീകരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് സന്തോഷത്തിന്റെ അളവ്. എനിക്ക് കൂടുതൽ സന്തോഷവും സമാധാനവും നല്കണമെ എന്ന് നാം പ്രാർത്ഥിക്കും. എന്നാൽ ദൈവം പറയും, ഞാനല്ല, നീതന്നെ അത് നിന്റെ ജീവിതത്തിൽ കണ്ടെത്തണമെന്ന്. തിന്മയുടെ വഴിയും ദുർന്നടപ്പുകളും മാറ്റാൻ നാം ദൈവത്തോട് ആവശ്യപ്പെടും. എന്നാൽ ദൈവം പറയും, ഞാനല്ല, നീതന്നെ അവ എടുത്തു മാറ്റണമെന്ന്. പരിഹാരം കണ്ടെത്തേണ്ടത് നാംതന്നെയാണ്. Mathematics may not teach us how to add happiness, or how to minus sadness. But it teaches one important thing - every problem has a solution (കണക്ക് നമ്മെ സന്തോഷം കൂട്ടുവാനോ, ദുഃഖങ്ങൾ കുറയ്ക്കുവാനോ പഠിപ്പിച്ചെന്നു വരില്ല. എന്നാൽ അത് നമ്മെ പഠിപ്പിക്കുന്ന ഒരു പ്രധാന കാര്യമുണ്ട് - ഓരോ പ്രശ്നത്തിനും ഒരു പരിഹാരം ഉണ്ട്).

ദൈവം മനുഷ്യനായി ഭൂമിയിലേക്ക് ഇറങ്ങി വന്നതും, അവസാനം കുരിശിൽ മരിച്ചതും പരാജയമായി കരുതുന്ന ചിലരെങ്കിലും ഉണ്ടാവാം. പക്ഷെ അതിലൂടെ ദൈവം പഠിപ്പിച്ച പാഠം എന്താണ്? എത്രയും ചെറുതാകുന്നതാണ് ജീവിതത്തിന്റെ വലുപ്പമെന്ന്. 'ഇത്ര ചെറുതാകാൻ എത്ര വളരേണം'. ദൈവം എത്ര ചെറുതായി ഭൂമിയിൽ അവതരിച്ചു - സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്ക് ഇറങ്ങി വരുവാനുള്ള ദൈവഹിതത്തിന്റെ വലുപ്പം നാം യേശുവിന്റെ ജനനത്തിൽ കാണുന്നു. ''ദൈവത്തിന്റെ രൂപത്തിൽ ആയിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിക്കാതെ, തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു. മരണം വരെ - അതെ കുരിശുമരണം വരെ - അനുസരണയുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു'' (ഫിലി. 2:6-8). തന്നെത്തന്നെ താഴ്ത്തിയവനെ ദൈവം അത്യധികം ഉയർത്തി. വലുതാകാനുള്ള ഏക മാർഗ്ഗം ചെറുതാകുക എന്നതാണെന്ന് ദൈവംതന്നെ പഠിപ്പിച്ചു. ഒരു കാലിക്കൂട്ടിൽ പിറക്കുവാൻ കാണിച്ച മനസ്സിന്റെ വലുപ്പം, മാതാപിതാക്കൾക്ക് വിധേയപ്പെട്ട് എളിയവനായി ജീവിച്ചതിന്റെ വലുപ്പം, പരിത്യക്തരുടെയും പാർശ്വവല്ക്കരിക്കപ്പെട്ടവരുടെയും ഇടയിലുള്ള ജീവിതത്തിന്റെ വലുപ്പം, ലോകരക്ഷയ്ക്കുവേണ്ടി സഹിക്കുവാനും ചമ്മട്ടിയടികൾ ഏല്ക്കുവാനും വേദനകൾ ഏറ്റുവാങ്ങുവാനും കാണിച്ച മനസ്സിന്റെ വലുപ്പം, മനുഷ്യന്റെ ബലഹീന ദൃഷ്ടിയിൽ ഭോഷത്തമായ കുരിശിൽ മരിക്കുവാൻ തിരുഹിതമായതിന്റെ വലുപ്പം, ഉപേക്ഷിക്കപ്പെട്ട കല്ലറയിൽ കബറടങ്ങാൻ തിരുവുള്ളമായതിന്റെ വലുപ്പം - ഈ ചെറുതാകലിന്റെ ജീവിതയാത്രയാണ് മഹത്വത്തിന്റെ ഉത്ഥാനത്തിലേക്ക് എത്തിച്ചേരുവാൻ ദൈവപുത്രന് ഇടയാക്കിയത്. തന്നെത്തന്നെ താഴ്ത്തിയവനെ ദൈവം അത്യധികം ഉയർത്തി. ക്രിസ്മസ് നമ്മോട്, കൂടുതൽ ചെറുതാകാൻ, എളിയവരാകാൻ, വിനയമുള്ളവരാകാൻ ആവശ്യപ്പെടുന്നു. എളിമപ്പെടുന്നതും വിനയപ്പെടുന്നതും പരാജിതന്റെ ലക്ഷണമല്ല, വിവേകമുള്ളവന്റെ അടയാളമുദ്രയാണ്. ചെറുതാകുന്നത് പരാജയമല്ല, മറിച്ച് അതൊരു വിജയ ഘോഷയാത്രയാണ്. ചെറിയവനായി പുല്ക്കൂട്ടിൽ അവതരിച്ച ദൈവപുത്രൻ മഹത്വമുള്ളവനായി ഉയർത്തെഴുന്നേറ്റു. ക്രിസ്മസിന്റെ അർത്ഥം പൂർണ്ണമാകുന്നത് ഉയിർപ്പിന്റെ സന്ദേശത്തിലാണ്.


ഏവർക്കും ക്രിസ്മസ് - പുതുവത്സര ആശംസകൾ.

**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**



www.malankaralibrary.com

# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

ദൈവവും മനുഷ്യനുമായ യേശു ക്രിസ്തുവിന്റെ ആളത്വത്തെ ആഴമായി അറിയുവാൻ ദൈവം ഒരുക്കുന്ന അവസരമാണ് ആഗമനകാലം. വിശ്വാസത്തിന്റെ കണ്ണുകൾക്കു മാത്രമെ യേശുക്രിസ്തുവിന്റെ യഥാർത്ഥ വ്യക്തിത്വം മനസ്സിലാക്കുവാൻ കഴിയൂ. മനുഷ്യന്റെ സ്വാഭാവിക ചിന്തകൾക്കും, ബൗദ്ധിക അന്വേഷണങ്ങൾക്കും കാര്യങ്ങൾ മനസിലാക്കുവാൻ കഴിയാത്തപ്പോഴാണ് ഉൾക്കണ്ണുകൾ തുറന്നു കാണേണ്ടത്. വിശ്വാസം ഉൾക്കണ്ണാണ്. മനുഷ്യജീവിതത്തിന്റെ വിവിധ ഘട്ടങ്ങളും അവസ്ഥകളും മനസിലാക്കുവാൻ സ്വാഭാവികബുദ്ധി പരാജയപ്പെടുന്നിടത്തല്ലേ വിശ്വാസത്തിന്റെ കണ്ണുകൾ തുറക്കേണ്ടത്. യുക്തിയുടെ തുടക്കം മുതൽ അത് സംഭവിക്കണം. ഓരോ ശാസ്ത്രത്തിനും അതതിന്റേതായ നിയതമായ മാർഗ്ഗരേഖകൾ ഉണ്ട്. അതിലൂടെ സഞ്ചരിക്കുമ്പോൾ മാത്രമെ അവ മനസിലാകുകയുള്ളൂ. അതിസൂക്ഷ്മമായ അണുക്കളെ കാണാൻ അതിനു ശേഷിയുള്ള ഉപകരണങ്ങൾ വേണം, നഗ്നമായ കണ്ണുകൾകൊണ്ട് സാദ്ധ്യമല്ല. സ്വാഭാവിക കാഴ്ചകൾപോലും ചിലപ്പോൾ അബദ്ധത്തിലേക്കു നയിക്കാം. ഇരുണ്ട വെളിച്ചത്തിൽ കണ്ട വാഴത്തട പാമ്പാണ് എന്ന് തെറ്റിദ്ധരിച്ച് അലറിക്കരയുന്ന മനുഷ്യരെ കണ്ടിട്ടില്ലേ?. വെളിച്ചം എല്ലാവർക്കും ആവശ്യമാണ്. അതു കണ്ണുകൾക്കു മാത്രമല്ല, ബുദ്ധിക്കും മനോഭാവങ്ങൾക്കും, ആത്മീകതയ്ക്കും, ശാസ്ത്രത്തിനും, ഭൗതീകകാര്യങ്ങൾക്കുമെല്ലാം. മനുഷ്യന്റെ ഭൗതീക മേഖലപോലെതന്നെ വിശാലവും പ്രാധാന്യമേറിയതുമാണ് അവന്റെ ആത്മീകമേഖല. ആത്മീക-ഭൗതീക ഭാവങ്ങൾ സമഗ്രമായി മനസിലാക്കുവാനും ഒരുപോലെ കൊണ്ടുപോകുവാനും കഴിയണം. ഇവ യഥാർത്ഥത്തിൽ രണ്ടല്ല - ഒന്നിന്റെ വ്യത്യസ്ഥ അർത്ഥതലമാണ്. പണം ഒരുവന് പ്രശസ്തിക്കും സുഖലോലുപതയ്ക്കും ഉപാധിയാണെങ്കിൽ, മറ്റൊരുവൻ അത് സമൂഹസൃഷ്ടിക്കുള്ള നല്ല ശേഷിയായി കാണുന്നു. ഉദാഹരണത്തിന്, അഞ്ച് രൂപയുമായി ലോറേറ്റോ കോൺവന്റ് വിട്ട മദർ തെരേസായ്ക്ക് തന്റേതായിട്ടുണ്ടായിരുന്നത് 'കുരിശിൽ എനിക്കു ദാഹിക്കുന്നു' എന്നു പറഞ്ഞ ആത്മനാഥനായിരുന്നു. അങ്ങനെ 173 രാജ്യങ്ങളിൽ പാവപ്പെട്ടവരുടെ ശുശ്രൂഷയ്ക്ക് ഭരണകർത്താക്കൾ വിളിച്ചുവരുത്തിയത് ഈ അമ്മയെ ആയിരുന്നു.

ക്രൈസ്തവ ജീവിതത്തിന്റെ ആണിക്കല്ല് ദൈവീകവെളിപാടാണ്. ദൈവം തന്റെ സ്നേഹം നിമിത്തം പ്രപഞ്ചത്തെയും അതിലുള്ള സമസ്ത വസ്തുക്കളെയും സൃഷ്ടിച്ചു; സ്നേഹം പങ്കുവയ്ക്കുന്നതിന് മനുഷ്യനെയും. ദൈവത്തെ അറിയുവാനും ദൈവീക ബന്ധത്തിലേക്ക് എത്തുന്നതിനും മനുഷ്യനു ദൈവം സാദ്ധ്യത കൊടുത്തു. ഏറ്റം നല്ലതും, പ്രയോജനപ്രദവും ആഹ്ളാദകരവുമായതിനെ മനുഷ്യനു സ്വയമേവ സ്വീകരിക്കുവാനുള്ള സാദ്ധ്യത. ആദ്യമനുഷ്യന്റെ വാസം ദൈവത്തോടൊപ്പവും പൂർണ്ണമായ ദൈവാനുഗ്രഹത്തിലും ആയിരുന്നിട്ടും അവൻ ദൈവസാമിപ്യം ഉപേക്ഷിച്ച് തെറ്റുചെയ്ത് നിഷ്കാസിതനായി. ദൈവീക സാമിപ്യത്തേക്കാൾ താത്കാലികമായിട്ടെങ്കിലും മനുഷ്യൻ തിന്മ ഇഷ്ടപ്പെട്ടു. എന്നാൽ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ആദാമിനെ രക്ഷിക്കാൻ ദൈവം മനുഷ്യനായി പിറക്കുന്നു. തന്റെ ഒപ്പം അവനു പറുദീസാ സന്തോഷം നൽകുന്നു. ദൈവമില്ലെങ്കിൽ മനുഷ്യസന്തോഷമില്ല. ദൈവം നമ്മോടുകൂടെ ഉണ്ടാകുക എന്നതാണ് സന്തോഷത്തിന്റെ കാരണം. മനുഷ്യൻ നന്മയിലേക്കും ദൈവീകതയിലേക്കും ആഭിമുഖ്യമുള്ളവനാണ്. കാരണം അവന് ആത്യന്തിക നന്മയെ തിരസ്കരിക്കാനോ നിരാകരിക്കാനോ കഴിയില്ല. പൊതുവെ മനുഷ്യൻ ദൈവവിശ്വാസിയാണ്. അവനു ദൈവത്തിൽ വിശ്വസിക്കാതിരിക്കുവാനാണ് കൂടുതൽ ബുദ്ധിമുട്ടേണ്ടത് - കാരണം എല്ലാം ദൈവാസ്ഥിത്വത്തിലേക്കു വിരൽ ചൂണ്ടുന്നു. പുല്ലിലും പൂവിലും, തൂണിലും, തുരുമ്പിലും മറഞ്ഞിരിക്കുന്ന ദൈവത്തെപ്പറ്റി ഈ നാടിന്റെ മാമുനിമാർ നമ്മെ പഠിപ്പിച്ചു: 'ഈശാവാസ്യം ഇദം സർവ്വം' എന്നത് ഉപനിഷത്തിന്റെ ആദ്യ പല്ലവിയാണ്. ദൈവം നിറഞ്ഞുനിൽക്കുന്ന പ്രപഞ്ചം - സർവ്വതും അവനാണ് എന്ന ഉദാത്തഭാവം.

ക്രൈസ്തവ വിശ്വാസത്തിൽ ദൈവം മനുഷ്യനെ തേടുന്ന സത്യമാണുള്ളത്. മനുഷ്യൻ പാപം ചെയ്ത് ദൈവസാന്നിദ്ധ്യം ഉപേക്ഷിച്ചുപോയി, എങ്കിലും അവനെ തേടിപ്പോകുന്ന ദൈവത്തെയാണ് ബൈബിളിൽ കാണുന്നത്. മനുഷ്യനിലെ അപാരമായ നന്മകളിൽ വിശ്വാസം ഉള്ള ദൈവം. ഒരർത്ഥത്തിൽ തന്നോളം വളരുവാൻ മനുഷ്യന് സ്വാതന്ത്ര്യം നൽകുന്ന ദൈവം. മനുഷ്യനെ വിശ്വസിക്കുന്ന ദൈവം. ഇതു മനുഷ്യൻ ചിന്തിച്ചെടുത്ത ഒരു ദൈവചിത്രമല്ല - ദൈവം തന്നത്താൻ ആരാണെന്ന് ചരിത്രത്തിൽ തെളിവായി കാണിച്ചു തന്നിരിക്കുന്നു. മനുഷ്യന്റെ ദൈവചിത്രം പലപ്പോഴും ഒരു സൂപ്പർമാന്റെ ചിത്രമാണ്. അതിമാനുഷീക കഴിവുള്ള, എല്ലാം ചൊൽപ്പടിയിൽ നിർത്തുന്ന, അത്ഭുതസിദ്ധികൊണ്ട് എല്ലാം നിയന്ത്രിക്കുന്ന, എതിരാളികളെ നിഷ്ക്കരുണം ഇല്ലാതാക്കുന്ന, എന്നുവേണ്ട എന്തെല്ലാം മാനുഷിക വിശേഷണങ്ങളുണ്ടോ അവയുടെയെല്ലാം superlative form. ദൈവം ആരെന്ന് ദൈവമാണ് പറയേണ്ടത്. മനുഷ്യൻ വിശ്വാസത്തോടെ പിൻചെന്നാൽ ഈ ദൈവത്തെ കണ്ടുമുട്ടുവാൻ - അനുഭവിക്കുവാൻ കഴിയും. ക്രിസ്തുമസ് അതാണ്. സങ്കൽപ്പങ്ങളോ മനുഷ്യബുദ്ധിയുടെ കണ്ടെത്തലു



www.malankaralibrary.com

കളോ അല്ല, പച്ചയായ മനുഷ്യന്റെ കണ്ണുകൾക്കു മുമ്പിൽ അവതരിക്കുന്ന ദൈവീക കാരുണ്യം. വി. ലൂക്കായുടെ സുവിശേഷത്തിൽ മനോഹരമായ വിവരണമാണ് നാം കാണുക. അവിടെ രണ്ട് രാജാക്കന്മാരെ നമുക്കു കാണാൻ കഴിയും - റോമാചക്രവർത്തി സീസറിന്റെ അംഗീകാരമുള്ള ഹേറോദേസ് - ജനങ്ങളെ അടക്കി ഭരിക്കുന്നവൻ; ധാരാളം പടയാളികൾ ഉള്ളവൻ; രാജകൊട്ടാരത്തിന്റെ സുരക്ഷിതത്വത്തിൽ കഴിയുന്ന വ്യക്തി; തിന്നു കുടിച്ച് ഉന്മത്തനാകുന്നവൻ; എല്ലാവരും തനിക്കുവേണ്ടി നിലകൊള്ളുന്നു - താൻ കേന്ദ്രീകൃതമായി സർവ്വതും. ഇതിൽനിന്നും വ്യത്യസ്ഥമായ മറ്റൊരു രാജാവിനെ നമുക്കുകാണാൻ കഴിയുന്നു: കാരണം 1) അവൻ പിറന്നു വീണത് കാലികളുടെ കൂട്ടിൽ 2) അവന്റെ സുരക്ഷിതത്വത്തിനാരും കാവലായിട്ടില്ല. 3) മാലാഖമാരുടെ വ്യൂഹമാണ് അവനുള്ളത്. 4) അവന് കീറ്റുശീലകളാണ് ശരീരം മറയ്ക്കാനുള്ളത്. 5) അവൻ പുൽത്തൊട്ടിയിൽ കിടക്കുകയാണ്. അതായത് അവൻ ഭക്ഷണമാണെന്ന് തെളിയിക്കുന്നു. അന്ത്യഅത്താഴസമയത്ത് ഇതാണല്ലോ സംഭവിച്ചത്. ചരിത്രത്തിലെ ദൈവത്തിന്റെ സ്വഭാവം കരുണയുടേതാണ്; സ്നേഹത്തിന്റേതാണ്; ആരെയും തോല്പിക്കുന്നതിന്റേയോ കീഴ്പ്പെടുത്തുന്നതിന്റേയോ അല്ല - സ്വയം തോൽക്കുന്ന ദൈവം; മനുഷ്യനെ തന്നോടൊപ്പം വളർത്തുന്ന ദൈവം. വി. ഐറേനിയസ് പറയുന്നതുപോലെ, God's glory is man being fully alive. ദൈവം നമ്മുടെ ഭാഗവും ഭാഗധേയവുമാണ്. ദൈവം മനുഷ്യനായത് നമ്മെ ദൈവമക്കൾ ആക്കുന്നതിനായിരുന്നു. ഇതിന് പൗരസ്ത്യ സഭകളുടെ ദർശനത്തിൽ Deification എന്നാണ് പറയുക. "God became man so that man may become God" (St. Athanasius).ആദത്തിന്റെ പാപം ദൈവത്തെപ്പോലെ ആകാൻ ശ്രമിച്ചതിലായിരുന്നല്ലോ. സാത്താൻ കുടില തന്ത്രങ്ങൾ മെനഞ്ഞ് അവനെ ദൈവത്തിൽനിന്നും അകറ്റിയപ്പോൾ അവന്റെ ആഗ്രഹവും ദൈവം സാധിച്ചുകൊടുത്തു. ഇത് സാദ്ധ്യമായത് ദൈവം മനുഷ്യനായതുകൊണ്ടാണ്. അതാണ് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം.

വി. അമ്മത്രേസ്യായുടെ ഒരു പ്രധാന ആപ്ത വാക്യം ഓർക്കുന്നു- "Let God be God". ദൈവത്തെ domesticate ചെയ്യരുത്. അതായത് നമ്മുടെ രീതികൾക്കും ജല്പനങ്ങൾക്കും ചേരുന്ന രീതിയിൽ മെരുക്കാൻ ശ്രമിക്കരുത്. നാം ഇന്നു കാണുന്ന ദൈവത്തിന്റെ പേരിലുള്ള ആക്രമണങ്ങളും, ഭീകരപ്രവർത്തനങ്ങളും ചേരിതിരിവുകളും പരലോകത്ത് ലഭിക്കുമെന്നു പറയുന്ന ഭൗതീകമായ സുഖവാഗ്ദാനങ്ങളും, ദൈവത്തെ മാനുഷീക ബുദ്ധിയിലും രാഷ്ട്രീയ മുതലെടുപ്പുകൾക്കുവേണ്ടിയും ദുരുപയോഗിച്ചതുകൊണ്ടും പണവും മറ്റു സ്വാധീനവുംവഴി ഇവ നേടിയെടുക്കാൻ ശ്രമിച്ചതുകൊണ്ടുമാണ്. പരി. ഫ്രാൻസിസ് മാർപാപ്പയുടെ 'നാം എല്ലാം സഹോദരങ്ങൾ' - Fratelli tutti എന്ന ചാക്രികലേഖനം ഈ ദൈവീക ആവിഷ്കാരത്തിന്റെ ബാഹ്യമായ രൂപമാണ്. നമുക്കു മറ്റുള്ളവരിൽ യേശുവിനെയും, യേശുവിനെ മറ്റുള്ളവരിലും കാണാൻ കഴിയുന്നു. ഇത് വിപ്ലവാത്മകമായ ദർശനമാണ്. വി. മദർ തെരേസാ പറയും, ഞാൻ വിശുദ്ധ കുർബാനയിൽ പാവപ്പെട്ടവരേയും പാവപ്പെട്ടവരിൽ യേശുവിനെയും കാണുന്നു. അതെ, യേശു അതുപോലെ നമുക്കു ദൈവത്തെയും ദൈവത്തിൽ നമ്മെയും സംയോജിപ്പിക്കുന്നു. മനുഷ്യാവതാരത്തിന്റെ ഏറ്റം നല്ല ഫലമാണിത്. മനുഷ്യാവതാരം പാപത്തിൽനിന്നുള്ള രക്ഷ മാത്രമല്ല - മറിച്ച് ദൈവീകതയിലുള്ള അനുഭവമാണ്. നമ്മുടെ പൂർണ്ണതയും മഹത്വീകരണവും സംഭവിക്കുന്നത് ഈ വലിയ തിരുനാളിലാണ്. പിതാവിന്റെ സ്നേഹത്തിൽ യേശുക്രിസ്തു നമ്മെ ലയിപ്പിച്ച്, പരി. ആത്മാവു നമ്മെ ഉജ്ജ്വലിപ്പിക്കുന്ന വലിയ സംഗമം. ഉലയിലെ തീയിൽ പ്രോജ്ജ്വലിക്കുന്ന ഇരുമ്പുകക്ഷണംപോലെ - തീയും ഇരുമ്പും വേർതിരിക്കാമെങ്കിലും സ്വഭാവത്തിൽ ഒന്നായിതീരുന്നു. എത്ര മഹത്തരം.

### മലങ്കര മാർത്തോമ മെത്രാപ്പോലീത്ത

മലങ്കര മാർത്തോമ സുറിയാനിസഭയുടെ 22-ാം മാർത്തോമ്മയായി ചുമതലയേറ്റ അഭി. ഗീവർഗീസ് മാർ തിയഡോഷ്യസ് തിരുമേനിക്ക് തിരുവല്ല അതിഭദ്രാസനത്തിന്റെ എല്ലാവിധ ആശംസകളും പ്രാർത്ഥനയും നേരുന്നു. ആത്മീകമായ തലങ്ങളിലും സാമ്പത്തിക തലങ്ങളിലും വന്നുകൊണ്ടിരിക്കുന്ന വെല്ലുവിളികളും, മാറ്റങ്ങളും, അസ്വസ്ഥതകളും, കുഞ്ഞുങ്ങളുടെ ജീവിതത്തിലെ സാമൂഹികമായ ഒറ്റപ്പെടലും, വിദ്യാഭ്യാസ മേഖലയിൽ വരുന്ന മാറ്റങ്ങളും വലിയ ഭാരങ്ങൾ സമൂഹത്തിന്റെമേൽ ഏല്പിക്കുന്നു. പുലാത്തീനിൽ വസിച്ചിരുന്ന തിരുമേനിമാർ എന്നും, കാലഘട്ടത്തിനു ദർശനം കൊടുത്തിരുന്നവരാണ്. അധികം അറിയാൻ കഴിഞ്ഞിട്ടില്ലാത്ത, എന്നാൽ അറിയുംതോറും അടുക്കാൻ നിർബ്ബന്ധിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമയായി തിയഡോഷ്യസ് തിരുമേനിയെ മനസിലാക്കുന്നു. സാമൂഹികമേഖലയിൽ, പ്രത്യേകിച്ചും അടിച്ചമർത്തലിന്റെ, വർഗ്ഗ-വർണ്ണ വിവേചനങ്ങളുടെ നൊമ്പരങ്ങൾ അനുഭവിച്ച സമൂഹത്തിന് ദൈവീകതയിൽ ഊന്നിയ വിമോചനം പ്രഖ്യാപിച്ച ശ്രീനാരായണ ഗുരുസ്വാമിയുടെ ദർശനങ്ങളിൽ ഡോക്ടറേറ്റു കരസ്ഥമാക്കിയ തിരുമേനിയാണ് മാർത്തോമാസഭയ്ക്കു നേതൃത്വം നൽകുന്നതെന്നത് വലിയ ഒരു സൂചനയാണ്. പാവപ്പെട്ടവരുടെ കണ്ണുനീരിൽ വിമോചനത്തിന്റെ സങ്കീർത്തനം കുറിക്കുവാൻ കഴിയുമ്പോൾ ഒരുവൻ യേശുക്രിസ്തുവിന്റെ ഉത്തമ ശിഷ്യനാകും. പാവപ്പെട്ടവർക്കുവേണ്ടിയുള്ള നിലപാടു മാത്രമല്ല, പാവപ്പെട്ടവനാകുവാനുള്ള നിയോഗം സ്വന്തമാക്കുന്ന ശൈലി സമൂഹത്തിന് ആകമാനം പ്രതീക്ഷ ഉണർത്തുന്നതാണ്. ഭാരതത്തിന്റെ സംസ്കാരത്തിനും ഭരണഘടനയുടെ കെട്ടുറപ്പിനും രാജ്യത്തിന്റെ അഖണ്ഡതയ്ക്കും എന്നും മുൻതൂക്കം കൊടുത്തിരുന്ന മാർത്തോമാസഭയുടെ പുതിയ സാരഥിക്ക് എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു. എക്യൂമെനിക്കൽ പ്രസ്ഥാനത്തിനു കേൾവികേട്ട തിരുവല്ലയിൽ സഭകളുടെ ഐക്യത്തിനുവേണ്ടി നേതൃത്വം നൽകുവാനും, ധാർമ്മികമായും വിശ്വാസപരമായും സഭകളുടെ ഐക്യം കാത്തുപരിപാലിക്കുവാനും ലഭിക്കുന്ന ഈ വലിയ അവസരം മാർത്തോമാസഭയ്ക്ക് മാത്രമല്ല, ക്രിസ്തീയ സഭകൾക്കാകമാനവും സർവ്വജനത്തിനും അനുഗ്രഹത്തിനായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തൊട്ടടുത്ത അയൽക്കാരൻ എന്ന നിലയിൽ അഭി. പിതാവിന് എല്ലാ പിന്തുണയും അറിയിക്കുന്നു.



www.malankaralibrary.com

# മനുഷ്യാവതാരം: ദൈവത്തിന്റെ സ്നേഹ സമ്മാനം



**ഫാ. ഡോ. ജോളി കരിമ്പിൽ**
(സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, തിരുവനന്തപുരം)

ക്രിസ്തുമസ് തിരുനാളിൽ ദൈവം മനുഷ്യനായി പിറന്നു എന്ന മഹാ സംഭവത്തെ നാം ആഘോഷിക്കുന്നു. ദൈവം എന്തിന് മനുഷ്യനായി എന്ന ചോദ്യത്തിന് പൊതുവേ നാം കേൾക്കുന്ന ഉത്തരം - പാപം മൂലം തന്നിൽനിന്ന് അകൽച്ചയിലായിരുന്ന മനുഷ്യനെ രക്ഷിക്കുന്നതിന് ദൈവം മനുഷ്യനായി പിറന്നു എന്നാണ്. വിശുദ്ധ ഗ്രന്ഥത്തിലും നമ്മുടെ ആരാധനക്രമത്തിലെ പ്രാർത്ഥനകളിലും നാം ഇത് വളരെ വ്യക്തമായി കാണുന്നു. എന്നാൽ, മനുഷ്യന്റെ പാപമാണോ മനുഷ്യാവതാരത്തിന്റെ ഏക കാരണം എന്ന ചോദ്യത്തിന് ഉത്തരമായി ചരിത്രത്തിൽ രണ്ട് വിചാരധാരകൾ കാണാൻ കഴിയും. രക്ഷകൻ പാപത്തിൽനിന്നും മരണത്തിൽനിന്നും സാത്താനിൽനിന്നും മനുഷ്യനെ രക്ഷിച്ചു, അതുകൊണ്ട് മനുഷ്യന്റെ പാപത്തിന്റെ ഫലമായിട്ടാണ് ദൈവപുത്രൻ മനുഷ്യനായിതീർന്നത് എന്ന് വിശ്വസിക്കുന്നവർ ഏറെയുണ്ട്. എന്നാൽ, മനുഷ്യൻ പാപം ചെയ്തില്ലായിരുന്നുവെങ്കിലും ദൈവം മനുഷ്യൻ ആകുമായിരുന്നു എന്ന് വാദിക്കുന്നവരുമുണ്ട്. കാരണമായി അവർ പറയുന്നത് - ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ക്രിസ്തുവിനെ മുന്നിൽ കണ്ടു




www.malankaralibrary.com

കൊണ്ടാണ്. ദൈവവും മനുഷ്യനും ഒരു വ്യക്തിയിൽ യോജിക്കുന്നു, അങ്ങനെ മനുഷ്യനെ ദൈവികജീവനിൽ പങ്കുകാരാക്കുന്നു. അതുകൊണ്ട് മനുഷ്യാവതാരം പാപത്തെ ആശ്രയിച്ചല്ല. ഇങ്ങനെ വാദിക്കുന്നവർ ക്രിസ്തുവിന് പ്രാമുഖ്യം നല്കുന്നു. രണ്ടാമത്തെ വാദത്തെ വിശകലനം ചെയ്യുക എന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

നിഖ്യാ വിശ്വാസപ്രമാണത്തിൽ നാം ഇപ്രകാരം ഉദ്ഘോഷിക്കുന്നു: 'മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി, പരിശുദ്ധ റൂഹായിൽനിന്നും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽനിന്നും ശരീരിയായിത്തീർന്നു മനുഷ്യനായി.' യേശുക്രിസ്തു ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണെന്ന് യോഹ. 1:29 ൽ നാം കാണുന്നു. മനുഷ്യവംശത്തിന്റെ പാപപരിഹാരത്തിനായി ദൈവം സ്വപുത്രനെ അയച്ചു. വചനം മാംസമായത് എന്തിന് എന്ന ചോദ്യത്തിന് ഉത്തരമായി കത്തോലിക്കാസഭയുടെ സാർവ്വത്രിക മതബോധനഗ്രന്ഥം വളരെ വ്യക്തമായി പഠിപ്പിക്കുന്നു: 'പാപങ്ങൾ നിവാരണം ചെയ്യാനായി അവിടുന്ന് ആഗതനായി' (no. 457). അതേസമയംതന്നെ വചനം മാംസമായത് എന്തിന്, എന്ന ചോദ്യത്തിന് ഉത്തരമായി മതബോധനഗ്രന്ഥം 460-ാം ഖണ്ഡികയിൽ ഇപ്രകാരം പഠിപ്പിക്കുന്നു: 'ദൈവപ്രകൃതിയിൽ നമ്മെ ഭാഗഭാക്കുകളാക്കുവാൻ വേണ്ടിയാണു' വചനം മാംസം ധരിച്ചത്. ദൈവവചനം മനുഷ്യനായി; ദൈവപുത്രൻ മനുഷ്യപുത്രനായി. ദൈവവചനവുമായി ഐക്യപ്പെടുന്നതിലൂടെയും അങ്ങനെ ദത്തുപുത്രസ്ഥാനം സ്വീകരിക്കുന്നതിലൂടെയും മനുഷ്യൻ ദൈവപുത്രനായിത്തീരുന്നതിനുവേണ്ടിയാണിത്. നമ്മൾ ദൈവങ്ങളായിത്തീരാനായി അവിടുന്നു മനുഷ്യനായി. തന്റെ ദൈവത്വത്തിൽ നമ്മളെ ഭാഗഭാക്കുകളാക്കാൻ ആഗ്രഹിച്ചുകൊണ്ട്, ദൈവത്തിന്റെ ഏകപുത്രൻ നമ്മുടെ പ്രകൃതി സ്വീകരിച്ചു: മനുഷ്യരെ ദൈവങ്ങളാക്കിത്തീർക്കാൻവേണ്ടി അവിടുന്നു മനുഷ്യനായി.' വി. പത്രോസിന്റെ രണ്ടാം ലേഖനവും (2 പത്രോ. 1:4), വി. ഐറേനിയസ്, വി. അത്തനാസിയോസ് എന്നീ സഭാപിതാക്കൻമാരേയും ഉദ്ധരിച്ചാണ് മതബോധനഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നത്. ദൈവം മനുഷ്യനായിത്തീരുകയും, പാപത്തിൽനിന്ന് നമ്മെ മോചിപ്പിക്കുവാൻ കുരിശുമരണം വരിക്കുകയും ചെയ്തു എന്ന് നാം ഏവരും വിശ്വസിച്ച് ഏറ്റു പറയുന്നു. എന്നാൽ വിസ്മരിക്കാനാവാത്ത ഒരു യാഥാർത്ഥ്യം കൂടിയുണ്ട് മനുഷ്യാവതാരത്തിന് പിന്നിൽ. മനുഷ്യാവതാരം പാപമോചനത്തിനുവേണ്ടി മാത്രമായിരുന്നില്ല, അതിനും ഉപരിയായ ഒരു ലക്ഷ്യം (deeper motive) ദൈവത്തിനുണ്ടായിരുന്നു. ദൈവം മനുഷ്യനോട് സംസർഗം (union) ആഗ്രഹിക്കുകയും, ആ സംസർഗംവഴി മനുഷ്യനിൽ ദൈവംതന്നെ നിക്ഷേപിച്ച ദൈവമായിത്തീരുക എന്ന ആഗ്രഹത്തെ സാക്ഷാത്കരിക്കുകയും ചെയ്യുക എന്ന വലിയ ലക്ഷ്യം. ഈ ഒരു കാരണം ഏതെങ്കിലുമൊരു അനിവാര്യതയിൽ നിന്ന് ഉടലെടുത്തതല്ല, പിന്നെയോ പൂർണ്ണമായ സ്വാതന്ത്ര്യത്തിൽനിന്നാണ്.

പാശ്ചാത്യസഭ കൂടുതലായി പാപമോചനം/വീണ്ടെടുപ്പ് (redemption) എന്ന ആശയത്തിന് ഊന്നൽ കൊടുക്കുമ്പോൾ, പൗരസ്ത്യ ദൈവശാസ്ത്രത്തിൽ ദൈവികവത്കരണം/ദൈവസംസർഗ്ഗം (divinization) എന്ന ആശയത്തിനാണ് ഊന്നൽ. ദൈവികജീവനിൽ മനുഷ്യന്റെ ഭാഗഭാഗിത്വം എന്ന ചിന്തധാരയ്ക്ക് പ്രാമുഖ്യം നൽകിയതുകൊണ്ട്, ഗ്രീക്ക് സഭാപിതാക്കന്മാർ എപ്പോഴും സൃഷ്ടികർമ്മത്തിലുള്ള ക്രിസ്തുവിന്റെ സർവ്വപ്രമുഖത (primacy), ക്രിസ്തു - സൃഷ്ടിയുടെ ലക്ഷ്യം എന്നീ ആശയങ്ങൾ വ്യക്തമായി പഠിപ്പിച്ചു. കൊളോസോസുകാർക്കുള്ള ലേഖനം ഒന്നാം അദ്ധ്യായത്തെ (1:15-16) ആസ്പദമാക്കി വി. മാക്സിമൂസ് ഇപ്രകാരം പഠിപ്പിച്ചു: 'ക്രിസ്തുവാണ് സർവ്വത്തിന്റെയും അന്ത്യം/ലക്ഷ്യം. എല്ലാം അവനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടത്. യുഗങ്ങൾക്ക് മുമ്പേ ദൈവവും മനുഷ്യനും തമ്മിലുള്ള അവിഭാജ്യമായ യോജിപ്പ് ദൈവം മുന്നിൽകണ്ടു, എങ്കിലും അത് ക്രിസ്തുവിലാണ് പൂർത്തീകരിക്കപ്പെട്ടത്.' അതായത് മനുഷ്യനെ സൃഷ്ടിക്കുമ്പോൾ ക്രിസ്തുവായിരുന്നു ദൈവത്തിന്റെ മനസ്സിൽ. ക്രിസ്തുവാകുന്നതിനുവേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. ഈ വീക്ഷണമനുസരിച്ച്, ദൈവം മനുഷ്യനായിത്തീർന്നത് മനുഷ്യൻ പാപം ചെയ്തതുകൊണ്ട് മാത്രമല്ല, പാപം ചെയ്തില്ലായിരുന്നുവെങ്കിലും മനുഷ്യാവതാരം സംഭവിക്കുമായിരുന്നു. തന്റെ ഛായയിലും സാദൃശ്യത്തിലും ദൈവം സൃഷ്ടിച്ച മനുഷ്യൻ പൂർണ്ണമായി ദൈവത്തെ സ്നേഹിക്കുകയും, വിശ്വസിക്കുകയും, അനുസരിക്കുകയും ചെയ്യണം എന്നതായിരുന്നു ദൈവഹിതം. സൃഷ്ടാവ് എന്ത് ലക്ഷ്യത്തോടെ മനുഷ്യനെ സൃഷ്ടിച്ചുവോ, ആ ലക്ഷ്യത്തിൽ മനുഷ്യൻ എത്തിച്ചേരുമ്പോഴാണ് ദൈവത്തിന് മഹത്വം ലഭിക്കുക. ദൈവത്തിന്റെ സങ്കല്പമനുസരിച്ചുള്ള മനുഷ്യനായിത്തീരാൻ മനുഷ്യൻ പരാജയപ്പെട്ടതാണ് ആദത്തിന്റെ പതനം സൂചിപ്പിക്കുന്നത്. എന്നാൽ, രണ്ടാം ആദാമായ ക്രിസ്തുവിൽ (1 കോറി. 15:45) മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി പൂർണ്ണമായും നിറവേറി. ദൈവത്തിന് തന്റെ സൃഷ്ടിയായ മനുഷ്യനിലൂടെ മഹത്വം ലഭിച്ചു. ദൈവം മനുഷ്യനാകുന്നതോടെ പുതിയൊരു മനുഷ്യൻ ജനിക്കുകയാണ്. പുതിയ ആദാമായ യേശു മനുഷ്യവംശത്തിന് മാനദണ്ഡമാണ്. എല്ലാ മനുഷ്യരും ആയിത്തീരേണ്ടത് എന്താണ് എന്നതിനുള്ള മാനദണ്ഡം. ദൈവവും മനുഷ്യനും ക്രിസ്തുവിൽ ഇനി ഒരിക്കലും വേർപിരിയാനാവാത്ത രീതിയിൽ യോജിച്ചു. ഈ ഐക്യം സംഭവിക്കാൻ മനുഷ്യാവതാരം അനിവാര്യമായിരുന്നു.



www.malankaralibrary.com

മനുഷ്യൻ പാപം ചെയ്തില്ലായിരുന്നുവെങ്കിലും മനുഷ്യാവതാരം സംഭവിക്കുമായിരുന്നു എന്ന ദൈവശാസ്ത്ര ദർശനത്തെ 13-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സ്കോട്ടിഷ് ദൈവശാസ്ത്രജ്ഞൻ വാഴ്ത്തപ്പെട്ട ജോൺ ഡൺസ് സ്കോട്ടസ് (1266-1308) വളരെ മനോഹരമായി അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യർ മാത്രമല്ല മാലാഖമാരും സർവ്വ സൃഷ്ടിയും, ക്രിസ്തുവാകുന്ന പൂർണ്ണതയ്ക്കുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടത്. അതായത് സൃഷ്ടിയുടെ മാനദണ്ഡവും (criterion) അന്തിമമായ ലക്ഷ്യവും (telos/end) ക്രിസ്തുവാണ്. ആദാം ദൈവം ആകാൻ ആഗ്രഹിച്ച് പഴം ഭക്ഷിച്ചു. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദൈവമാകാൻവേണ്ടിത്തന്നെയാണ്. ഈ ആഗ്രഹത്തിൽ തെറ്റില്ല; പക്ഷേ, ആദാം സ്വീകരിച്ച മാർഗ്ഗം തെറ്റായിരുന്നു. അനുസരക്കേടിലൂടെ തട്ടിയെടുക്കാവുന്ന ഒന്നല്ല ദൈവത്വം. ഫിലിപ്യർക്കുവേണ്ടിയുള്ള ലേഖനത്തിൽ വി. പൗലോസ് എഴുതുന്നു: 'ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ



കാണപ്പെട്ടു; മരണംവരെ - അതേ കുരിശുമരണം വരെ - അനുസരണയുള്ളവനായി തന്നെത്തന്നെ താഴ്ത്തി' (ഫിലി 2: 6-11).

ക്രിസ്തുവിൽ ദൈവം മനുഷ്യനായി അവതരിച്ചു. മനുഷ്യനായി അവതരിച്ച ഈ ക്രിസ്തുവിലാണ് മനുഷ്യൻ ദൈവത്തെ തൊടുന്നത്, ദൈവമായിത്തീരുന്നത്. സൃഷ്ടിയെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി വെളിപ്പെടുകയും, പൂർണ്ണമാവുകയും ചെയ്യുന്നത് മനുഷ്യാവതാരത്തിലാണ്. ഇവിടെ ന്യായമായും സംശയമുയരാം. ഒന്നുമില്ലായ്മയിൽനിന്ന് സൃഷ്ടിക്കപ്പെട്ട മനുഷ്യന്, കാലാതീതനായ ദൈവത്തെപ്പോലെയാകാൻ സാധിക്കുമോ? ദൈവമായിത്തീരുക എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നുത് ദൈവത്തിന്റെ മക്കളായി ദത്തെടുക്കപ്പെടുക എന്നതാണ് (റോമാ 8:15). പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ ക്രിസ്തുവിലൂടെ സകല മനുഷ്യർക്കും ദൈവമക്കളാകാൻ വരം ലഭിക്കുന്നു (ഗലാ. 4:4-7). ക്രിസ്തു സ്വഭാവത്താലെ പിതാവായ ദൈവത്തിന്റെ പുത്രനാണ്. എന്നാൽ ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യർ ദത്തെടുക്കലിലൂടെ ദൈവത്തിന്റെ മക്കളായിത്തീരുന്നു. വി. യോഹന്നാൻശ്ലീഹാ ഈ യാഥാർത്ഥ്യത്തെ തന്റെ ലേഖനത്തിലൂടെ വ്യക്തമാക്കുന്നു: 'കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണുതാനും. ലോകം നമ്മെ അറിയുന്നില്ല; കാരണം, അത് അവിടുത്തെ അറിഞ്ഞിട്ടില്ല. പ്രിയപ്പെട്ടവരേ, നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നാമറിയുന്നു: അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും. അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയും ചെയ്യും' (1 യോഹ 3:1-2).

എഫേസോസുകാർക്കുള്ള ലേഖനത്തിൽ വി. പൗലോസ് ഈ സത്യം തന്നെയല്ലേ പഠിപ്പിച്ചത്:



www.malankaralibrary.com

'തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കള ങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു. യേശുക്രിസ്തുവഴി നാം അവിടുത്തെ പുത്രരായി ദത്തെടുക്കപ്പെടണമെന്ന്, അവിടുന്നു തന്റെ ഹിതവും ലക്ഷ്യവുമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ചു... ഇത് കാലത്തിന്റെ പൂർണതയിൽ സ്വർഗത്തിലും ഭൂമിയിലു മുള്ള എല്ലാറ്റിനെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുന്നതി നുവേണ്ടിയത്രെ' (എഫേ. 1:4-5,10). ദൈവപുത്രന്റെ ഛായയിൽ വളരുന്നതിന്, ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ വളർച്ച പ്രാപിക്കുന്നതിന് ദൈവം നമ്മെ മുൻ കൂട്ടി തെരഞ്ഞെടുത്തിരിക്കുന്നു (റോമാ 8:29-30; ഗലാ. 4:19). ദൈവത്തിന്റെ മനസ്സിൽ വചനം മാംസമായി തീർന്ന ക്രിസ്തു തന്നെയാണ് മുമ്പൻ. ആദം പാപം ചെയ്തതിനു ശേഷമല്ല ദൈവം രക്ഷാകരപദ്ധതിക്ക് രൂപം നല്കുന്നത്. നിത്യനായ ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ മനുഷ്യന്റെ ഒരു മാതൃക (blueprint) തയ്യാറാക്കിയിരുന്നു - അതാണ് ക്രിസ്തു (God-Man). മനുഷ്യാവതാരം ഒരു അനന്തര ചിന്ത (after-thought) അല്ല, മറിച്ച് ദൈവത്തിന്റെ ആദി ചിന്തയാണ് (first-thought).

ദൈവം ആകാനുള്ള മനുഷ്യന്റെ ആഗ്രഹവും, മനുഷ്യൻ ആകാനുള്ള ദൈവത്തിന്റെ ആഗ്രഹവും കണ്ടുമുട്ടുന്നത് ക്രിസ്തുവിലാണ്. ദൈവത്തിന്റെ സ്വയംദാനത്തിന്റെ പാരമ്യമാണ് (culmination) ദൈവപു ത്രന്റെ മനുഷ്യാവതാരം. സൃഷ്ടി ദൈവസ്നേഹത്തിന്റെ ബഹിർസ്ഫുരണമാണെങ്കിൽ, ദൈവസ്നേഹത്തിന്റെ സമ്പൂർണ്ണമായ നല്കലാണ് മനുഷ്യാവതാരം. ദൈവം തന്റെ ജീവനും സ്നേഹവും പൂർണ്ണമായി, തനിക്ക് പുറത്ത് തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്ക പ്പെട്ട സൃഷ്ടിയിൽ നിക്ഷേപിക്കാൻ തിരുമനസായതാണ് മനുഷ്യാവതാരം. വി. യോഹന്നാന്റെ സുവിശേഷമനു സരിച്ച്, ദൈവം മനുഷ്യനായി അവതരിച്ചതുതന്നെ മനുഷ്യന്റെ രക്ഷയാണ്. യേശുവിന്റെ കുരിശുമരണം അവന്റെ മഹത്വീകരണത്തിന്റെ സമയമാണ് (hour of glory). തന്റെ ദൈവികജീവനും സ്നേഹവും, മനുഷ്യ നുമായി പങ്കുവയ്ക്കുവാനാണ് ദൈവം മനുഷ്യനായത്. ജനനപ്പെരുന്നാൾ ശുശ്രൂഷയിൽ മനുഷ്യാവതാരം രക്ഷ യുടെ നിമിഷമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നതായി കാണാം. രാത്രിപ്രാർത്ഥനയിൽ ഇപ്രകാരം നാം പ്രാർ ത്ഥിക്കുന്നു: 'സ്വർഗീയോന്നതങ്ങളിലേക്ക് താഴെയു ള്ളവരെ കയറ്റുവാനും മനുഷ്യരെ ദൈവത്തോടു ബന്ധ പ്പെടുത്തുവാനും ദൈവത്തോടു ലോകത്തെ രമ്യപ്പെടു ത്തുവാനും ഉന്നതങ്ങളിൽനിന്ന് അത്യുന്നതന്റെ പുത്രൻ അയയ്ക്കപ്പെട്ടു' (പെരുന്നാളുകൾ, പുറം 51). രക്ഷ എന്നത് ചരിത്രത്തിലെ വെറുമൊരു നിമിഷമായി പരിമി തപ്പെടുത്തുവാനാവില്ല. കുരിശുമരണം-ഉത്ഥാനംവഴി യേശു മനുഷ്യനെ രക്ഷിച്ചു എന്ന് വിശ്വസിക്കുമ്പോഴും നാം മനസ്സിലാക്കണം രക്ഷ ഒരു യാത്രയാണ്. മനുഷ്യ ന്റെ സൃഷ്ടി മുതൽ യുഗാന്തം വരെ നീണ്ടുനില്ക്കുന്ന ഒരു യാത്ര. രക്ഷ അതിന്റെ പൂർണ്ണതയിൽ ദൈവികജീ വനിലുള്ള മനുഷ്യന്റെ പങ്കുചേരലാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ദൈവമാകുവാൻവേണ്ടിയാണ് എന്നതുകൊണ്ട് ഇതാണ് അർത്ഥമാക്കുക. രക്ഷാകര ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ നിമിഷമാണ് ദൈവം മനുഷ്യനായി പിറന്ന നിമിഷം. ദൈവം നമ്മുടെ ലോകത്ത് കാലെടുത്തുവച്ച നിമിഷത്തിൽതന്നെ മനുഷ്യനും സ്വർഗ്ഗത്തിൽ കാൽവച്ചു. ജനനത്തിലൂടെ തന്റെ മദ്ധ്യസ്ഥയാൽ സ്വർഗീയരെയും ഭൗമികരെയും ദൈവപുത്രൻ രമ്യപ്പെടുത്തി (പെരുന്നാളുകൾ, പുറം 41). അതിലൂടെ മനുഷ്യർക്ക് ത്രിയേക ദൈവത്തി ന്റെ ജീവനിൽ പങ്കുകാരാകാൻ സാധ്യത തെളിഞ്ഞു. Neil Armstrong ചന്ദ്രനിൽ കാലുകുത്തിയപ്പോൾ, അത് മനുഷ്യനെ സംബന്ധിച്ച് ഒരു ചെറിയ കാല്‌വയ്പ്, മാനവരാശിയ്ക്ക് ഒരു വൻ കുതിച്ചുചാട്ടം എന്നാണ് വിശേഷിപ്പിക്കപ്പെട്ടത്. ദൈവം മനുഷ്യനായതിലൂടെ, ഇത് പുത്രനായ ദൈവത്തിന് ചെറിയ ഒരു കാല്‌വയ്പ്, മനുഷ്യവംശത്തിന് ഒരു വൻ കുതിച്ചുചാട്ടം എന്ന് നമുക്ക് പറയാൻ കഴിയും.

ദൈവം മനുഷ്യനായതോടെ, ദൈവവും മനുഷ്യനും ക്രിസ്തുവിൽ അവിഭാജ്യമാംവിധം യോജി ച്ചിരിക്കുന്നുവെങ്കിൽ, സ്വർഗ്ഗാരോഹണത്തിലൂടെ മനുഷ്യസ്വഭാവം സ്വർഗത്തിൽ ഇടം കണ്ടെത്തിയിരി ക്കുന്നു. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈശോസഭാ വൈദികൻ Pierre Teilhard De Chardin പരിണാമത്തെക്കുറിച്ച് പറഞ്ഞതിപ്രകാരമാണ്: 'സൃഷ്ടി മുഴുവനും Omega point ലക്ഷ്യമാക്കി യാത്ര ചെയ്യുന്നു.' ബെനഡിക്ട് XVI മാർപാപ്പയുടെവീക്ഷണമനുസരിച്ച് ലോഗോസായ ക്രിസ്തുതന്നെയാണ് Omega point, അവനിൽ മനുഷ്യൻ പരിണാമദിശയിലെ കുതിച്ചുചാട്ടം (evolutionary leap) നടത്തിയിരിക്കുന്നു. വചനം മാംസം ധരിച്ചു, നമ്മുടെ ഇടയിൽവസിച്ചു, മരിച്ചു, ഉത്ഥാനം ചെയ്തു, 'പരിണാമത്തിന്റെ അവസാനഘട്ടമായ നിത്യ ജീവൻ ഉദ്ഘാടനം ചെയ്തു. ക്രിസ്തുവിനോട് ഐക്യ പ്പെടുന്നവർ അവരുടെ പുനരുത്ഥാനംവഴി നിത്യജീവ നിൽ ഭാഗഭാക്കുകളാകുന്നു.' അതുകൊണ്ടാണ് വി. പൗലോസ്, 'ശരീരങ്ങളുടെ വീണ്ടെടുപ്പാകുന്ന പുത്രത്വലബ്ദി' യെയാണ് വിശ്വാസികൾ പ്രതീക്ഷി ക്കുന്നത് എന്ന് പറയുന്നത് (റോമാ 8:23). ദൈവം തന്റെ പുത്രനിലൂടെ തന്നെത്തന്നെ മനുഷ്യന് നല്കി എന്ന താണ് മനുഷ്യാവതാരം എന്ന മഹാവിസ്മയം. ദൈവം സൃഷ്ടിയിലൂടെ തന്റെ സ്നേഹവും ജീവനും പങ്കുവച്ചു വെങ്കിൽ, പുത്രനായ ദൈവം മനുഷ്യസ്വഭാവം സ്വീകരി ച്ചതിലൂടെ ദൈവത്തിന്റെ സ്നേഹവും ജീവനും പൂർണ്ണ


www.malankaralibrary.com

മായും മനുഷ്യന് സ്വീകരിക്കാൻ കഴിഞ്ഞു. അതുകൊണ്ടാണ് ദൈവ-മനുഷ്യ സമാഗമത്തിന്റെ പൂർണ്ണതയും ഉച്ചകോടിയുമാണ് ക്രിസ്തുവിൽ സാധിതമായത് എന്ന് തിരുസഭ പഠിപ്പിക്കുന്നത്. മനുഷ്യാവതാരം ദൈവസ്നേഹത്തിന്റെ ഏറ്റവും വലിയ അടയാളമാണ്.

### ദൈവം മനുഷ്യനായത് എന്തിന് ?

ദൈവപുത്രന്റെ മനുഷ്യാവതാരം ദൈവസ്നേഹത്തിന്റെ പൂർണ്ണമായ വെളിപ്പെടുത്തലാണ്. 'തന്റെ ഏകപുത്രൻവഴി നാം ജീവിക്കേണ്ടതിനായി ദൈവം അവനെ ലോകത്തിലേക്കയച്ചു. അങ്ങനെ, ദൈവത്തിന്റെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെട്ടിരിക്കുന്നു' (1 യോഹ. 4:9).'തന്റെയും പിതാവിന്റെയും ജീവനുള്ള പരിശുദ്ധാത്മാവിന്റെയും തിരുവിഷ്ടത്താലും, മനുഷ്യരോടുള്ള സ്നേഹത്തേയുംപ്രതിയാണ് പുത്രനായ ദൈവം മനുഷ്യനായത്' എന്ന് തീ ഉഴലിച്ച ശുശ്രൂഷയിലെ പ്രുമിയോൻ പ്രാർത്ഥനയിൽ നാം വായിക്കുന്നു (പെരുന്നാളുകൾ, പുറം 66). ദൈവത്തിന്റെ സ്നേഹം ദൈവത്തിന്റെ ഇടത്തിൽനിന്ന് ഞങ്ങളൂടെ അടുക്കലേക്ക് ദൈവത്തെ ഇറക്കികൊണ്ടുവന്നു എന്ന് 'മോറാൻ യേശുമിശിഹാ' പ്രാർത്ഥനയിൽ നാം ഉദ്ഘോഷിക്കുന്നു. മനുഷ്യൻ പാപം ചെയ്തില്ലായിരുന്നുവെങ്കിലും ദൈവം മനുഷ്യനാകുമായിരുന്നു. എന്നാൽ, ആദിമാതാപിതാക്കൻമാരുടെ പതനത്തിനുശേഷം മനുഷ്യാവതാരത്തിന് പാപമോചനം/ വീണ്ടെടുപ്പ് (redemption) എന്ന മാനം കൈവന്നു.

ദൈവത്തിന്റെ മനുഷ്യാവതാരം മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ അടയാളം മാത്രമല്ല, സൃഷ്ടാവായ ദൈവത്തോടുള്ള സൃഷ്ടിയായ മനുഷ്യന്റെ സ്നേഹത്തിന്റെ അടയാളം കൂടിയാണ്. മനുഷ്യനെ തേടി താഴോട്ട് ഇറങ്ങിവരുന്ന ദൈവവും, മുകളിലേക്ക് ഉയരുന്ന മനുഷ്യനും തമ്മിൽ സന്ധിക്കുന്നതാണ് ക്രിസ്തു. കൊഹ്നെ ഞായർ ചൊല്ലുന്ന യൂഹാനോൻശ്ലീഹായുടെ പ്രുമിയോൻ പ്രാർത്ഥനയിൽ ഈ ആശയം വ്യക്തമായി കാണാം: 'കരുണയോടെ ഞങ്ങളുടെ പക്കലേക്കിറങ്ങിവന്നു ബലഹീനമായ ഞങ്ങളെ ദയാപുരസരം തിരുസന്നിധിയിലേക്ക് ഉയർത്തിയ മഹോന്നതനും'.... പിതാവായ ദൈവത്തെ മനുഷ്യൻ സ്നേഹിക്കേണ്ടതെങ്ങനെയെന്ന് ക്രിസ്തു മനുഷ്യകുലത്തെ തന്റെ ജീവിതത്തിലുടനീളം, പ്രത്യേകിച്ച് കുരിശുമരണത്തിൽ വെളിപ്പെടുത്തിയ അനുസരണത്തിലൂടെ പഠിപ്പിച്ചു.

ദൈവപുത്രത്വം എന്നാൽ ദൈവപിതാവിന്റെ ഹിതത്തോടുള്ള വിധേയത്വം അല്ലെങ്കിൽ അനുസരണമാണ് എന്ന് തന്റെ മനുഷ്യാവതാരത്തിലൂടെയും കുരിശുമരണത്തിലൂടെയും ക്രിസ്തു നമ്മെ പഠിപ്പിച്ചു. ഈ അനുസരണത്തിന്റെ പുറകിൽ പിതാവിനോടുള്ള സ്നേഹവും, സംപൂർണ്ണമായ വിശ്വാസവുമാണ്. പുത്രൻ ആരാണ്? ആരാകണം? മനുഷ്യൻ ആരാണ്? ആരാകണം? എന്നീ ചോദ്യങ്ങൾക്കുള്ള ഒരേയൊരു ഉത്തരം ക്രിസ്തുവാണ് എന്ന് രണ്ടാം വത്തിക്കാൻ സൂന്നഹദോസിലെ 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖയിൽ ഉദ്ബോധിപ്പിക്കുന്നു (Gaudium et spes 22). ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യൻ എന്താണ് ആയിത്തീരേണ്ടത് എന്നതിനുള്ള മാനദണ്ഡം ക്രിസ്തുവാണ്. അതുകൊണ്ടുത്തന്നെ ക്രിസ്തുവായിത്തീരുക എന്നതാണ് മനുഷ്യജീവന്റെ ആത്യന്തിക ലക്ഷ്യം. രക്ഷകന്റെ ജനനത്തിനായ് നാം ഒരുങ്ങുമ്പോൾ ഈ ചിന്ത നമ്മെ നയിക്കട്ടെ.


Connecting Indians Globally

**Colossians 3:14** " And over all these virtues put on love, which binds them all together in perfect unity."

Matrimonial website for all single Indians/ people of Indian background who are currently residing across the globe and looking to get married, in the near future.

Please visit the website below:

www.overseasindianmatrimony.com






www.malankaralibrary.com

# മനുഷ്യാവതാരം



ഫാ. വർഗീസ് വള്ളിക്കാട്ട്

**'കാലിത്തൊഴുത്തിലെ ഉണ്ണിയേശു!**

മനുഷ്യന്റെ സങ്കല്പശക്തിയെ ഉണർത്തുകയും വിശ്വാസത്തെ ജ്വലിപ്പിക്കുകയും ജീവിതത്തിന്റെ പൊരുൾ വെളിപ്പെടുത്തുകയും ചെയ്യുന്ന ഒരു മനോജ്ഞ ചിത്രം! വെളിപാടിന്റെ വെളിച്ചം ലഭിച്ചവർ അവനെ തേടിയെത്തുകയും അവന്റെ മുൻപിൽ മുട്ടുകുത്തുകയും ചെയ്യുന്നു... അവന്റെ സാന്നിധ്യം ജീവിതത്തിന്റെ ഇരുണ്ട ഇടനാഴികളിൽ നിത്യതയുടെ വെളിച്ചം പരത്തുന്നു!

മാലാഖമാരുടെ നേർത്ത സംഗീതം ഹൃദയങ്ങളെ സ്നേഹാർദ്രമാക്കുന്നു!

ആട്ടിടയർ അവനെ തേടിയെത്തുന്നു!

ലോകം തീർത്തും പരിത്യക്തമല്ല.

അപരിമേയനും അദൃശ്യനുമായവൻ പരിമിതികളിൽ സന്നിഹിതനായി മറഞ്ഞിരിക്കുകയും

അടയാളങ്ങളിലൂടെ വെളിപ്പെടുകയും ചെയ്യുന്നു!

ഒപ്പം നടക്കുന്ന സ്നേഹസാന്നിധ്യമായ് ജീവിതങ്ങളെ അവൻ തൊട്ടുണർത്തുന്നു!

അവൻ ശരീരത്തെ ആത്മാവിന്റെ കൂദാശയാക്കുന്നു!

ആറടി മണ്ണിൽ ഒടുങ്ങാത്ത പ്രത്യാശയെ യാഥാർത്ഥ്യമാക്കുന്നു!

ഒടുവിൽ, ഞാനെന്റെ മൺകൂട് വിട്ടു പറന്നുപോകുന്നനാൾ അടയാളങ്ങളിൽ ഞാനറിഞ്ഞ സാന്നിധ്യം

നിത്യതയിൽ സത്യമായെന്നെ ഗ്രസിക്കുമെന്നുറപ്പു നൽകുന്നു!'





www.malankaralibrary.com

ക്രിസ്മസിനെക്കുറിച്ചുള്ള ഈ നുറുങ്ങു ചിന്തകൾ ജീവിതത്തിന്റെയും, ഈ പ്രപഞ്ചത്തിന്റെയും പൊരുൾ തേടുന്ന മനുഷ്യനെക്കുറിച്ചും, നമുക്ക് ചുറ്റുമുള്ള പ്രകൃതിയെക്കുറിച്ചും, വർണ്ണനാതീതമായ ഈ മഹാ പ്രപഞ്ചത്തെക്കുറിച്ചുമെല്ലാം നമ്മോടു ചിലതെല്ലാം പറയുകയും പങ്കുവയ്ക്കുകയും ചെയ്യുന്നു... ക്രിസ്തുസംഭവത്തിന്റെ വെളിപാടുമൂല്യവും ക്രിസ്തീയ ആത്മീയതയുടെ അടിത്തറയും, മനുഷ്യഭവനങ്ങളിൽ ഇടം കിട്ടാതിരുന്ന ഈ ദിവ്യ ശിശുവിൽ വെളിപ്പെടുന്നു... ഇതാ മനുഷ്യൻ!

### പൊരുൾ തേടുന്ന മനുഷ്യൻ

മറ്റെല്ലാ ജീവജാലങ്ങളിൽനിന്നു വ്യത്യസ്തമായി മനുഷ്യന് ആഴത്തിലുള്ള സ്വയാവബോധമുണ്ട്. അതിനാൽത്തന്നെ, താൻ ആരാണ് എന്ന ചോദ്യം ഓരോ വ്യക്തിയും സ്വയം ചോദിക്കുകയും ഒരു പരിധി വരെയെങ്കിലും ഓരോരുത്തരും അതിനുള്ള ഉത്തരം ടിക്കാനുള്ള പ്രവണത എല്ലാ മനുഷ്യരിലുമുണ്ട്. ഒരാൾ കണ്ടെത്തിയ സത്യത്തിൽ അയാൾ സ്വയം നിലയുറപ്പിക്കുമ്പോൾ അയാൾ ഒരു വിശ്വാസിയാകുന്നു. യുക്തി ഉപയോഗിച്ചാണ് മനുഷ്യൻ സത്യത്തെ അന്വേഷിക്കുന്നത്. യുക്തിവിചാരം മനുഷ്യനു മാത്രം സാധ്യമാകുന്ന ഒരു പ്രക്രിയയാണ്. അത് ഒരാളെ വിശ്വാസിയോ അവിശ്വാസിയോ സംശയവാദിയോ ആക്കാം. സത്യാന്വേഷിയായ മനസ്സ് പരമ സത്യമായി ദൈവത്തെ കണ്ടെത്തുമ്പോഴാണ് ഒരാൾ ദൈവ വിശ്വാസിയാകുന്നത്. ഒരാൾ എന്ത് വിശ്വസിക്കുന്നു എന്നത് അയാളുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന മുഖ്യ ഘടകമാണ്.

ബൈബിളിലെ ഉൽപ്പത്തിപ്പുസ്തകത്തിൽ ദൈവം, 'താൻ സൃഷ്ടിച്ചതെല്ലാം നല്ലതെന്നു കണ്ടു' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിന്റെ അനന്ത നന്മയുടെ പ്രതിഫലനം സൃഷ്ടിയിലുണ്ട് എന്നാണ് ഗ്രന്ഥകർത്താവ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. നന്മയെ തിരിച്ചറിയുമ്പോൾ അതിനെ സ്നേഹിക്കാനും



കണ്ടെത്തുകയും ചെയ്യുന്നു. അസ്തിത്വത്തിന്റെ പൊരുൾ തേടുന്ന മനുഷ്യൻ സത്യം, നന്മ, സൗന്ദര്യം എന്നിവയുടെ ഉപാസകനായിത്തീരുന്നു. കാരണം, സത്യം തേടുന്ന മനസ്സും നന്മയിലേക്ക് ആകർഷിക്കപ്പെടുന്ന ഹൃദയവും സൗന്ദര്യത്തിൽ ആമഗ്നമാകുന്ന പ്രതിഭയുമാണ് മനുഷ്യനുള്ളത്. സത്യം അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യുമ്പോൾ അത് മുറുകെപ്പി സ്വന്തമാക്കാനുമുള്ള പ്രവണതയും മനുഷ്യനിലെ ദൈവാംശത്തിന്റെ ഭാഗം തന്നെയാണ്... തനിക്കു ചുറ്റുമുള്ള പ്രകൃതിയും അതിൽ മാറി മാറി വരുന്ന ഋതുക്കളും പ്രകൃതിയിലെ മറ്റു പ്രതിഭാസങ്ങളുമെല്ലാം മനുഷ്യനിൽ അത്ഭുതവും സംഭ്രമവും ഭക്ത്യാദരങ്ങളും ഉണർത്താറുണ്ട്. പ്രപഞ്ചത്തിന്റെ പ്രതിഭാസങ്ങളിൽ ഒരു മഹാനായ കലാകാരന്റെ കരവിരുതും സർഗ്ഗശക്തി



www.malankaralibrary.com

യും അനുഭവിക്കുന്ന മനുഷ്യൻ, ചിലപ്പോഴെല്ലാം ആ മഹാ കലാകാരന്റെ ഒരു ചെറു പതിപ്പായി സ്വയം തിരിച്ചറിയാറുമുണ്ട്! യുക്തിവിചാരം, നന്മയോടുള്ള പ്രതിപത്തി, സൗന്ദര്യബോധം എന്നിവ സർഗാത്മകമാകുമ്പോൾ, അവ മനുഷ്യനിൽ യഥാക്രമം വിശ്വാസവും, സ്നേഹവും, പ്രത്യാശയും ഉദ്ദീപിപ്പിക്കുന്നു. ഇവയാണ് സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്ക് മനുഷ്യന് പ്രചോദനം നൽകുന്നത്.

### സർഗാത്മകതയും ആത്മീയതയും

ജീവിതത്തിന്റെയും ഈ പ്രപഞ്ചത്തിന്റെയും പൊരുൾ തേടുന്നത് ആത്മീയമായ ഒരു പ്രക്രിയതന്നെയാണ്. ശാസ്ത്ര വിജ്ഞാനം വികസിക്കുന്നതിന് ആയിരക്കണക്കിന് വർഷങ്ങൾക്കു മുൻപുതന്നെ മനുഷ്യൻ ഈ അന്വേഷണം ആരംഭിച്ചിരുന്നു. ആത്മീയമായ ഇത്തരം അന്വേഷണങ്ങൾ വ്യത്യസ്ത ദൈവസങ്കല്പങ്ങളിലേക്കും മതങ്ങളിലേക്കും മനുഷ്യനെ എത്തിക്കുകയായിരുന്നു എന്നു പറയാം. എല്ലാ മതങ്ങളുടെയും അടിസ്ഥാനമായി നിലകൊള്ളുന്നത് മനുഷ്യന്റെ ആത്മാന്വേഷണം തന്നെയാണ്. ആത്മീയതയിൽ സങ്കൽപ്പശക്തിക്കു അതുല്യ സ്ഥാനമാണുള്ളത്. പുരാതന ഭാരതത്തിലെ മഹർഷിമാർ ഇത് തിരിച്ചറിഞ്ഞിരുന്നു. അതിനാലാണ് അവർ ഈശ്വരനെ ഏതെങ്കിലും ഒരു പ്രത്യേക ഭാവത്തിൽ സങ്കൽപ്പിച്ചു ദീർഘകാലം തപസ് അനുഷ്ഠിച്ചതും ആ ഈശ്വര സ്വരൂപത്തെ പ്രാർത്ഥനയും പൂജകളും ബലികളും അർപ്പിച്ചു ആരാധിച്ചുപോന്നതും. സങ്കല്പശക്തി കൊണ്ടു ജീവിതത്തിന്റെ വ്യത്യസ്ത ചോദനകളുടെ ഇഴകൾ നെയ്തു ചേർക്കുകയും അനുഭവങ്ങളെയും അനുഭൂതികളെയും സ്ഫുടംചെയ്തു വാക്കുകളിലൂടെയും ചിത്രങ്ങളിലൂടെയും ആവിഷ്കരിക്കുകയും ചെയ്തുകൊണ്ടാണ് മനുഷ്യൻ തന്റെ ആത്മീയതയുടെ ലോകം വിപുലമാക്കിയത്. പുരാതന ഗുഹാചിത്രങ്ങളും തലമുറകൾ കൈമാറിവന്ന സൃഷ്ടികഥകളും വംശാവലിക്കഥകളുമെല്ലാം മനുഷ്യൻ ആര് എന്നു വെളിപ്പെടുത്തുന്നവയാണ്. അനുഭവങ്ങളെയും അനുഭൂതികളെയും ആഖ്യാനങ്ങളാക്കി കഥ പറയാനുള്ള കഴിവിൽനിന്നാണ് മിത്തുകളും കാവ്യങ്ങളും ആഖ്യാനങ്ങളും ഉണ്ടാകുന്നത്. കഥകൾ തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുമ്പോൾ അനുഭവങ്ങളും സംഭവങ്ങളും കൂട്ടിച്ചേർക്കപ്പെടുകയും ആഖ്യാനങ്ങൾ വികാസം പ്രാപിക്കുകയും മൂല്യങ്ങൾക്കു രൂപാന്തരം സംഭവിക്കുകയും ചെയ്യാം. ഒരേ കഥതന്നെ വ്യത്യസ്ത ആഖ്യാനങ്ങളിലൂടെ ജീവിതത്തിനു വ്യത്യസ്ത വ്യാഖ്യാനങ്ങൾ ചമച്ചെന്നും വരാം.

കഥകൾ പറഞ്ഞു പറഞ്ഞാണ് സമൂഹങ്ങൾ രൂപംകൊള്ളുന്നതെന്നു അമേരിക്കൻ സാമൂഹ്യശാസ്ത്രജ്ഞനായ ആൻഡ്രൂ എം. ഗ്രീലി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിൽ ഏറെ വാസ്തവമുണ്ടുതാനും. കൈമാറ്റം ചെയ്യപ്പെടുന്ന കഥയുമായി ഓരോ തലമുറയും താദാത്മ്യം പ്രാപിക്കുകയും ക്രമേണ അത് തങ്ങളുടെതന്നെ കഥയായി അവർ മനസ്സിലാക്കുകയും, അത് അവരുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ബൈബിളിലെ പുറപ്പാടുപുസ്തകം പറയുന്ന പലായനത്തിന്റെ കഥ ഇത്തരത്തിലുള്ള ഒന്നാണ്. ആ കഥയാണ് പിൽക്കാലത്ത് ഇസ്രായേൽ





www.malankaralibrary.com

എന്ന സമൂഹത്തെ രൂപപ്പെടുത്തുന്നത്. കാലിത്തൊഴുത്തുമുതൽ കാൽവരിവരെയുള്ള ജീവിതത്തിലൂടെയും, യേശുവിന്റെ മരണോത്ഥാനങ്ങളിലൂടെയും വെളിപ്പെട്ട ദൈവകാരുണ്യത്തിന്റെ കഥയാണ് ക്രിസ്തീയ സമൂഹത്തെ രൂപപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും...ഒരു സമൂഹത്തിലെ അംഗങ്ങൾ തമ്മിൽ പരസ്പര വിശ്വാസവും ധാരണയും സഹകരണവും വളർത്തുന്നതും സമൂഹങ്ങൾക്ക് സ്വത്വബോധവും അഭിമാനബോധവും പ്രദാനം ചെയ്യുന്നതും ഇത്തരം ആഖ്യാനങ്ങളാണ്. സ്നേഹിക്കാനും പ്രതിസന്ധിഘട്ടങ്ങളിൽ പതറാതെ നിൽക്കാനും പരസ്പരം സഹായിക്കാനും തയ്യാറാകുന്ന കെട്ടുറപ്പുള്ള സമൂഹങ്ങളെ രൂപപ്പെടുത്തുന്നതിന് അവയ്ക്ക് കഴിയും. ഇത്തരം കാവ്യങ്ങളും ആഖ്യായികകളുമില്ലെങ്കിൽ സമൂഹം കഥയില്ലാത്തതായി തീരും!



ഇപ്രകാരം സമൂഹങ്ങളെ രൂപപ്പെടുത്തുകയും നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന ആഖ്യായികകളെയും കാവ്യങ്ങളെയും മഹാകാവ്യങ്ങളെയും രൂപപ്പെടുത്തുന്നത് ദൈവിക പ്രചോദനം ലഭിച്ച മനുഷ്യരുടെ സങ്കൽപശക്തിയുടെ പ്രവർത്തന ഫലമായാണ്. ആ സങ്കൽപശക്തിയെ നയിക്കുന്നതാകട്ടെ അനുഭവങ്ങളിൽനിന്നു അവർ ആർജിച്ചെടുത്ത വിശ്വാസവുമാണ്.

### അറിവിന്റെ രണ്ടു വഴികൾ : സാമ്യവും വൈരുധ്യവും

ബൃഹദാഖ്യാനങ്ങളുടെ രചനയിൽ മനുഷ്യനിലെ സങ്കല്പശക്തി രണ്ടു രീതിയിൽ പ്രാവർത്തികമാകുന്നതു കാണാം: വൈരുധ്യങ്ങൾക്കു ഊന്നൽ കൊടുത്തുകൊണ്ടും, സാമ്യം ചൂണ്ടിക്കാട്ടിയും. പരമ നന്മ സ്വരൂപനായ ഈശ്വരൻ തിന്മ നിറഞ്ഞ ഈ ലോകത്തിൽനിന്നു അനന്തമായി അകന്നിരിക്കുന്നു, അനശ്വരനായ ദൈവവും നശ്വരനായ മനുഷ്യനും തമ്മിൽ യാതൊരു സാമ്യവുമില്ല തുടങ്ങിയവ വൈരുധ്യങ്ങളിൽ ഊന്നിയുള്ള സങ്കൽപ്പ ശക്തിയുടെ പരികല്പനകളാണ്.

സാമ്യത്തിന് ഊന്നൽ നൽകുന്ന സങ്കല്പശക്തിയുടെ ഫലമാണ് ദൈവത്തിന്റെ ശക്തിയും നന്മയും സൗന്ദര്യവുമെല്ലാം സൃഷ്ടിയിൽ പ്രതിഫലിക്കുന്നു എന്ന പുരാതന ഗ്രീക്ക് ചിന്തകരുടെ കാഴ്ചപ്പാട്. മനുഷ്യൻ ദൈവത്തിന്റെ ഛായയും സാദൃശ്യവുമാണ് എന്ന ബൈബിളിന്റെ കാഴ്ചപ്പാടിനു പിന്നിലും സാമ്യത്തിൽ ഊന്നിയുള്ള സങ്കൽപ്പ ശക്തിയുടെ പ്രവർത്തനം കാണാം. ഇത് സൃഷ്ടിയിൽ മറഞ്ഞിരിക്കുന്ന ദൈവസാന്നിധ്യത്തിലേക്കു ദൃഷ്ടി പായിക്കുന്നതിനു വായനക്കാരനെ സഹായിക്കുന്നു. അന്തര്യാമിയായ ഈശ്വരനെ ധ്യാനിക്കുന്നതിനും, ദൃശ്യ വസ്തുക്കളിലും വ്യക്തികളിലും സംഭവങ്ങളിലും ഈശ്വരന്റെ അദൃശ്യ സാന്നിധ്യം ദർശിക്കുന്നതിനും, പുരാതന ഭാരതത്തിലെ മഹർഷിമാർക്കു കഴിഞ്ഞിരുന്നു. നാമരൂപങ്ങൾക്കതീതനായ ബ്രഹ്മന്റെ അതിശായിത്വം ഊന്നിപ്പറഞ്ഞ അവർ മനുഷ്യനിൽ അവിടത്തെ അന്തര്യാമിത്വവും അറിഞ്ഞിരുന്നു. ദൈവം എന്തിനു മനുഷ്യനാവണം എന്ന ചോദ്യത്തിനുള്ള ഉത്തരവും ഇങ്ങനെയേ ഗ്രഹിക്കാൻ കഴിയൂ.

### ആത്മീയതയെന്നാൽ ദൈവസാന്നിദ്ധ്യ ബോധമാണ്

സൃഷ്ടി സ്രഷ്ടാവിനെ സന്നിഹിതമാക്കുന്നു! എല്ലായിടത്തും എല്ലാറ്റിനും പിന്നിൽ ദൈവം മറഞ്ഞിരിക്കുന്നു! ഓരോ വ്യക്തിയിലും, ജീവിയിലും, നിർജ്ജീവ വസ്തുക്കളിൽപോലും ദൈവിക ചൈതന്യം മിന്നി മറയുന്നു! ദൈവപുത്രന്റെ മനുഷ്യാവതാരം ചരിത്രത്തിലെ സജ്ജീവമായ ദൈവസാന്നിധ്യത്തിന്റെ മൂർത്തരൂപമാണ്! ദൈവം സ്ഥലകാല ബന്ധിതമായ ചരിത്രത്തിൽ സന്നിഹിതമാകുന്ന അത്ഭുതകരമായ പ്രതിഭാസമാണ് യേശു! അവൻ ജനതകൾക്കു പ്രകാശവും പ്രപഞ്ചം മുഴുവൻ നിറയുന്ന ദൈവ സാന്നിധ്യത്തിന്റെ ചൈതന്യവുമാകുന്നു! ക്രൂരതയും അക്രമവും മാത്സര്യവും നിറഞ്ഞ ലോകത്തിൽ, പരസ്പര വിശ്വാസവും, സ്നേഹവും, പ്രത്യാശയും സാധ്യമാണെന്ന് ദൈവസാന്നിദ്ധ്യബോധം മനുഷ്യന് ഉറപ്പുനൽകുന്നു. പ്രപഞ്ചം ദൈവ സാന്നിധ്യത്തിന്റെയും ദൈവകാരുണ്യത്തിന്റെയും ഓർമ്മപ്പെടുത്തലാകുമ്പോൾ, മനുഷ്യന് പരസ്പരം സ്നേഹിക്കാനും, ക്ഷമിക്കാനും, ആദരിക്കാനും കഴിയുന്നു. പുൽക്കൂട്ടിലെ ഉണ്ണി 'ഇമ്മാനുവേൽ' അഥവാ നമ്മോടൊപ്പം വസിക്കുന്ന ദൈവമാണ്! അവന്റെ സജ്ജീവ സാന്നിധ്യം വിശുദ്ധ സഭയിലൂടെ, കൂദാശകളിലൂടെ, ദരിദ്രരിലൂടെ,



www.malankaralibrary.com

പീഡിതരിലൂടെ, സ്നേഹിതരിലൂടെ, വ്യക്തികളിലൂടെ, സംഭവങ്ങളിലൂടെ നാം ഇന്നും അനുഭവിക്കുന്നു! വിശുദ്ധ സമയങ്ങളും, സ്ഥലങ്ങളും വ്യക്തികളും അവന്റെ സാന്നിധ്യത്തിന്റെ സവിശേഷ അടയാളങ്ങളും പ്രതീകങ്ങളുമാകുന്നു! വിശക്കുന്നവരിലും ദാഹിക്കുന്നവരിലും രോഗിയിലും പരദേശിയിലും ദരിദ്രനിലും കാരാഗൃഹവാസിയിലും തന്നെ ദർശിക്കുന്നവരാണ് തന്റെ യഥാർത്ഥ ശിഷ്യരെന്ന് സുവിശേഷങ്ങളിലെ യേശു ചൂണ്ടിക്കാട്ടുന്നു. സ്വജീവിതംകൊണ്ട് മറ്റുള്ളവരെ സ്നേഹിക്കാനും മറ്റുള്ളവരുടെ നന്മക്കായി ജീവിതം സമർപ്പിക്കാനുമുള്ള സന്നദ്ധതയാണ് ഒരുവനെ ആത്മീയനാക്കുന്നത്.

ദൈവം മനുഷ്യനായി എന്നത് കേവലം ഒരു ഭാവനയല്ല. മനുഷ്യനിലെ സങ്കൽപശക്തിയെ നിരന്തരം ഉണർത്തുകയും യുക്തിയെ വെല്ലുവിളിക്കുകയും ഹൃദയത്തെ സാന്ദ്രമാക്കുകയും ആത്മാവിനെ ദൈവികതയിലേക്കു ഉയർത്തുകയും ചെയ്യുന്ന ചരിത്രസംഭവമായി അത് നിലകൊള്ളുകയാണ്!

ലോകത്തിൽ ഓരോ സംഭവങ്ങൾക്കു പിന്നിലും ദൈവത്തിന്റെ ഒരു കയ്യൊപ്പു മറഞ്ഞിരിക്കുന്നുണ്ടാവും; ലോകത്തെ കൂടുതൽ നല്ലതും മനോഹരവുമാക്കാൻ മനുഷ്യരെ ക്ഷണിക്കുന്ന ഒരു ആഹ്വാനം!

## മുഖം മിനുക്കി മാക്ഫാസ്റ്റ് കോളേജ്

മാക്ഫാസ്റ്റ് കോളേജിന്റെ ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ലായി, നൂതന സാങ്കേതികവിദ്യകൾ ഉൾകൊണ്ട കമ്പ്യൂട്ടർ ലാബിന്റെ കൂദാശകർമ്മം നവംബർ പതിനാറിന് തിരുവല്ല അതിഭദ്രാസനാധിപൻ ഡോ.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ഇതോടൊപ്പം കോളേജിലെ വിദ്യാർത്ഥികൾക്കും പുതുസംരംഭകർക്കും പുതു ഊർജം പകരുന്ന സ്റ്റാർട്ടപ്പ് കേന്ദ്ര ഫോർ യു (SKY) എന്ന ടെക്നോളജി ബിസിനസ് ഇൻക്യൂബേറ്ററിന്റെ ഉത്ഘാടനവും നിർവഹിച്ചു. ഇരുപത്തിയഞ്ച് സംരംഭകർക്ക് ഒരേസമയം ഉപയോഗിക്കാവുന്ന തരത്തിൽ സജ്ജീകരിക്കപ്പെട്ട SKY (Startup Kendra for You) ൽ ഓഫീസ് സ്ഥലവും ഹൈസ്പീഡ് ഇന്റർനെറ്റ് സൗകര്യവും ലഭ്യമാണ്. കൂടാതെ പുതുസംരംഭകരെ സഹായിക്കാൻ കോളേജിലെ അധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന കൺസൾട്ടൻസിയും സദാ സന്നദ്ധമാണ്. ഡിപ്പാർട്മെന്റ് ഓഫ് മീഡിയ സ്റ്റഡിസിന്റെ ഉത്ഘാടനവും ഇതോടൊപ്പം നിർവഹിക്കപ്പെട്ടു. പ്രശസ്ത ചലച്ചിത്ര സംവിധായകനും, പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ഷൻ ഡിപ്പാർട്ട്മെന്റിലെ സീനിയർ അധ്യാപകനുമായിരുന്ന പ്രൊഫസർ കവിയൂർ ശിവപ്രസാദ്, ഡിപ്പാർട്ട്മെന്റ്ഓഫ് മീഡിയ സ്റ്റഡീസിന്റെ ഡയറക്ടറായി ചുമതലയേറ്റു.

എം.ബി.എ., എം.സി.എ. എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് പുറമെ ആറ് ബയോസയൻസ് കോഴ്സുകളും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ നൽകിവരുന്ന മാർ അത്തനാസിയോസ്കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ ഈ അധ്യയനവർഷം മുതൽ എം.എസ്.സി. ബയോ നാനോ ടെക്നോളജി ബിരുദാനന്തരബിരുദം നേടാനുള്ള അവസരവും ഒരുക്കുന്നു. അന്താരാഷ്ട്ര നിലവാരമുള്ള ലാബ് സൗകര്യങ്ങൾക്ക് ഇന്ത്യഗവണ്മെന്റിന്റെ ഡിപ്പാർട്മെന്റ്ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസെർച്ചിന്റെ (DSIR) അംഗീകാരം ലഭിച്ചവയാണ്. ഇപ്പോൾ പുതുതായി ആരംഭിച്ച ഡിപ്പാർട്മെന്റ് ഓഫ് മീഡിയ സ്റ്റഡീസിൽ നിന്ന് എം.എ. മൾട്ടിമീഡിയ പഠിക്കുവാനും അവസരം ഒരുക്കുകയാണ് മാക്ഫാസ്റ്റ് കോളേജ്. ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ നൂറിലേറെ യൂണിവേഴ്സിറ്റി റാങ്കുകൾ സ്വന്തമാക്കിയ മാക്ഫാസ്റ്റിൽനിന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് പി.എച്ച്.ഡി. എൻട്രൻസിൽ ഈ വർഷം അഞ്ചു വിദ്യാർഥികളാണ് മികച്ചറാങ്കോടെ യോഗ്യത നേടിയത്. യോഗ്യതപരീക്ഷകൾക്കായി വിദ്യാർത്ഥികളെ ഒരുക്കുന്ന മാക്ഫാസ്റ്റ് കോളേജിലെ അധ്യാപകരും അതിനവസരം ഒരുക്കുന്ന മാനേജ്മെന്റും തുടർപഠനത്തിനും ഗവേഷണത്തിനുമുള്ള സാധ്യതകൾ വിദ്യാർത്ഥികൾക്കായി തുറന്നു നൽകുന്നു. അതിരൂപത വികാരിജനറാൾ മോൺ. ചെറിയാൻ താഴമൺ, മുൻ ഡി.ജി.പി. ശ്രീ.ജേക്കബ് പുന്നൂസ്, മുൻസിപ്പൽ ചെയർമാൻ ശ്രീ. ആർ.ജയകുമാർ, സാമൂഹ്യപ്രവർത്തക ഡോ.എം.എസ്.സുനിൽ, മാക്ഫാസ്റ്റ്കോളേജ് പ്രിൻസിപ്പൽ റവ.ഡോ. ചെറിയാൻ ജെ. കോട്ടയിൽ, റേഡിയോ മാക്ഫാസ്റ്റ് ഡയറക്ടർ റവ.ഫാ.ചാക്കോ മേലേടത്ത്, മാക്ഫാസ്റ്റ് കോളേജ് അഡ്മിനിസ്ട്രേറ്റർ ശ്രീ.വർഗീസ് എബ്രഹാം, റവ.ഫാ. തോമസുകുട്ടി പതിനെട്ടിൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

മാധ്യമപ്രവർത്തകനും, റേഡിയോ മാക്ഫാസ്റ്റ് മുൻസ്റ്റേഷൻ ഡയറക്ടറും ആയിരുന്ന ജോർജ് മാത്യുവിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ മികച്ച സാമൂഹികപ്രവർത്തകനുള്ള ഈ വർഷത്തെ 'നിസ്വാർത്ഥ' പുരസ്കാരം സാമൂഹ്യപ്രവർത്തക ഡോ.എം.എസ്. സുനിലിന് അഭി. കൂറിലോസ് മെത്രാപ്പോലിത്ത സമ്മാനിച്ചു.



www.malankaralibrary.com

# യേശുവിന്റെ മനുഷ്യാവതാരം മനുഷ്യചരിത്രത്തിലെ നവയുഗാരംഭം



ഫാ.മാത്യു ആലുംമൂട്ടിൽ

**കാ**ലത്തെ പുതിയതെന്നും പഴയതെന്നും പകുത്തുകൊണ്ട് കാലാതീതനായ യേശു കാലയവനികയ്ക്കുള്ളിൽ അവതരിച്ചു. പഴയതിനെ പൂർത്തിയാക്കാനും പുതിയതിനു തുടക്കം കുറിക്കാനും. കാലസമ്പൂർണ്ണതയിൽ മനുഷ്യാവതാരം ചെയ്ത യേശുവിന്റെ സ്നേഹം മനുഷ്യന്റെ സർവകാലങ്ങളേയും കവിഞ്ഞു പോകുന്നു. സ്നേഹത്തിന്റെനവയുഗം സമുദ്ഘാടനം ചെയ്തു കൊണ്ടാണ് തന്റെ മനുഷ്യാവതാരംവഴി യേശു സന്മനസ്സുള്ള സകലരേയും സമാധാനത്തിലേക്കു ക്ഷണിക്കുന്നത്. അവിടുത്തെ മനുഷ്യാവതാരമാകട്ടെ ദിവ്യരഹസ്യങ്ങൾക്കുള്ളിൽ നിഗൂഢമായിരിക്കുന്നു. അവയുടെ വിശുദ്ധ പൊരുളുകളുടെ ജ്യോതിർമയലോകം ഹിരണ്മയശോഭയോടെ നാം തെളിഞ്ഞു കാണേണ്ടതുണ്ട്. പ്രസ്തുത ധ്വനിസാന്ദ്രമായ അനശ്വരതയുടെ അദൃശ്യവെളിച്ചം കാണുവാൻ അകക്കണ്ണുകൾക്ക് സ്വർഗ്ഗവെളിപാടുതന്നെയാണ് ആവശ്യം. എങ്കിലേ, കാലിത്തൊഴുത്തിന്റെ ലാളിത്യത്തിൽ പൊതിഞ്ഞ സ്വർഗീയ സമസ്യകളുടെ ശോഭ തെളിഞ്ഞു കാണാനാവൂ. അതിന് പുൽക്കൂടുമായുള്ള നമ്മുടെ (മനോ) ദൂരവും (ബൗദ്ധിക) അകലവും ഇല്ലാതാകണം. അതിനുള്ള സ്വർഗ്ഗ വെളിച്ചം കൂടിയല്ലേ, ആട്ടിടയന്മാരെ നയിച്ച നക്ഷത്രശോഭയിൽ തിളങ്ങുന്നത് ? സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ദൂരവും, മനുഷ്യനും മനുഷ്യനും തമ്മിലുള്ള അകലവും ഇല്ലാതാക്കാൻ





www.malankaralibrary.com

വന്ന, ഊഴിവാനങ്ങളിലെന്നപോലെ മനുഷ്യഹൃദയങ്ങളിൽ നിറയുവാൻ അവതരിച്ച യേശുവിന്റെ കാലാതീതമായ ഉത്ഭവം, കാലത്തിനുള്ളിലെ മനുഷ്യാവതാരം, എന്നീ മഹാരഹസ്യങ്ങളുടെ ഉള്ളറകളിലേയ്ക്ക് പണ്ഡിതനായ ബനഡിക്ട് പതിനാറാമൻ മാർപാപ്പ തന്റെ 'നസ്രത്തിലെ യേശു' എന്ന വിഖ്യാതമായ ഗ്രന്ഥത്തിലൂടെ വെളിച്ചം വീശുന്നുണ്ട്. പ്രസ്തുത ജ്ഞാന ഖനിയിൽനിന്ന് അല്പമൊരുൾഖനനത്താൽ ധന്യമാകുക എന്നതാണ് ഈ ലേഖനോദ്ദേശ്യം.

### യേശുവിന്റെ ദൈവികോത്ഭവം

യേശുവിന്റെ സ്വത്വതനിമയെയും ദിവ്യദൗത്യത്തെയുംകുറിച്ച് അറിയുവാനുള്ള അഭിവാഞ്ഛയാണ് അവന്റെ ദൈവികോത്ഭവത്തെപ്പറ്റി അന്വേഷിക്കുന്നതിന്റെ അടിസ്ഥാനം. ''നീ എവിടെനിന്നാണ്?'' എന്ന ചോദ്യം ന്യായവിസ്താരവേളയിൽ പീലാത്തോസ് യേശുവിനോടു ചോദിക്കുന്നുണ്ടല്ലോ. ആ ചോദ്യത്തോടു ചേർന്നു പോകുന്നതാണ് ''നീ ആരാണ്''എന്നുള്ള അന്വേഷണവും. അവയ്ക്കുള്ള ഉത്തരം റോമൻ ഭരണാധിപനായ പീലാത്തോസിന്റെ രാഷ്ട്രീയ ബുദ്ധിയെ തീർച്ചയായും ഉല്ലംഘിച്ചു പോകുന്നതാണ്. അതിനാൽ അവനോടുള്ള മറുപടി യേശുവിന്റെ അർത്ഥഗർഭമായ മൗനമായിരുന്നു. നീ എവിടെ നിന്നെന്നും നീ ആരെന്നുമുള്ള ചോദ്യങ്ങളുടെ ദിശാസൂചി തിരിഞ്ഞിരിക്കുന്നത് യേശുവിന്റെ ദൈവികോത്ഭവത്തിലേയ്ക്കാണ്. അതാകട്ടെ, രഹസ്യാത്മകവും അതിന്റെ ആവിഷ്ക്കാരം രഹസ്യത്തിൽ പൊതിയപ്പെട്ടതുമത്രേ. അതിനാൽ, 'അവൻ ലോകത്തിലായിരുന്നെങ്കിലും ലോകം അവനെ അറിഞ്ഞില്ല. സ്വജനത്തിന്റെ അടുത്തേയ്ക്കു വന്നെങ്കിലും അവർ അവനെ സ്വീകരിച്ചില്ല' (യോഹ 1:10-11). എന്നാൽ താൻ ആരാണെന്നും എവിടെനിന്ന് വരുന്നുവെന്നും, അവർ അറിയണമെന്ന് യേശു ആഗ്രഹിച്ചിരുന്നു: ''ഞാൻ സ്വമേധയാ വന്നവനല്ല. എന്നെ അയച്ചവൻ (പിതാവ്) സത്യവാനാണ്... ഞാൻ അവിടുത്തെ അടുക്കൽനിന്നും വരുന്നു. അവിടുന്നാണ് എന്നെ അയച്ചത്'' (യോഹ 7: 28-29). ദൈവാലയത്തിൽ പഠിപ്പിച്ചു കൊണ്ടിരുന്നപ്പോൾ ഉച്ചത്തിലും വ്യക്തതയിലും യേശു തന്റെ ദൈവികോത്ഭവത്തെപ്പറ്റി വെളിപ്പെടുത്തവേ, ശ്രോതാക്കൾ അവനെ ബന്ധിക്കാനാണ് ശ്രമിച്ചത്. അവരുടെ അജ്ഞതയും വിദ്വേഷവും അത്ര വലുതായിരുന്നു. അതേസമയം, വൈരുദ്ധ്യം എന്നപോലെ, അവന്റെ ഉത്ഭവത്തെപ്പറ്റി അറിയാമെന്ന് അവർ അവകാശപ്പെടുകയും ചെയ്തു: ''ഇവൻ എവിടെനിന്നു വരുന്നുവെന്ന് നമുക്കറിയാം'' (യോഹ 1:27). അതു കേവലം ഭൂമിശാസ്ത്രപരമായ അറിവായിരുന്നു. അതപര്യാപ്തമാണല്ലോ യേശുവിന്റെ ദൈവികോത്ഭവവും ദൗത്യവും മഹത്വവും മനസ്സിലാക്കാൻ. യേശുവിന്റെ ഉത്ഭവം പിതാവായ ദൈവത്തിൽനിന്നാണ്. യോഹന്നാന്റെ സുവിശേഷം ഈ സത്യം ആവർത്തിച്ചുറപ്പിക്കുന്നുണ്ട്. ദൈവം പൂർവികമായി അയച്ച മറ്റാരിൽനിന്നും വ്യത്യസ്തനായും പരിപൂർണ്ണനായും വരുന്ന വ്യക്തിയാണ് യേശു. ജീവൻ തുലാസിൽ തൂങ്ങിനില്ക്കുന്ന നിർണ്ണായക നിമിഷത്തിൽ, തന്റെ മരണവിധിയിലേയ്ക്കെത്തുന്ന വിചാരണവേളയിൽ ''എന്റെ രാജ്യം ഐഹികമല്ല'' എന്ന് പ്രഖ്യാപിച്ചുകൊണ്ട്, തന്റെ ഉത്ഭവ-സ്വഭാവത്തിലേയ്ക്ക് യേശു വിലപ്പെട്ട വെളിച്ചം വീശുന്നു. അവിടുത്തെ രാജ്യം ചിതൽപ്പുറ്റു പൊതിയുന്ന ഈ ലോകമല്ല; അത്, തന്റെ പിതാവിന്റെ മോഹനീയ രാജ്യമാണ്. തന്റെ രഹസ്യാത്മകമായ ദൈവികോത്ഭവത്തിലേയ്ക്കു മാത്രമല്ല, മനുഷ്യാവതാര ദൗത്യത്തിലേക്കും ചരിത്രപ്രവേശനത്തിലേക്കും ജീവിതസൂക്തത്തിലേക്കും സനാതന ധർമ്മപ്പൊരുളുകളിലേക്കും സൂചന നല്കിക്കൊണ്ട് യേശു തുടർന്നു: ''സത്യത്തിന് സാക്ഷ്യം വഹിക്കാനാണ് ഞാൻ ജനിച്ചതും ഈ ലോകത്തിലേക്ക് വന്നതും'' (യോഹ 18:37). ഇവയെല്ലാം യേശുവിനെ വിചാരണ ചെയ്ത പീലാത്തോസിനാകട്ടെ; തെറ്റായി വിധിച്ച് യേശുവിനെ അവന് ഏല്പിച്ചു കൊടുത്ത യഹൂദ പ്രമാണികൾക്കാകട്ടെ, വെറുമൊരു ശരാശരിത്വ കുറ്റവാളിയുടെ ഭ്രാന്തൻ ജല്പനങ്ങളായി മാത്രമേ കാണാനായുള്ളൂ. ദൈവത്തിൽനിന്ന് വരുന്നു എന്നവകാശപ്പെടുന്നത് മരണാർഹമായ ദൈവനിന്ദ എന്നാരോപിച്ച് വധശിക്ഷ നടപ്പാക്കിക്കിട്ടാനാണല്ലോ യേശുവിനെ പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കിയത്. സത്യ, നീതി, ന്യായ വ്യവസ്ഥകളെക്കുറിച്ച് ജ്ഞാനത്തിന്റെ ബോധോദയം സിദ്ധിച്ചവരെന്ന് അവകാശപ്പെട്ടവരുടെ സിംഹാസനത്തിലിരുന്ന ന്യായാധിപൻ കുറ്റാരോപിതനോടു ചോദിക്കുകയാണ്: ''എന്താണ് സത്യം''? സത്യം ഉണ്മയും ഉടയാടയുമാക്കിയവൻ, സത്യത്തിൽനിന്നു ത്ഭവിച്ചവൻ, സത്യം തന്നെയായവൻ, തനിക്ക് അഭിമുഖം നില്ക്കുമ്പോഴാണ് പീലാത്തോസ് ചോദിച്ചത് : ''എന്താണ് സത്യം''? മരണമില്ലാത്ത സത്യവാന് മരണം വിധിക്കുവാനും മരണത്തിന് വിധിക്ക


www.malankaralibrary.com

പ്പെട്ടവന് (കവർച്ചക്കാരൻ ബറബാസ്) മരണത്തിൽനിന്ന് വിടുതൽ നല്കാനും വിധിവൈപരിത്യത്താൽ വിധേയനാകേണ്ടി വന്ന പീലാത്തോസിന് യേശു മറുപടി നല്കിയില്ല. അതിലുള്ള അതൃപ്തിയല്ല, അനന്തതയെ ആവാഹിച്ചും പ്രപഞ്ചത്തെ കൈക്കുമ്പിളിലേന്തിയും നില്ക്കുന്ന യേശുവിനെപ്പറ്റി അറിയുവാനുള്ള അഭിവാഞ്ഛയാണ് അപ്പോഴും പീലാത്തോസിൽ അങ്കുരിച്ചു നിന്നത്. താൻ വിചാരണ ചെയ്തു കൊലയ്ക്കു വിധിച്ചിട്ടുള്ള പല വിപ്ലവകാരികളേയും പോലെയല്ല യേശുവെന്ന് അയാൾക്കു തോന്നി. പ്രകാശംതന്നെയായ യേശുവിന്റെ ദൃഷ്ടിഭാവത്തിൽനിന്നും സത്യത്തിന്റെ ആൾരൂപമായവന്റെ വ്യക്തിപ്രാഭവത്തിൽനിന്നും, ജീവൻ തന്നെയായവന്റെ ചൈതന്യധാരയിൽനിന്നും മനസ്സിനെ മാറ്റിയെടുക്കാൻ അയാൾക്കായില്ല. അതുകൊണ്ട് ഒരവസരത്തിൽ എങ്ങനെയാണ് യേശുവിനെ വിട്ടയയ്ക്കുന്നത് എന്നുപോലും പീലാത്തോസ് ചിന്തിച്ചുവശായി. എങ്കിലും അയാൾ ഭീരുവായിരുന്നു. ജനത്തെ ഭയക്കുകയും ചെയ്തു. അതിനാൽ, സകല ഭീരുക്കളേയുംപോലെ അയാൾക്കും പ്രവർത്തിക്കാൻ എളുപ്പമായി - വിശദമായി വിചാരണ ചെയ്തിട്ടും യാതൊരു കുറ്റവും കണ്ടെത്താനാവാത്തവനെ കൊലയ്ക്കു വിധിക്കുവാനും കൊലയ്ക്കു വിധിച്ചവനെ വിട്ടയയ്ക്കാനും! അതാണല്ലോ ഭരണാധിപന്മാരുടെ അവസരോചിതമായ നീതിസാരത്തിന്റെ ഭീതിദമുഖം !



നീ എവിടെനിന്നാണ് എന്നുള്ള ചോദ്യത്തിനുത്തരം അപ്പോഴും പീലാത്തോസിന് അജ്ഞാതമായിരുന്നു. ചരിത്രത്തെ രണ്ടായി വിഭജിച്ച് നവീന യുഗം സ്ഥാപിക്കാൻ തക്ക എന്തു ശക്തിയാണ് ബേത്ലെഹെമിലെ ആ ബലഹീന ശിശുവിൽ നിഗൂഢമായി നിലകൊണ്ടിരുന്നത്? ശിശുവിന്റെ ജനനത്തെപ്പറ്റി കേട്ട മാത്രയിൽ ഭരണാധിപനായ ഹേറോദേസ് ഭയക്കാനും രണ്ടു വയസുവരെയുള്ള സകല ആൺകുട്ടികളേയും വധിക്കാൻ കല്പനയിടുവാനും തക്ക എന്തു ശക്തിയാണ് ശിശുമുഖത്ത് മുദ്രിതമായിരുന്നത്? മനുഷ്യന്റെ സകല സങ്കീർണ്ണ ജീവിതാവസ്ഥകളേയും മരണത്തെപ്പോലും ജയിച്ചുയർക്കുവാനുള്ള എന്ത് പുനരുത്ഥാന രേഖാചിത്രമാണ് ആ മുഖത്ത് ഉല്ലേഘനം ചെയ്തിരുന്നത്? ഈവിധ ചോദ്യങ്ങൾക്കുത്തരം ഉൾക്കൊള്ളുന്ന സത്യമാണ് അവിടുത്തെ ദൈവികോത്ഭവം. മറിയത്തോടുള്ള മംഗളവാർത്താദൂതിന്റെ സാരസംഗ്രഹം, ''പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ ജനിക്കുവാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവത്തിന്റെ പുത്രൻ എന്നു വിളിക്കപ്പെടും'' (ലൂക്കാ 1:35) എന്നായിരുന്നല്ലോ. ''നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്'' (മത്താ.16:16) എന്നതായിരുന്നു, എന്റെ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തിത്തന്നതെന്ന് ക്രിസ്തു പ്രശംസിച്ച, പത്രോസിന്റെ സ്വർഗ്ഗീയ ജ്ഞാനം. ക്രിസ്തുവിനെ ശരിയായി മനസ്സിലാക്കാൻ ഉന്നതങ്ങളിൽനിന്നുള്ള വെളിപ്പെടുത്തൽ ആവശ്യമാണെന്ന് ഈ വചനഭാഗം വ്യക്തമായി അടയാളപ്പെടുത്തുന്നു. റോമൻ ഭരണാധികാരത്തിൽ ഉന്മത്തനായ പീലാത്തോസിന് പ്രസ്തുത കൃപ എങ്ങനെ കരഗതമാകുവാൻ!

### ജനത്തിന്റെ വിപരീത ദിശാജ്ഞാനം

യേശുവിന്റെ ഉത്ഭവത്തെപ്പറ്റി ജനം രണ്ടു രീതിയിൽ മനസ്സിലാക്കി. നിർഭാഗ്യവശാൽ അവ രണ്ടും വിപരീതദിശയിൽ ആയിരുന്നു. ഇന്നും പല രീതിയിലാണല്ലോ പലരും യേശുവിനെ മനസ്സിലാക്കുന്നത്. ഒന്നാമത്, യേശുവിനെ നന്നായി അറിയാമെന്ന് അഭിമാനിച്ചുകൊണ്ട് ചിലർ പറഞ്ഞു: നാം അറിയുന്ന ജോസഫിന്റെയും മറിയത്തിന്റെയും മക



www.malankaralibrary.com

നാണ് യേശു. പ്രസ്തുത അറിവ് അവരെ നയിച്ചത് അവന്റെ സ്വർഗ്ഗോല്പത്തിയെ ഖണ്ഡിക്കുന്നതിലേക്കാണ്: ''ഇവൻ ജോസഫിന്റെ മകനായ യേശുവല്ലേ? ഇവന്റെ അപ്പനേയും അമ്മയേയും നമുക്കറിഞ്ഞുകൂടേ? പിന്നെങ്ങനെയാണ്, ഞാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങി വന്നിരിക്കുന്നു എന്ന് ഇവൻ പറയുന്നത്'' (യോഹ 6:42). അവൻ ദൈവപിതാവിൽനിന്നോ, സ്വർഗ്ഗത്തിൽനിന്നോ, ഉന്നതത്തിൽനിന്നോ വന്നവനല്ലെന്ന് അവർ ഉറപ്പിച്ചുകളഞ്ഞു. മറ്റൊരവസരത്തിൽ അവർ യേശുവിൽ വല്ലാതെ ഇടറുന്നുണ്ട്. സ്വന്തനാട്ടിലെ സിനഗോഗിൽവച്ച് വായിക്കാൻ നല്കപ്പെട്ട ഏശയ്യായുടെ പ്രവചനങ്ങൾ തന്നിൽ നിറവേറപ്പെട്ടിരിക്കുന്നു എന്ന് യേശു അവകാശപ്പെട്ടപ്പോൾ അതവർക്ക് താങ്ങാനായില്ല. അവർ ആക്രോശിച്ചു, ഇവൻ ആ തച്ചനല്ലേ? ''മറിയത്തിന്റെ മകനും യാക്കോബ്, യൊസെ, യൂദാസ്, ശിമയോൻ എന്നിവരുടെ സഹോദരനുമായ മരപ്പണിക്കാരനല്ലേ? ഇവന്റെ സഹോദരിമാർ നമ്മുടെകൂടെയില്ലേ? ഇങ്ങനെ പറഞ്ഞ് അവർ അവനിൽ ഇടറി'' (മർക്കോ 6:3). കുപ്രസിദ്ധമായ നസ്രത്തിൽനിന്ന് എന്തെങ്കിലും നന്മ വരുമോ? തിന്മയുടെയും അജ്ഞതയുടെയും പര്യായമായ ശരാശരിത്വത്തിലും താഴെയായ ഒരു സ്ഥലത്തുനിന്ന് ഉന്നതമായവ എന്തെങ്കിലും ഉടലെടുക്കുമോ? യേശുവിനെ നിസാരവത്ക്കരിച്ചവർ മറ്റൊരവസരത്തിൽ അവന്റെ ശ്രേഷ്ഠതയുടെ മുമ്പിൽ പകച്ചു നില്ക്കുന്നതും നമുക്ക് കാണാനാവും. നസ്രത്തിലെ സിനഗോഗിൽ യേശു പ്രസംഗിച്ചപ്പോഴാണ് അതു സംഭവിച്ചത്. അവന്റെ ജ്ഞാനവചസ്സുകൾ കേട്ടിട്ട് അവർ ആശ്ചര്യഭരിതരായി പറഞ്ഞു: ''ഇവന് ഇതെല്ലാം എവിടെനിന്ന്? ഇവനു കിട്ടിയ ഈ ജ്ഞാനം എവിടെനിന്ന്? എത്ര വലിയ കാര്യങ്ങളാണ് ഇവന്റെ കരങ്ങൾ വഴി സംഭവിക്കുന്നത്''! ജന്മനാ അന്ധനായ ഒരുവനെ സുഖപ്പെടുത്തിയത് കണ്ടപ്പോഴും അവർ പറഞ്ഞു; ''പാപിയായ ഒരു മനുഷ്യന് എങ്ങനെ ഇത്തരം അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയും?'' (യോഹ 9:16). അന്ധതയിൽനിന്ന് സുഖമാക്കപ്പെട്ടവന്റെ സാക്ഷ്യം പ്രസക്തമാണ്: ''അന്ധനായി പിറന്ന ഒരു മനുഷ്യന്റെ കണ്ണ് ആരും തുറന്നതായി ലോകാരംഭം മുതൽ ഇന്നോളം കേട്ടിട്ടില്ല. ഈ മനുഷ്യൻ ദൈവത്തിൽ നിന്നുള്ളവനല്ലെങ്കിൽ ഒന്നും ചെയ്യുവാൻ അവനു കഴിയുമായിരുന്നില്ല'' (യോഹ 9:32-33). അവനെ ശകാരിച്ചവർ അപ്പോഴും യേശു എവിടെ നിന്നാണെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ എന്നു പറഞ്ഞ് നിരാകരിക്കുകയാണു ചെയ്തത്: ''ദൈവം മോശയോടു സംസാരിച്ചെന്ന് ഞങ്ങൾക്കറിയാം. എന്നാൽ ഈ മനുഷ്യൻ എവിടെനിന്നാണെന്ന് ഞങ്ങൾക്കു അറിഞ്ഞുകൂടാ'' (യോഹ 9:29). ചില പ്പോൾ അറിയാമെന്ന് അഭിമാനിക്കുകയും മറ്റു ചിലപ്പോൾ അറിയില്ലെന്ന് അംഗീകരിക്കുകയും ചെയ്യുന്ന, അറിവിന്റെയും അജ്ഞതയുടെയും ചരടുകൊണ്ട് കെട്ടുപിണഞ്ഞു കിടക്കുന്ന, സമസ്യയായി യേശു കാണപ്പെടുന്നു - ഖലീൽ ജിബ്രാൻ സൂചിപ്പിക്കുന്ന കാവ്യശകലം പോലെ: ''കാര്യങ്ങളെല്ലാം രക്ഷകൻ വാക്കുകളിൽ വിശദമാക്കി. എന്നാൽ അവന്റെ അഗാധരഹസ്യങ്ങൾ അവനുപോലും പറയാനായില്ല.'' യേശു ശിഷ്യന്മാരോടു ചോദിക്കുന്നുണ്ടല്ലോ: 'ഞാൻ ആരെന്നാണ് ആളുകളും നിങ്ങളും പറയുന്നത് ?' (മർക്കോ. 8:27-29). അവന്റെ അഗാധ രഹസ്യങ്ങൾ അവർ അറിഞ്ഞുവോ ?

**വംശാവലിയിലൂടെ വെളിപ്പെടുന്ന ദൈവികോത്ഭവം**

**1. മത്തായിയുടെ സുവിശേഷത്തിൽ**

യേശു ആരാണ്? എവിടെനിന്നു വരുന്നു? ഇവയ്ക്കുള്ള ഉത്തരമാണ് നാലു സുവിശേഷങ്ങളും. അവയിലെ വംശാവലി വിവരണങ്ങൾ യേശുവിന്റെ ഉത്ഭവത്തിലേയ്ക്ക് കൃത്യമായ വെളിച്ചം വീശുന്നുണ്ട്. തന്റെ സുവിശേഷത്തിന്റെ തലക്കെട്ടായി വംശാവലിപ്പട്ടിക അവതരിപ്പിച്ചുകൊണ്ട് വി. മത്തായി ഗ്രന്ഥം ആരംഭിക്കുന്നു (മത്താ 1:1-17). പ്രസിദ്ധമായ ഒരു നിരീക്ഷണമുണ്ട്. അത് ഗേയോർഹ് ക്രിസ്റ്റഫിന്റേതാണ്. "A book is a mirror; if an ass peers into it you can't expect an apostle to look out". (ഗ്രന്ഥം കണ്ണാടിയാണ്. കഴുത അതിൽ നോക്കിയാൽ ഒരപ്പസ്തോലൻ പ്രതിഫലിക്കുമെന്ന് പ്രതീക്ഷിക്കരുത്). മത്തായിയുടെ വംശാവലിപ്പട്ടിക നല്ലൊരു കണ്ണാടിയാണ്. യേശു ആരെന്നും എവിടെനിന്ന് വരുന്നെന്നും അവന്റെ നിയോഗദൗത്യം എന്തെന്നും പ്രതിബിംബിപ്പിക്കുന്ന കണ്ണാടി. അതു ഗ്രഹിക്കണമെങ്കിൽ പരിശുദ്ധാത്മാവിന്റെ അഭിഷേകമുള്ള അപ്പസ്തോലനെപ്പോലെ നോക്കണം. അങ്ങനെ നോക്കുമ്പോൾ യേശുവിന് ദൈവികവും മാനുഷികവുമായ ഉല്പത്തിയുണ്ടെന്ന് ഗ്രഹിക്കാനാവും. മാത്രമല്ല, മനുഷ്യവർഗ്ഗത്തോടുള്ള തന്റെ ഐക്യം വഴി, വിശ്വാസത്തിലൂടെ തന്നോട് ഐക്യപ്പെടുന്നവരെല്ലാം തന്റെ വംശാവലിയോടാണ് അണിചേരുന്നതെന്നും വിസ്മയഭരിതമായി മനസ്സിലാക്കാനാവും !.



www.malankaralibrary.com

മത്തായി നല്കുന്ന വംശാവലിയിൽ രണ്ടു നെടുംതൂണുകളുണ്ട്. അബ്രഹാമും ദാവീദും. അവരിലാണ് വംശാവലി ഉറപ്പിക്കപ്പെട്ടിരിക്കുന്നത് എന്നു പറയാം. അബ്രഹാം വാഗ്ദാന കഥയിലെ മാണിക്യമുത്താണ്. കാരണം, അവനാണ് തിരഞ്ഞെടുക്കപ്പെട്ടവരിലെ തുടക്കക്കാരനും വരാനിരിക്കുന്ന രക്ഷാചരിത്രം യുക്തിഭദ്രമായി മുന്നോട്ടു നയിക്കുന്നവനും. അവന്റെ ദൈവവിളിയും, ദൈവം കാണിച്ചു കൊടുത്ത പുതിയ ദേശത്തേയ്ക്കുള്ള പ്രയാണവും വർത്തമാനകാലത്തിലെ പാദചലനങ്ങൾ മാത്രമായിരുന്നില്ല; വരാനിരിക്കുന്ന നവീന കാലങ്ങളിലേയ്ക്കുള്ള വിശ്വാസത്തിന്റെ തീർത്ഥാടനം കൂടിയായിരുന്നു. ''ദൈവം സംവിധാനം ചെയ്തതും നിർമ്മിച്ചതും അടിസ്ഥാനമുറപ്പിച്ചതുമായ ഒരു നഗരത്തെ അവൻ പ്രതീക്ഷിച്ചിരുന്നു'' (ഹെബ്രാ 11:10). ദൈവനഗരത്തെ പ്രതീക്ഷാഭരിതമായി നെഞ്ചിലേറ്റി തീർത്ഥാടനം ചെയ്ത അബ്രഹാം വിശ്വാസികളുടെ പിതാവായിത്തീർന്നു. ''ഭൂമിയിലെ ജനങ്ങളെല്ലാം അവനിലൂടെ അനുഗ്രഹിക്കപ്പെടുന്നു'' (ഉൽ 18:18). അവനിലൂടെ എല്ലാവരും ദൈവവാഴ്വിലേക്കു പ്രവേശിക്കുകയും ചെയ്യുന്നു. അങ്ങനെ അബ്രഹാമിൽ തുടങ്ങിയ ചരിത്രപ്രവാഹം സാർവത്രികമാനം കൈവരിക്കുന്നു. കാരണം, അത് ദൃഷ്ടിയുറപ്പിക്കുക ''സകല ജനതകളെയും ശിഷ്യപ്പെടുത്തുവിൻ'' (മത്താ 28:13) എന്ന യേശു കല്പനയിലാണ്. ഇപ്രകാരം ഒരു ജനതയുടെ വംശതുടക്കം സർവജനതകളുടെയും സാർവത്രികമായ സുവിശേഷാത്മക ചരിത്രം ലക്ഷ്യം വയ്ക്കുന്നു എന്നത് അത്ഭുതാവഹമാണ്. അതിന്റെ മഹനീയത യേശുവിന്റെ ദൈവികോത്ഭവത്തിന്റെ നിയോഗ ദൗത്യത്തിലെ സാർവത്രികമായ ഹൃദയാകാശത്തിൽ സ്ഥിതമായിരിക്കുന്നു എന്നതാണ്. മത്തായി നല്കുന്ന വംശാവലി രൂപകല്പന ചെയ്തിരിക്കുന്നത് പതിനാലു തലമുറകളുടെ മൂന്നു ഗണങ്ങളായിട്ടാണ്.

1. അബ്രഹാം മുതൽ ദാവീദുവരെ മുന്നേറുന്ന ഒന്നാം ഗണം.

2. ദാവീദു മുതൽ ബാബിലോൺ പ്രവാസംവരെ താണു പോകുന്ന രണ്ടാം ഗണം.

3. അതിനുശേഷം യേശുവെന്ന അതുല്യ ശ്രേണിയുടെ അത്യുച്ചിയിലേക്കുയരുന്ന മൂന്നാം ഗണം.

ആകെ 42 തലമുറ. യഹൂദവംശത്തിൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരിൽ അബ്രഹാം ആദ്യ പിതാവും, ദാവീദ് ആദ്യ രാജാവുമാണ്. യഹൂദവംശം അബ്രഹാമിലൂടെ രൂപപ്പെട്ടു; രാജത്വം ദാവീദിലൂടെയും. യേശു, അബ്രഹാമിനു ലഭിച്ച വാഗ്ദാന വാഴ്‌വിലെ അനുഗ്രഹമാണെന്നും, ദാവീദിനു കൈവന്ന വാഗ്ദാനവകാശത്തിലെ നിത്യം നിലനില്ക്കുന്ന രാജാവാണെന്നും മത്തായി പറഞ്ഞുവയ്ക്കുന്നു. ദാവീദിന്റെ രൂപഭാവങ്ങളിൽ ചരിക്കുന്ന ഒരു രാജാവിനെ കാത്തിരിക്കാനാണ് ജനം ഇഷ്ടപ്പെട്ടത്. എന്നാൽ ഈ രാജാവ് തികച്ചും വ്യത്യസ്തനായാണ് കാണപ്പെടുക. അവൻ വ്യക്തമാക്കി: ''എന്റെ രാജ്യം ഐഹികമല്ല''. അവൻ എപ്പോഴും സ്വർഗ്ഗത്തെ കണ്ടുല്ലസിക്കുന്നവനും ഭൂമിയെ പൊതിഞ്ഞു പിടിക്കുന്നവനുമാണ്. കാലിത്തൊഴുത്തിൽ കീറ്റുശീലയാൽ പൊതിയപ്പെട്ട് കാണപ്പെട്ടെങ്കിലും അവന്റെ യഥാർത്ഥ രാജ്യം ഈ ലോകത്തിലല്ല, അവന്റെ സിംഹാസനം മനുഷ്യന്റെ കാഴ്ചയ്ക്കപ്പുറമാണ്. എങ്കിലും, ഒന്നിലധികം പേർ ആത്മഹർഷത്തിലും നിത്യാനുരാഗത്തിലും സ്നേഹപൂർവ്വം സംഗമിക്കുന്നിടവും അവന്റെ രാജ്യമാണ്. എപ്പോഴും സ്വർഗത്തിന്റെ ഇച്ഛയാണ് അവന്റെ രാജ്യം; അതാണ് അവന്റെ ഭക്ഷണവും. അവ തന്നെയാണ് നിന്റെയും ഇച്ഛയും ഭക്ഷണവുമെങ്കിൽ, നിനക്കും അവനെ അനുഗമിക്കാം.

വംശാവലിയിലെ പതിനാലു തലമുറകളുടെ മൂന്നുഗണ വിവരണത്തിന് ഒരു ലക്ഷ്യമുണ്ട്. ഹീബ്രുഭാഷയിലെ അക്ഷരങ്ങളുടെ സംഖ്യാമൂല്യം അതു വ്യക്തമാക്കുന്നു. 'ദാവീദ്' എന്ന നാമത്തിലെ മൂന്നക്ഷരങ്ങളുടെ സംഖ്യാമൂല്യം പതിനാലാണ് (യഥാക്രമം 4+6+4=14). ഏഴിന്റെ ഗുണനമാണല്ലോ പതിനാല് (7x2=14). ഏഴും മൂന്നും യഹൂദ ധർമ്മത്തിൽ സമസ്തത (Totality) യെയും സമ്പൂർണ്ണത (Perfection) യെയും കുറിക്കുന്നു. ഇവിടെ മത്തായി വ്യക്തമാക്കുന്ന സത്യമിതാണ്: ദാവീദിന്റെ വംശത്തിൽ പിറന്ന യേശുവാണ് സമസ്തതയും സമ്പൂർണ്ണതയും; മറ്റൊരു രാജാവിനെ കാത്തിരിക്കേണ്ടതില്ല എന്നർത്ഥം. വംശാവലിയിൽ മറിയത്തിന്റെ പേരിനുമുമ്പ് നാലു സ്ത്രീകളുടെ പേര് ഉൾപ്പെടുത്തിയിരിക്കുന്നു: കാനാൻകാരി താമാർ, ജറീക്കോയിൽനിന്നുള്ള റാഹാബ്, മൊവാബ് വംശജ റൂത്ത്, ഹിത്യനായ ഊറിയായുടെ ഭാര്യ (പേരുപോലും പറയാനാവാത്തവിധം പരിഹസിക്കപ്പെട്ട പാപിനി). യഹൂദ വംശാവലിയിൽ സാധാരണ പുരുഷന്മാരേ കാണാറുള്ളൂ. ലൂക്കാ നല്കുന്ന വംശാവലി (ലൂക്കാ 9:23-27) നല്ല ഉദാഹരണമാണ്. തന്റെ വംശാവലിപ്പട്ടികയിൽ നാലു സ്ത്രീകളെ (മറിയത്തെക്കൂടാതെ)



www.malankaralibrary.com

മത്തായി ഉൾപ്പെടുത്തിയിരിക്കുന്നതിന് വിവിധോദ്ദേശ്യങ്ങളുണ്ട്.

1. നാലുപേരും വിവാഹത്തിന്റെ വിശുദ്ധ വഴി വിട്ട് ശിശുക്കൾക്ക് ജന്മം നല്കി യഹൂദകുലത്തിലും ദാവീദിന്റെ കുടുംബത്തിലും കയറിപ്പറ്റിയ പാപിനികളാണ്, പുറജാതിക്കാരുമാണ്. യേശുവിന്റെ രക്ഷയിൽ പാപികളേയും പുറജാതിക്കാരേയും ഉൾപ്പെടെ സർവരേയും സ്വീകരിക്കുന്നു എന്ന സദ്വാർത്തയാണ് മത്തായി ഇവിടെ വിവക്ഷിക്കുക.

2. ആദിമ ക്രൈസ്തവരിൽ യഹൂദ, വിജാതീയ വംശങ്ങളിൽനിന്നു വന്നവർ തമ്മിൽ കലഹമുണ്ടായിരുന്നു. അതിന്റെ പശ്ചാത്തലത്തിലാണല്ലോ ഏഴു ഡീക്കന്മാരെ തിരഞ്ഞെടുത്തത് (അപ്പ. 6:1-6). ഇരുഗ്രൂപ്പുകളും തമ്മിലുള്ള ഐക്യം ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യവും നാലു വിജാതീയ സ്ത്രീകളെ ഉൾപ്പെടുത്തിയതുവഴി മത്തായി വ്യക്തമാക്കുന്നു.

3. യഹൂദർ അവരുടെ വംശശുദ്ധിയിൽ അളവറ്റ് ഊറ്റം കൊണ്ടിരുന്നു. മത്തായി അവരെ വിനയാന്വിതരാക്കുവാൻ വംശാവലിയിലൂടെ പറഞ്ഞുവയ്ക്കുകയാണ്: വംശശുദ്ധിയിൽ നിങ്ങൾ അത്ര അഹങ്കരിക്കേണ്ടാ. നിങ്ങളുടെ വംശത്തിൽ പാപിനികൾ കയറിപ്പറ്റിയിട്ടുണ്ട്; വിജാതീയ രക്തം കലർന്നിട്ടുമുണ്ട്.

4. ഏറ്റം പ്രധാന വസ്തുത വംശാവലി ഒരു സ്ത്രീരത്നത്തിൽ സമാപിക്കുന്നു എന്നതാണ് - മറിയത്തിൽ. അതോടെ, ഒരു പുതിയ തുടക്കം കുറിക്കുന്നു. വംശാവലിയുടെ ആരോഹണക്രമം തകിടം



മറിയുകയും ചെയ്യുന്നു. അതുവരെ ഓരോ തലമുറയെയും അടയാളപ്പെടുത്തിയത്; 'അബ്രഹാം ഇസഹാക്കിന്റെ പിതാവായിരുന്നു ഇസഹാക്ക് യാക്കോബിന്റെ പിതാവായിരുന്നു' എന്നിങ്ങനെയാണ്. എന്നാൽ മറിയത്തിലേക്ക് വരുമ്പോഴാകട്ടെ, ''യാക്കോബ് മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ പിതാവായിരുന്നു'' (മത്താ 1:16) എന്നത്രേ! തുടർന്ന് ''അവളിൽനിന്ന് ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു'' എന്നു നാം വായിക്കുന്നു. അതായത്, യേശുവിന് ഭൗതിക പിതാവില്ല. ''അവൾ ഗർഭം ധരിച്ചത് പരിശുദ്ധാത്മാവിൽനിന്നാണ്''. ജോസഫ് യേശുവിന്റെ ശാരീരിക പിതാവല്ല. ''അവർ സഹവസിക്കുന്നതിനുമുമ്പ് അവൾ ഗർഭിണിയായി കാണപ്പട്ടതിനാൽ ജോസഫ് അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു'' (മത്താ 1:19). ആ വിഷമസന്ധിയിലാണ് സ്വർഗ്ഗത്തിന്റെ സന്ദേശം ജോസഫിനു ലഭിക്കുന്നത്: ''ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്'' (മത്താ 1:20). ''കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും'' (ഏശ 7:14) എന്ന പ്രവചനവും മത്തായി ഉദ്ധരിക്കുന്നു. ഇപ്രകാരം യേശു ദൈവപുത്രനാണെന്ന് മത്തായി അസന്ദിഗ്ദ്ധമായി വെളിപ്പെടുത്തുന്നു.

## 2. മർക്കോസിന്റെ സുവിശേഷത്തിൽ

മർക്കോസിന്റെ സുവിശേഷത്തിൽ വിശദമായ വംശാവലി വിവരണമില്ല. എന്നാൽ അതിന്റെ ലക്ഷ്യം, യേശുവിന്റെ ദൈവികോത്ഭവം - മർക്കോസിന് ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. സുവിശേഷം തുടങ്ങുന്നതുതന്നെ യേശുവിന്റെ ദൈവപുത്രസ്ഥാനം വ്യക്തമാക്കിക്കൊണ്ടാണ്: ''ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം''. മർക്കോസിന്റെ സുവിശേഷംതന്നെ യേശുവിന്റെ ദൈവികോല്പത്തിയുടെ ആവിഷ്ക്കാരമാണെന്നു പറയാം. അതിന്റെ ഉജ്ജ്വലമായ പ്രകാശനമായാണ് ക്രൂശിതനായ യേശുവിന് അഭിമുഖം നിന്ന ശതാധിപന്റെ പെട്ടെന്നുണ്ടായ പ്രതികരണം മർക്കോസ് വിവരിക്കുന്നത് : ''സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു'' (മർക്കോ 15:39). അനാദി മുതലുള്ള ദൈവമനസ്സിലെ രക്ഷാകരകർമ്മം പൂർത്തീകരിച്ച ദൈവപുത്രനും മനുഷ്യപുത്രനുമായ യേശുവിന്റെ സദ്വാർത്ത കേൾക്കുവാനാണ് തന്റെ സുവിശേഷത്തിലൂടെ മർക്കോസ് നമ്മെ ക്ഷണിക്കുന്നതുതന്നെ!


www.malankaralibrary.com

### 3. ലൂക്കായുടെ സുവിശേഷത്തിൽ

ലൂക്കാ, വംശാവലി (3:23-38) അവതരിപ്പിക്കുന്നത് യേശുവിന്റെ പരസ്യജീവിതത്തിലേക്കുള്ള പടിവാതിലായിട്ടാണ്. മത്തായിയിൽ അത് തിരുവവതാര ആരംഭമായിട്ടായിരുന്നു. യഹൂദ ധർമ്മത്തിൽ രാജാവോ (2 സാമു 5:4) പുരോഹിതനോ (സംഖ്യ 4:3) ആയി അഭിഷേകം ചെയ്യപ്പെടാനും സമൂഹം അവയംഗീകരിക്കാനും ആവശ്യമായ പ്രായം മുപ്പതായിരുന്നു. ഭാരത സംസ്കാരത്തിലും അപ്രകാരം കാണുന്നുണ്ട്. നമ്മുടെ സംസ്കൃതിയിലെ മഹാമനീഷിയായ ഡോ.രാധാകൃഷ്ണനെ ഗുരുസ്ഥാനീയനായി സമൂഹം അംഗീകരിച്ചത് അദ്ദേഹത്തിന്റെ മുപ്പതിനോടടുത്ത പ്രായത്തിലായിരുന്നു. മുപ്പതു വയസു പ്രായമായപ്പോൾ പ്രവേശിക്കുന്ന പരസ്യജീവിതാരംഭത്തിൽ വംശാവലി അവതരിപ്പിച്ചുകൊണ്ട് ലൂക്കാ വ്യക്തമാക്കുന്നത് യേശുവിന് കരഗതമാകുന്ന പ്രസ്തുത പരസ്യജീവിത ശുശ്രൂഷകളുടെ അംഗീകാരവും യോഗ്യതയുമാണ്. പരിശുദ്ധാത്മാവാസത്തിലൂടെ കന്യകാമറിയത്തിൽനിന്ന് ജാതം ചെയ്തവനും നിയമത്തിന്റെ മുമ്പിൽ ''ജോസഫിന്റെ മകനാണെന്നു കരുതപ്പെട്ടിരുന്നവനുമായ'' (3:23) യേശുവിന്, മാതാപിതാക്കളുടെ വംശാവലിയവകാശം (പിൻതുടർച്ചാവകാശം) വഴി പരസ്യജീവിത ശുശ്രൂഷകൾക്കുള്ള അംഗീകാരമുദ്ര അണിയുവാനായിരിക്കുന്നു. യേശുവിൽ ആരംഭിക്കുന്ന ലൂക്കായുടെ വംശാവലി പിൻയാത്ര ചെയ്ത് സമാപിക്കുന്നത് ദൈവത്തിലാണ്. ''സേത്ത് ആദാമിന്റെയും പുത്രനായിരുന്നു. ആദം ദൈവത്തിന്റേതുമായിരുന്നു'' (3:38). മത്തായിയാകട്ടേ, അബ്രഹാമിൽ തുടങ്ങി തലമുറകളിലൂടെ യാനം ചെയ്ത് യേശുവിൽ നങ്കൂരമിടുന്നു. ഭൂതകാലത്തിൽനിന്ന് വർത്തമാനകാലത്തിലേക്കുള്ള കടന്നുവരവ് - മറ്റു വാക്കുകളിൽ, വംശാവലിവൃക്ഷത്തിന്റെ വേരിൽ (പിതാമഹനായ അബ്രഹാമിൽ) നിന്ന് മുകുളാഗ്രത്തിലേക്കുള്ള (യുഗപ്രതീക്ഷയുടെ സാക്ഷാത്ക്കാരമായ യേശുവിലേയ്ക്കുള്ള) കയറ്റമാണത്. ലൂക്കായിലാകട്ടെ, അത് മുകുളാഗ്രത്തിൽനിന്ന് വേരിലേയ്ക്കുള്ള ഇറക്കമാണ് - യേശുവിൽനിന്ന് തലമുറകളിലൂടെ ദൈവത്തിലേക്കുള്ള കടന്നുപോക്ക്. മത്തായിയും ലൂക്കായും വംശാവലിപ്പട്ടികയിൽ മറ്റു വ്യത്യസ്തതകളും പാലിക്കുന്നതായി കാണാം. ചില പേരുകളിൽപ്പോലും വ്യത്യാസങ്ങൾ വ്യക്തമാണ്. ചുരുക്കം ചില പേരുകളിൽ മാത്രമേ അവർ യോജിക്കുന്നുള്ളൂ എന്നതാണ് സത്യം. ഇതെങ്ങനെ സാധിക്കും? എന്താണ് ഇതിന്റെ സാധൂകരണം? വ്യക്തികളുടെ പേരുകൾ നിഷ്ഠയോടെ അവതരിപ്പിക്കുക എന്നതായിരുന്നില്ല അവരുടെ ലക്ഷ്യം. പിന്നെയോ, ചില പ്രതീകാത്മക ഘടനയിലൂടെ യേശുവിന്റെ ചരിത്രപ്രവേശനം, അവിടുത്തെ ദൈവികോത്ഭവം മഹത്വശോഭയോടെ അവതരിപ്പിക്കുക എന്നതായിരുന്നു. പതിനാലു തലുറകൾ വീതം മൂന്നു ഗണങ്ങളുള്ള മത്തായിയുടെ വിവരണം അതിന്റെ പ്രാധാന്യത്തോടെ നാം കണ്ടതാണല്ലോ. ലൂക്കാ, ചരിത്രത്തിന്റെ കാലക്രമത്തെ പന്ത്രണ്ടായി വിഭജിച്ച് അതിന്റെ അന്ത്യത്തിൽ ഏഴു വീതമുള്ള പതിനൊന്നു ഗണം തലമുറകളെ ചേർത്തണച്ചിരിക്കുന്നു. 'കാലസമ്പൂർണ്ണതയെ' കുറിക്കുവാൻ അന്നത്തെ ദീർഘദർശന സാഹിത്യശൈലിയെ (Apocalyptic Literature) ലൂക്കാ അവലംബിച്ചിരിക്കാം. അതായത്, സമയത്തിന്റെ പൂർണ്ണത ഉദയം ചെയ്തത് യേശുവിനോടുകൂടിയാണെന്ന് ലൂക്കാ സമർത്ഥിക്കുന്നു. ലോകചരിത്രത്തെ രണ്ടായി പകുത്തുകൊണ്ടാണ് നിർണ്ണായകമായും ഉജ്ജ്വലമായും യേശു രംഗപ്രവേശനം ചെയ്തിരിക്കുന്നത്. അവൻ ദൈവത്തിൽനിന്നും വരുന്ന കാലസമ്പൂർണ്ണതയിലെ പുതിയ ആദമാണ്. ദൈവശ്വാസം നാസാരന്ധ്രങ്ങളിൽ സ്വീകരിച്ച ആദ്യ ആദമായിട്ടല്ല, ദൈവപുത്രനായിട്ടാണ് അവൻ വന്നിരിക്കുന്നത്. ഈ ദൈവശാസ്ത്രം വഴിയായും വംശാവലിയുടെ ആരംഭത്തെ ദൈവത്തിലേക്കു കൂട്ടിക്കൊണ്ടു പോകുന്നതു മുഖേനയും മനുഷ്യവംശം മുഴുവനായും യേശുവിൽ നവമായി സമാരംഭിക്കുന്നു എന്നതാണ് ലൂക്കാ വെളിപ്പെടുത്തുന്ന നവീന സത്യം. അവൻ അനാദി മുതലേ, സൃഷ്ടിക്കു മുമ്പു മുതലേ, പിതാവായ ദൈവത്തോടൊപ്പം ഉള്ളവനാണ്. ദൈവമനസ്സിലെ രക്ഷാകരപദ്ധതിയുടെ പ്രഭാപൂർണ്ണവും പ്രസാദാത്മകവുമായ മർമ്മം യേശുവിൽ സംഭവിച്ചിരിക്കുന്നു എന്നതാണ് വംശാവലിയുടെ കാതൽ. അതേറെ സുന്ദരമാണ്! കാരണം, അവനാണ് വെളിപാടു ഗ്രന്ഥത്തിൽ യോഹന്നാൻ ദർശിക്കുന്ന ആൽഫയും ഒമേഗയും - ഒന്നാമനും ഒടുവിലത്തവനും - ആദിയും അന്തവും.

### 4. യോഹന്നാന്റെ സുവിശേഷത്തിൽ

സമാന്തര സുവിശേഷങ്ങളിലെന്നപോലെ യോഹന്നാന്റെ സുവിശേഷത്തിൽ വംശാവലി വിവരണമില്ല. എന്നാൽ കവിതയുടെ ഒഴുക്കും ദർശനത്തിന്റെ ആഴവുമുള്ള സുവിശേഷാരംഭത്തിൽ യേശുവിന്റെ ദൈവികോത്ഭവവും സ്വത്വത്തനിമയും



www.malankaralibrary.com

യോഹന്നാൻ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട് (1:1-5). ''ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമായിരുന്നു; അവനിൽ ജീവനുണ്ടായിരുന്നു.

ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു''. ജീവനും വെളിച്ചവുമുള്ള വചന വിസ്മയങ്ങളിലൂടെ അനാദി മുതൽ ദൈവത്തോടൊപ്പമുള്ള യേശുവിന്റെ അസ്ഥിത്വത്തിലേക്ക് യോഹന്നാൻ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. ദൈവികരഹസ്യങ്ങളുടെ ഉയരാഴങ്ങൾ കാണാനാവുന്ന ജ്ഞാനദൃഷ്ടിയുള്ള യോഹന്നാൻ ഉല്പത്തിയുടെ കഥാകഥനമാരംഭിക്കുന്നത് അനാദി മുതൽ ദൈവത്തോടൊപ്പം സ്ഥിതമായിരുന്ന സൃഷ്ടിശക്തിയുള്ള വചനമായ യേശുവിനെ വെളിപ്പെടുത്തിക്കൊണ്ടാണ്: ''സമസ്തവും അവനിലൂടെ ഉണ്ടായി'' (1:3). ......... വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു'' (1:14).

യോഹന്നാനിൽ 'വചനം' കേവലമായ ഭാഷാപദം മാത്രമല്ല, അതൊരു വ്യക്തിയാണ് (Person). യേശുവിനെ സൂചിപ്പിക്കുന്ന വാക്കാണ് യോഹന്നാനെ സംബന്ധിച്ച് 'വചനം'. ''ആദിയിൽ വചനം ഉണ്ടായിരുന്നു'' എന്നതിനർത്ഥം ആദിയിൽ യേശു ഉണ്ടായിരുന്നു എന്നാണ്. അപ്പോൾ തുടർവാക്യങ്ങൾ ഇപ്രകാരം വായിക്കാം: യേശു ദൈവത്തോടുകൂടിയായിരുന്നു. യേശു ദൈവമായിരുന്നു. സമസ്തവും യേശുവിലൂടെ ഉണ്ടായി..... വചനമായ യേശു മാംസമായി നമ്മുടെയിടയിൽ കൂടാരമടിച്ചു. പഴയനിയമ കൂടാരത്തിലും പിന്നീട് ജറുസലേം ദൈവാലയത്തിലും വസിച്ച ദൈവത്തെപ്പോലെ വചനമായ യേശു നമ്മുടെയിടയിൽ വസിച്ചു എന്നർത്ഥം. വചനമാണ് എല്ലാറ്റിന്റെയും ആരംഭം. ''സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല'' (1:3), എല്ലാറ്റിന്റെയും ജീവൻ അവനായിരുന്നു. പ്രപഞ്ചത്തിന് രൂപഭാവങ്ങൾ നല്കിയ പ്രകാശവും അവനാണ്. അവൻ മാംസം ധരിച്ച് മനുഷ്യനായി നമ്മുടെയിടയിൽ വസിച്ചതോടെ മനുഷ്യാസ്തിത്വം നവീകൃതമായ പാതയിലേക്കു പ്രവേശിച്ചിരിക്കുന്നു; ''തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി. അവർ ജനിച്ചത് രക്തത്തിൽനിന്നോ ശാരീരികാഭിലാഷത്തിൽനിന്നോ പുരുഷന്റെ ഇച്ഛയിൽനിന്നോ അല്ല, ദൈവത്തിൽ നിന്നത്രേ'' (1:12-13). ഇവിടെ ഉപയോഗിച്ചിരിക്കുന്ന അവൻ, അവർ എന്നീ പദങ്ങൾ വിശദമാക്കേണ്ടതുണ്ട്. 'അവൻ' (സുറിയാനി, ലത്തീൻ കയ്യെഴുത്തു പ്രതികളനുസരിച്ച്) എന്ന പദം പരിശുദ്ധാത്മാവിൽ നിന്നുള്ള യേശുവിന്റെ ജനനത്തിലേക്കും അവന്റെ ഉണ്മയിലേക്കുമുള്ള സൂചന നല്കുന്നു. 'അവർ' (ഗ്രീക്ക് കയ്യെഴുത്തു പ്രതിയനുസരിച്ച്) എന്ന പദമാകട്ടെ, യേശുവിന്റെ നാമത്തിൽ പുതിയൊരു ജന്മം, ഉണ്മ പ്രാപിക്കുന്നവരെക്കുറിച്ചാണ്, യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്നവരെക്കുറിച്ചാണ്. 'അങ്ങയുടെ നാമമറിയുന്നവർ അങ്ങിൽ വിശ്വാസമർപ്പിക്കുന്നു' (സങ്കീ 9:10). 'ചിലർ രഥങ്ങളിലും മറ്റു ചിലർ കുതിരകളിലും അഹങ്കരിക്കുന്നു; ഞങ്ങളാകട്ടെ, ഞങ്ങളുടെ ദൈവമായ കർത്താവിന്റെ നാമത്തിൽ അഭിമാനം കൊള്ളുന്നു' (സങ്കീ 20:7). ഈ സങ്കീർത്തന വാക്യങ്ങളിലുള്ള 'നാമം' എന്നത് പേരിന്റെ സൂചനയല്ല; സത്തയുടെ, ഉണ്മയുടെ പൊരുളാണ്. ഇതേ അർത്ഥത്തിൽ യോഹന്നാൻ ഉപയോഗിച്ചിരിക്കുന്ന 'നാമം' യേശുവിന്റെ സത്തയുടെ, ഉണ്മയുടെ സമഗ്രതയെ പുല്കുന്നു. യേശുവിന്റെ നാമത്തിൽ വിശ്വസിക്കുകയെന്നാൽ യേശുവിന്റെ സത്തയിലും, ഉണ്മയിലും ഉൾച്ചേരുക എന്നാണർത്ഥം. അത് യേശുവിന്റെ ദൈവികോത്ഭവത്തിലുള്ള യഥാർത്ഥമായ പങ്കുപറ്റലാണ്. യേശു ദൈവത്തിൽനിന്നും ജനിച്ചതുപോലെ യേശുവിൽ വിശ്വസിക്കുന്നവരും ദൈവമക്കളായി ജനിക്കുന്നു. ഇവിടെ യോഹന്നാൻ വംശാവലിയുടെ ഏറ്റവും നവീനവും അഗാധവുമായ ദർശനവെളിച്ചത്തിലേക്കു പ്രവേശിക്കുന്നു. യേശുവിലുള്ള വിശ്വാസംവഴി അവന്റെ സത്തയിലും ഉണ്മയിലും ഉൾച്ചേർന്ന് ദൈവമക്കളാകുന്നവർ യഥാർത്ഥത്തിൽ അവന്റെ വംശാവലിയുടെ ഭാഗമായിത്തീരുന്നുവെന്ന് യോഹന്നാൻ പഠിപ്പിക്കുന്നു. അങ്ങനെ യേശുവിന്റെ വംശാവലിയോട് ജ്ഞാനസ്നാനം സ്വീകരിക്കുന്നവർ അണിചേർക്കപ്പെടുന്നു. അത് അവരെ പുതിയ ജനനത്തിലേക്കു നയിക്കുന്നു; ദൈവത്തിൽനിന്നുള്ള ദൈവമക്കളുടെ പദവിയിലേക്കുയർത്തുന്നു. യേശുവിന്റെ വംശാവലി പിറകോട്ട് അനാദിയിലേക്കും മുമ്പോട്ട് യുഗാന്ത്യത്തിലേക്കും സഞ്ചരിക്കുന്നു. ഇപ്രകാരം മുന്നോട്ടു വളരുന്ന ചലനാത്മകമായ വംശവലിയാണ് സൃഷ്ടിയുടെ ജീവനും വെളിച്ചവുമായ യേശുരഹസ്യങ്ങളിലേക്കുള്ള പ്രവേശന കവാടമായി യോഹന്നാൻ അവതരിപ്പിക്കുന്ന തന്റെ സുവിശേഷാരംഭം.

(തുടർഭാഗം അടുത്ത ലക്കത്തിൽ)



www.malankaralibrary.com



മെർലിൻ റ്റി. മാത്യു
(എം.ജി.എം. ഹൈസ്കൂൾ, തിരുവല്ല)

# ലൈഫ് ഈസ് ബ്യൂട്ടിഫുൾ




ഒരിക്കൽ കവി മുന്തിരിവള്ളിയോട് ചോദിച്ചു : എന്താണ് ജീവിതമെന്ന്. മുന്തിരിച്ചെടി പറഞ്ഞു, മറ്റുള്ളവർക്ക് മധുരമായി തീരേണ്ട ദാനമാണ് ജീവിതം. കവി മിന്നാമിന്നിയോട് ചോദിച്ചു : മിന്നാമിന്നി പറഞ്ഞു, നമ്മിലെ പ്രകാശം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതാണ് ജീവിതം. കവി മത്സ്യത്തോട് ചോദിച്ചു : മത്സ്യം പറഞ്ഞു, ഒഴുക്കിനെതിരെ നീന്തുന്നതാണ് ജീവിതം. കവി പുഴയോട് ചോദിച്ചു : പുഴ പറഞ്ഞു, ഒഴുകിയൊഴുകി കടലിനോട് ചേരുന്ന ഒരു ധ്യാനമാണ് ജീവിതം.

പ്രകൃതി നമ്മെ പഠിപ്പിക്കുന്നു – ജീവിതം ദാനമാണ്, പ്രകാശമാകുന്നതാണ്, ഒഴുക്കിനെ അതിജീവിക്കുന്നതാണ്, അതിലൂടെ ജീവിതം ധ്യാനമാകണമെന്ന്. പക്ഷെ പലപ്പോഴും ജീവിതത്തിൽ സന്തോഷത്തിന്റെ താക്കോൽ missing ആണ്. മരങ്ങൾ തിങ്ങിനില്ക്കുന്ന വനം ദൂരെനിന്ന് നോക്കുമ്പോൾ കാടായി തോന്നും. എന്നാൽ അടുത്ത് ചെന്ന് നോക്കുമ്പോൾ മരങ്ങൾ ഓരോന്നും ഒറ്റയ്ക്കാണ്. എന്നതുപോലെ, പലപ്പോഴും ജീവിതത്തിൽ യാഥാർത്ഥ്യങ്ങളുടെ മുൻപിൽ പലരും ഒറ്റയ്ക്കാണ് എന്ന് തോന്നാം. ആയിരിക്കുന്ന സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ പറ്റാത്തതാണ് അതിനു കാരണം.

ദൈവപുത്രന് ജന്മം കൊടുക്കാൻ കാലിത്തൊഴുത്ത് മതി എന്നു ചിന്തിച്ച മറിയം നമുക്ക് മാതൃകയാകണം. അതുകൊണ്ടാണ് ലോകം കണ്ടതിൽവച്ച് ഏറ്റവും വലിയ motivator ഈശോ തന്നെയായത്. നമ്മുടെ ജീവിതം എങ്ങനെയെന്ന് അറിയുവാൻ 3 ചോദ്യങ്ങൾക്ക് നാം ഉത്തരം കണ്ടെത്തണം.

1. ഉള്ള താലന്ത് എന്തു ചെയ്യുന്നു?

2. ഉള്ള താലന്ത് എങ്ങനെ വർദ്ധിപ്പിക്കുന്നു?

3. ഉള്ള താലന്ത് എങ്ങനെ വിനിയോഗിക്കുന്നു?

ഇതിന് ഉത്തരം കണ്ടെത്തിയാൽ ജീവിതം എങ്ങനെയെന്ന് അറിയാം. അല്ലെങ്കിൽ ഓടാത്ത വാച്ച് കൈയ്യിൽ കെട്ടികൊണ്ടു നടക്കുന്നവനെപ്പോലെയാകും ജീവിതം. വാച്ച് ഉണ്ട്, പക്ഷെ സമയം ശരിയല്ല എന്നു പറയേണ്ടി വരും.

### ഉള്ള താലന്ത്:

ഓരോരുത്തരും തനിക്കുള്ള താലന്ത് തിരിച്ചറിയണം. വിമാനം ആകാശത്തിലൂടെ പോകുന്നതു കണ്ടപ്പോൾ ഒരു കുട്ടി അമ്മയോട് പറഞ്ഞു, എനിക്കും വിമാനം പറത്തുന്ന പൈലറ്റിനെപ്പോലെയാകണം. ആഗ്രഹങ്ങളും സ്വപ്നങ്ങളും നമ്മുടെ ഉയർച്ചയ്ക്ക് നല്ലതുതന്നെ. എനിക്കും ഒരു പൈലറ്റാകണം. എന്നാൽ എന്റെ കഴിവും സാദ്ധ്യതയും പരിമിതികളുംകൂടി ഞാൻ തിരിച്ചറിയണം. മറ്റുള്ളവർക്കുള്ളതെല്ലാം നമുക്ക് വേണം. എന്നാൽ എനിക്കുള്ളത് ഇത്രയും പോരാ എന്നു ചിന്തിച്ചാൽ ജീവിതം സന്തോഷം ഉള്ളതാകുകയില്ല. അധികാരവും, ധനവും, സൗന്ദര്യവും ഒക്കെയാണ് സന്തോഷത്തിന്റെ കാരണം എന്നാണ് പല മനുഷ്യരും ചിന്തിക്കുക. ഇതൊന്നുമില്ലാത്ത എത്രയോ ആളുകൾ എന്നിട്ടും സമാധാനത്തോടെ ഉറങ്ങുന്നു. എല്ലാം ഉള്ള പലരും പട്ടുമെത്തയിൽ ഉറങ്ങുന്നുമില്ല.



www.malankaralibrary.com

ഒരു കടൽ മുഴുവൻ വെള്ളം ഉണ്ടെങ്കിലും കപ്പൽ മുങ്ങുന്നില്ല വെള്ളം കപ്പലിനുള്ളിൽ കയറുംവരെ. ജീവിതവും ഇങ്ങനെതന്നെ. ഉള്ള താലന്ത് തിരിച്ചറിയുക Love yourself.

## ഉള്ള താലന്തിന് എന്തുപറ്റി?

ഗലീലി വളരെ മനോഹരമായാണ് ഒഴുകുന്നത്. നിറയെ മത്സ്യങ്ങളും, മുത്തുകളും, ചിപ്പികളും, തെളിഞ്ഞ വെള്ളവും, വശ്യഭംഗിയും എല്ലാംകൊണ്ട് സഞ്ചാരികളെ ആകർഷിക്കുന്ന ഒരു മനോഹര തീരം. ചാവുകടൽ (dead sea) ആകട്ടെ നിശ്ചലമാണ്. മത്സ്യങ്ങൾ ഇല്ല. ഒരു ജീവന്റെ തുടിപ്പുപോലും, എന്തിന് ഒഴുക്ക് പോലും ഇല്ല. നാം കിടന്നാൽപോലും മുങ്ങിപ്പോകാതെ പൊങ്ങിക്കിടക്കും. എന്താണ് കാരണമെന്നോ, അതിലെ ലവണാംശമാണ് - ഉപ്പിന്റെ ആധിക്യം. വലിയൊരു അത്ഭുതം എന്തെന്നോ, ഈ ഗലീലിയിലേക്കും ചാവുകടലിലേക്കും ഒഴുകുന്ന ജലസ്രോതസ്സ് ഒരേ ഉറവയിൽനിന്നാണ് എന്നതാണ്. എന്നാൽ ചാവുകടൽ സമുദ്രനിരപ്പിൽനിന്ന് താഴ്ന്ന് ഒഴുക്കില്ലാതെ നിശ്ചലമായി പോയി.

ജീവിതത്തിലെ എല്ലാ കാര്യങ്ങളും ഇങ്ങനെതന്നെയാണ്. ക്രിസ്തുവാകുന്ന ഉറവയിൽനിന്നാണ് സകലവും. എന്റെ ഉറവുകൾ ഒക്കെയും നിന്നിൽനിന്ന് ആകുന്നു (സങ്കീ. 87:7). ഒഴുക്കില്ലാതെ, ജീവിതം പകർന്നു കൊടുക്കാതെ താഴ്ന്നു പോകരുത്. ജീവിതത്തിൽ എപ്പോഴും സന്തോഷം കണ്ടെത്തണം. എല്ലാം നല്ലത് ആയത് കൊണ്ടല്ല, എല്ലാത്തിലും നന്മ കാണാൻ സാധിക്കുന്നതുകൊണ്ടാകണം സന്തോഷം.

## ഉള്ള താലന്തിനെ എങ്ങനെ വർദ്ധിപ്പിക്കാം?

The two most powerful warriors are patience and time (Leo Tolstoy)

ക്ഷമയോടെ, ശാന്തതയോടെ ഓരോരുത്തരും കുടുംബത്തിനായി സമയം മാറ്റിവയ്ക്കണം. പരാജയങ്ങളുണ്ടാകാം. പക്ഷേ തളർന്നു പോകരുത്. ഒരു മരത്തിൽ ഏറ്റവും അവസാനമാണ് ഫലം ഉണ്ടാകുന്നത്. നമ്മുടെ കാഴ്ചകളിൽ ഏറ്റവും മനോഹരമായ കാഴ്ച മറ്റുള്ളവരുടെ ഗുണങ്ങളും നന്മകളും കാണുക എന്നതാകണം. പരാജയങ്ങളിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളുക. മറ്റുള്ളവരുടെ ജീവിതവുമായി നമ്മെ താരതമ്യപ്പെടുത്താതിരിക്കുക. കാരണം, സൂര്യനും ചന്ദ്രനും അതതിന്റെ സമയത്ത് പ്രകാശിക്കുന്നു. ഒരു തൂവൽ നഷ്ടപ്പെട്ടു എന്നു കരുതി ഒരു പക്ഷിയും പറക്കാതിരുന്നിട്ടില്ല, പരുക്കു പറ്റിയ ഒരു മൃഗവും നിരാശയാലോ പരാജയബോധത്താലോ ഇര തേടാതിരുന്നിട്ടില്ല. വീഴ്ചയിൽനിന്നല്ലേ നാമോരോരുത്തരും നടന്നു തുടങ്ങിയത്.

ജീവിതം ഒരു പിയാനോ പോലെയാണ്. അതിലെ വെള്ള keys സന്തോഷ നിമിഷങ്ങളാണ് കറുത്ത keys സങ്കട നിമിഷങ്ങളുമാകാം. എന്നാൽ ഓർക്കുക, രണ്ടുംകൂടെ ചേർത്ത് വായിക്കുമ്പോൾ മാത്രമേ ശ്രുതിമധുരമായ സംഗീതം ഉണ്ടാകുകയുള്ളൂ. ഇരുണ്ട മേഘങ്ങളിൽനിന്ന് മഴതുള്ളികൾ ഉണ്ടാകുന്നതുപോലെ, ഇരുണ്ട ഖനികളിൽനിന്ന് Diamond ഉണ്ടാകുന്നതുപോലെ, ജീവിതത്തിന്റെ കഷ്ടങ്ങളിലും, കൂടുതൽ ദൈവകൃപ സ്വീകരിച്ച് സ്വയം പ്രകാശിക്കാൻ നമുക്ക് സാധിക്കട്ടെ.





www.malankaralibrary.com

# നവതി ആഘോഷിക്കുന്ന സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ [സംക്ഷിപ്ത ചരിത്രം - ഒന്നാം ഭാഗം]



**മോൺ. ചെറിയാൻ താഴമൺ**
(മുഖ്യ വികാരിജനറാൾ, തിരുവല്ല അതിഭദ്രാസനം)

### ആമുഖം

തിരുവല്ല അതിഭദ്രാസനാദ്ധ്യന്റെ ഔദ്യോഗിക കത്തീഡ്രൽ ദേവാലയവും തിരുവല്ല പട്ടണത്തിന്റെ തിലകക്കുറിയുമായി മാറിയിരിക്കുന്ന സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ആരംഭിച്ചിട്ട് തൊണ്ണൂറ് വർഷം പൂർത്തിയാക്കി, അനേകരെ ആകർഷിക്കുന്ന ഇടവക കൂട്ടായ്മയും ദേവാലയവുമായി രൂപപ്പെട്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ കത്തീഡ്രലിന്റെ വസ്തുതാപരമായ ചരിത്രം തേടിയുള്ള അന്വേഷണമാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യം. 'ഇവൻ ആ തച്ചന്റെ മകനല്ലേ' എന്ന് നാട്ടുകാർ പറഞ്ഞ് അധിക്ഷേപിച്ചിരുന്നവനെ, 'സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു' എന്ന് ശതാധിപൻ ഏറ്റുപറഞ്ഞു പ്രഖ്യാപിച്ചതുപോലെ, കുഴിയിൽ തിരുമേനിയുടെ ഓലക്കുടിൽ എന്ന് പുനരൈക്യ വിരോധികൾ വിളിച്ചധിക്ഷേപിച്ചിരുന്ന സെന്റ് ജോൺസ് കത്തീഡ്രലിനെ വാസ്തുശില്പികളെക്കൊണ്ട്, തച്ചുശാസ്ത്രത്തിന് പഠനമാതൃകയെന്നും, പൊതുസമൂഹത്തെക്കൊണ്ട് നാടിന്റെ തിലകക്കുറിയെന്നും പറയിക്കുവാൻ ഇടയാക്കിയ ദൈവനടത്തിപ്പിന്റെ ചരിത്രമാണ് സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിന്റെ ചരിത്രം. മലങ്കര പുനരൈക്യത്തിന്റെയും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെയും ചരിത്രം ദൈവനടത്തിപ്പിന്റേതാണെന്നത് സാക്ഷികളാവശ്യമില്ലാത്തത്ര വ്യക്തമാണ്. 'സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും' എന്നുള്ളത് മാറ്റമില്ലാത്ത ദൈവവചനമാണല്ലോ. മലങ്കരസഭയിൽ ഉണ്ടായ അനൈക്യവും അസമാധാനവും ദൂരീകരിച്ച് ഐക്യവും സമാധാനവും പുനസ്ഥാപിക്കുവാനുള്ള ശ്രമത്തിന്റെ ഫലമാണ് 1930 സെപ്റ്റംബർ 20 ന് ശനിയാഴ്ച സഫലമായ മലങ്കര പുനരൈക്യവും, അതിലൂടെ സാർവ്വത്രികസഭാ കൂട്ടായ്മയിൽ പുനർപ്രവേശിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭയും. അതുകൊണ്ടുതന്നെ അത് ദൈവനടത്തിപ്പാണ്, ദൈവമക്കളുടെ കൂട്ടായ്മയാണ്, അതിന്റെ ഓരോ ചലനവും നിയന്ത്രിക്കുന്നത് ദൈവമാണ്, അവൻ അതിനെ സമൂഹത്തിൽ ഉയർത്തി പ്രതിഷ്ഠിച്ചിരിക്കുന്നു. സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിന്റെ ചരിത്രത്തിൽ ഉടനീളം നാം ദർശിക്കുന്നതും ഇതാണ്.





www.malankaralibrary.com

ക്രിസ്തുശിഷ്യൻ മാർതോമ്മാശ്ലീഹായുടെ സുവിശേഷ പ്രവർത്തനംവഴിയായി ക്രിസ്തുവർഷം ആദ്യ നൂറ്റാണ്ടിൽതന്നെ മലങ്കരയിൽ രൂപപ്പെട്ട ക്രൈസ്തവസമൂഹം പത്രോസ് തലവനായി യേശുക്രിസ്തു സ്ഥാപിച്ച അപ്പസ്തോലിക കൂട്ടായ്മ യുടെ ഭാഗവും, ചരിത്രത്തിൽ പത്രോസിന്റെ പിൻഗാമി യായ റോമിലെ റീശ് പാത്രീയർക്കീസ് എന്ന് ഹൂദായ കാനോൻ വിശേഷിപ്പിക്കുന്ന മാർപാപ്പാ തലവനും പിതാവുമായിരിക്കുന്ന സാർവ്വത്രികസഭാ കൂട്ടായ്മ യുടെ ഭാഗവുമായിരുന്നു. കാലാകാലങ്ങളിൽ വിദേശത്തുനിന്നും മലങ്കരയിലെത്തിയ റോമാ മാർപാ പ്പായുടെ നേതൃത്വത്തിലുള്ള സാർവ്വത്രിക സഭാസം സർഗ്ഗത്തിൽ ഉൾപ്പെട്ടിരുന്ന സഭാപിതാക്കന്മാരെ മലങ്കര സഭാമക്കൾ സ്വീകരിക്കുകയും, അവരിലൂടെ ആരാ ധനക്രമവും സുറിയാനിഭാഷയും ഉൾപ്പെടെ നിരവധി നന്മകൾ മലങ്കരസഭയ്ക്ക് ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ പോർട്ടുഗീസുകാരുടെ അതിരു കടന്ന ഇടപെ ടലുകൾ മലങ്കരസഭയിൽ അസ്വസ്ഥതകൾ ഉണ്ടാക്കു കയും, അത് 1653 ലെ കൂനൻകുരിശ് സത്യത്തിലേക്കും, കാലാന്തരത്തിൽ ഭിന്നതയിലേക്കും മലങ്കരസഭയെ നയിച്ചു. ഭിന്നത തീർക്കുവാനുള്ള ശ്രമങ്ങളുടെ പരാജ യവും, അന്ത്യോക്യായിൽനിന്നുള്ള മെത്രാൻ മാർ ഗ്രിഗോറിയോസിന്റെ വരവും പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിന്റെ ലഭ്യതയും ഭിന്നതയെ പിളർപ്പി ലേക്കു നയിക്കുകയും അങ്ങനെ ഭിന്നിച്ചു നിന്നിരുന്ന സമൂഹം (പുത്തൻകൂർ സമൂഹം) യാക്കോബായസഭ യായി പരിണമിക്കുകയും ചെയ്തു. ഭിന്നതയും പിളർപ്പും ഒഴിവാക്കി സാർവ്വത്രികസഭയുമായി പുനരൈ ക്യപ്പെടുവാനുള്ള ശ്രമങ്ങൾ വീണ്ടും നടന്നുകൊണ്ടിരു ന്നുവെങ്കിലും, കൂനൻകുരിശു സത്യത്തിൽ തുടങ്ങിയ ഭിന്നതയ്ക്ക് 277 വർഷങ്ങൾക്കുശേഷം 1930 സെപ്റ്റം ബർ 20 ന് മാത്രമാണ് സ്ഥായിയായ ഒരു പരിഹാരം ഉണ്ടായത്. ഭിന്നിച്ചു മാറിനിന്ന സമൂഹത്തെ സാർവ്വ ത്രിക സഭാകൂട്ടായ്മയിലേക്ക് ഉൾച്ചേർക്കുവാൻ പരി ശുദ്ധ റോമാസിംഹാസനം നല്കിയ അനുവാദത്തിലൂ ടെ, ഭിന്നിച്ചുമാറിയ സമൂഹത്തെ പ്രതിനിധീകരിച്ച് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീ ത്തായും മറ്റ് നാല് പേരും ചേർന്ന് കൊല്ലം തങ്കശ്ശേരി അരമന ചാപ്പലിൽവച്ച്, റോം പ്രത്യേകം ചുമതലപ്പെടു ത്തിയിരുന്ന അഭിവന്ദ്യ അലോഷ്യസ് മരിയ ബെൻസിഗർ തിരുമേനിയുടെ മുൻപാകെ, സത്യവി ശ്വാസം ഏറ്റുപറഞ്ഞ് സാർവ്വത്രികസഭാകൂട്ടായ്മയിൽ പ്രവേശിച്ചത് അന്നാണല്ലൊ. ഭിന്നതയുടെ മാർഗ്ഗം വെടിഞ്ഞ് ഐക്യത്തിന്റെ മാർഗ്ഗത്തിലേക്ക് കടന്നുവന്ന വർ പീയൂസ് പതിനൊന്നാമൻ മാർപാപ്പായുടെ 'ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി' എന്ന തിരുവെ ഴുത്തുവഴിയായി തിരുവനന്തപുരം അതിഭദ്രാസനവും തിരുവല്ല ഭദ്രാസനവും ഉൾക്കൊള്ളുന്ന നൈയ്യാമിക സഭാസംവിധാനത്തോടുകൂടിയ വ്യക്തിഗതസഭയായി സാർവ്വത്രിക സഭാകൂട്ടായ്മയിൽ ഉൾച്ചേർക്കപ്പെട്ടു. അപ്രകാരം 1932 ജൂൺ 11 ന് നിലവിൽ വന്ന്, 1933 നവം ബർ ആറാം തീയതി ഔദ്യോഗികമായി ഉത്ഘാടനം ചെയ്യപ്പെട്ട തിരുവല്ല മെത്രാപ്പോലീത്തൻ കത്തീഡ്ര ലിന്റെ ചരിത്രമാണ് ഇവിടെ അന്വേഷണ വിധേയമാക്ക പ്പെടുന്നത്.

## അസാധാരണമായ തുടക്കം

പുനരൈക്യസംഭവത്തിന് മുൻപേ ആരംഭിച്ച താണ് തിരുവല്ലാ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ എന്ന് ഇന്നറിയപ്പെടുന്ന ദേവാലയം. ബഥനിമെത്രാൻ അഭി. യാക്കോബ് മാർ തെയോഫി ലോസ് തിരുമേനിയുടെ ആസ്ഥാനമായിരുന്നു തിരുവല്ല ബഥനിപ്പള്ളി. 1930 നോടടുത്ത് മാർ തെയോഫിലോസ് തിരുമേനിക്ക് നല്ല സുഖമില്ലാതെ വന്നതിനാൽ മാർ ഈവാനിയോസ് പിതാവിനോടൊത്ത് അദ്ദേഹം വിശ്ര മാർത്ഥം പെരുനാട്ടിൽ ബഥനി ആശ്രമത്തിലെത്തിയ തിനെ തുടർന്ന് പെരുനാട് ബഥനിയുടെ ചുമതലക്കാര നായിരുന്ന പടിഞ്ഞാറേമണ്ണിൽ ബഹു. ഏബ്രഹാം ഒ. ഐ. സി. അച്ചനെ തിരുവല്ല ബഥനിയുടെ ചുമതല ക്കാരനായി മാർ ഈവാനിയോസ് പിതാവ് അയച്ചു. അച്ചനോടൊപ്പം കുന്ദംകുളം തെക്കേക്കര പൗലോസ് ശെമ്മാശ്ശനും അയിരൂർ ചെമ്പോത്തിനാൽ സാധു പക്കോമിയോസും തിരുവല്ല ബഥനിയിൽ എത്തി താമ സിച്ചു. ബഥനിയും അതിന്റെ സ്വത്തുക്കളും സ്ഥാപന ങ്ങളും മാർ ഈവാനിയോസ്പിതാവ് സ്വയമായും അനേക അഭ്യുദയകാംക്ഷികളിൽനിന്ന് സംഭാവന സ്വീകരിച്ചും ആർജ്ജിച്ചിട്ടുള്ളതാകയാൽ, അവ ബഥനി യുടെ ലക്ഷ്യമനുസരിച്ച് മാത്രം വിനിയോഗിക്കപ്പെടുന്ന തിനും യാതൊരു സമുദായത്തിനും അവകാശമില്ലാത്ത വിധം സ്വതന്ത്രമായിരിക്കുകയും ചെയ്യത്തക്കവിധ ത്തിൽ പനങ്ങോട്ടത്ത് ശ്രീ. പി. കെ. കൊച്ചുമ്മൻ (നിര ണം), ഇടശ്ശേരിൽ ശ്രീ. ഐ. എം. ഇടുക്കള (റാന്നി), മേളാംപറമ്പിൽ ശ്രീ. എം. പുന്നൂസ് വർഗീസ് (പുളിക്കീഴ്) എന്നിവർ ട്രസ്റ്റികളായ ട്രസ്റ്റിന്റെ ഭരണ നിയന്ത്രണത്തിലാക്കിയിരുന്നു. മലങ്കര മെത്രാപ്പോലീ ത്തായുടെയോ പാത്രിയർക്കീസിന്റെയോ കീഴിലല്ലാതെ സ്വതന്ത്ര പ്രസ്ഥാനമായിട്ടായിരുന്നു ബഥനി സ്ഥാപിത മായിരുന്നതും പ്രവർത്തിച്ചിരുന്നതും. അതു കൊണ്ടുതന്നെ സഭാകേസിന്റെ വിധികൾ ബഥനിയെ ബാധിച്ചിരുന്നില്ല. അപ്രകാരമൊരു ലക്ഷ്യത്തോടു കൂടിയായിരുന്നു മലങ്കര മെത്രാപ്പോലീത്ത അഭി. വട്ടശ്ശേ രിൽ തിരുമേനിയുടെ അനുവാദത്തോടെ ബഥനി സ്ഥാപിച്ചിരുന്നതും. സഭാകേസ് പ്രതികൂലമായാലും ബഥനിയിലൂടെ സഭയെ പിടിച്ചുനിർത്താൻ സാധി ക്കുന്നതിനുവേണ്ടിയായിരുന്നു ബഥനി പള്ളികൾ സ്ഥാപിച്ചിരുന്നതും.

ഈ കാലയളവിൽ തിരുവല്ല ബഥനിപള്ളിയും സ്ഥാപനങ്ങളും സമുദായം വകയാക്കിത്തീർക്കാൻ ഓർത്തഡോക്സ്‌വിഭാഗം ചില പരിശ്രമങ്ങൾ നടത്തി. അതിൻപ്രകാരം എം. ജി. എം. ബോർഡിംഗിൽ താമ സിച്ചിരുന്ന ഒരു ശെമ്മാശ്ശൻ വി. കുർബാനയുടെ തുബ്ദേനിൽ മാർ തെയോഫിലോസ് തിരുമേനിയുടെ പേര് പറയുന്നതിന് പകരം ഓർത്തഡോക്സ് സഭാദ്ധ്യ ക്ഷന്റെ പേര് പ്രഖ്യാപിക്കുവാൻ നിയുക്തനായി. അത് തുടരുന്നതിൽ അന്നത്തെ ബഥനിപള്ളിവികാരി ബഹു. ഏബ്രഹാം ഒ. ഐ. സി അച്ചൻ പ്രതിഷേധം അറിയിച്ച



www.malankaralibrary.com

തോടെ പള്ളി ബലമായി കൈവശപ്പെടുത്തുവാനുള്ള ശ്രമങ്ങളായി. അതോടെ വികാരി, മാർ ഈവാനിയോസ് തിരുമേനിക്കും ബഥനിക്കുമുള്ള അവകാശം ഉറപ്പിക്കുന്നതിന് മാർ ഈവാനിയോസ് തിരുമേനിയുടെ കല്പന സമ്പാദിക്കുകയും സർക്കാരിന്റെ പിൻബലം നേടുകയും ചെയ്തു. അതിൻപ്രകാരം ബഥനിമെത്രാപ്പോലീത്ത താല്ക്കാലികമായി പള്ളി പൂട്ടാൻ ഉത്തരവ് പുറപ്പെടുവിച്ചു. അതിന്റെ പ്രതിധ്വനി പെരുനാട് ബഥനിയിലും ഉണ്ടായി. അതിനാൽ ജീവിത സ്വൈരതയെ മുൻനിർത്തി മാർ ഈവാനിയോസ് തിരുമേനിയും ബഥാന്യരും പെരുനാട് വിട്ടിറങ്ങി വെണ്ണിക്കുളത്ത് വന്ന് താമസമാക്കി.

തിരുവല്ല ബഥനിപ്പള്ളി പൂട്ടപ്പെട്ടിരുന്നതിനാൽ ദൈനംദിനം വി. കുർബാനയിൽ സംബന്ധിക്കുന്നതിനു സൗകര്യം ഉണ്ടാക്കുന്നതിനും ബഥനിയോട് താല്പര്യപ്പെട്ടിരുന്നവരുടെ ആത്മീക ആവശ്യത്തെ പ്രതിയും ഒരു പ്രാർത്ഥനാലയം ആവശ്യമായി. അതിനായി ഇപ്പോൾ സെന്റ് ജോൺസ് കത്തീഡ്രൽ പള്ളിയിരിക്കുന്നതിന് പടിഞ്ഞാറ് ഒരു സ്ഥലം പാട്ടത്തിന് എടുത്ത് ശ്രീ. കിളിലേത്ത് കെ. ജി. ചാക്കോ (ബഥനി ചാക്കോച്ചൻ) യുടെ തന്ത്രപരമായ പ്രവർത്തനംവഴി രഹസ്യമായി അനുവാദം നേടി, പുല്ല് മേഞ്ഞ ഒരു ചാപ്പൽ നിർമ്മിക്കുകയും 1930 സെപ്റ്റംബർ 7-ാം തീയതി ഞായറാഴ്ച ബഹു. പടിഞ്ഞാറേമണ്ണിൽ എബ്രഹാം ഒ. ഐ. സി. അച്ചൻ അവിടെ ആദ്യമായി വി. കുർബാന അർപ്പിച്ചതായും ബഹു. എബ്രഹാം അച്ചൻതന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (cfr. ഐക്യദീപം. 1980 ഒക്ടോബർ. പേജ്. 22). അന്ന് ബഥനിയിൽ 'സാധു'വായിരുന്ന ചെമ്പോത്തിനാൽ ബഹു. പക്കോമിയൂസ് ഒ. ഐ. സി. അച്ചനായിരുന്നു വി. കുർബാനയ്ക്ക് ശുശ്രൂഷകനായിരുന്നത്. ഈ ചാപ്പലിൽ ആദ്യമായി ബഹു. എബ്രഹാംഅച്ചൻ വി. കുർബാന അർപ്പിച്ചത് 1930 ഓഗസ്റ്റ് 31 ന് ഞായറാഴ്ചയായിരുന്നു എന്ന് ബഹു. പക്കോമിയൂസ് അച്ചൻ രേഖപ്പെടുത്തുന്നു. (cfr. ഐക്യദീപം 1990 ജൂൺ പേജ്. 7). 1930 സെപ്റ്റംബർ 12 ന് ബഹു. എബ്രഹാംഅച്ചൻ പുതിയ ചാപ്പലിൽ വി. കുർബാന അർപ്പിച്ചു എന്ന് കത്തീഡ്രൽ കൂദാശ സുവനീറിൽ രേഖപ്പെടുത്തിയിരിക്കുന്നു (cfr. പേജ്. 76) എതിരാളികളുടെ ശല്യം ഭയന്ന് രാവിലെ 5. 30 ന് വി. കുർബാന ആരംഭിച്ചതായും, രാവിലെ 7. 30 ടുകൂടി എതിരാളികൾ എത്തിയപ്പോഴേക്കും വി. കുർബാന അവസാനിച്ചിരുന്നതായും രേഖകൾ പറയുന്നു. ചാപ്പൽ പണിത് ആദ്യമായി അതിൽ വി. കുർബാന അർപ്പിച്ച തീയതി സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായമാണ് കാണുന്നത്. അതിന്റെ കാരണം ബഹു. എബ്രഹാം അച്ചനും ബഹു. പക്കോമിയൂസ് അച്ചനും ഈ കാര്യങ്ങൾ ലേഖനരൂപത്തിൽ എഴുതിയത് അവരുടെ വാർദ്ധക്യത്തിൽ യഥാക്രമം 80 ഉം 82 ഉം വയസ് പ്രായമുള്ളപ്പോഴാണ്. ചാപ്പലിൽ വി. കുർബാന ആദ്യമായി അർപ്പിച്ചതല്ല ഇവിടെ പ്രസക്തം, മറിച്ച് 1930 സെപ്റ്റംബർ 20 ലെ ചരിത്രപ്രസിദ്ധമായ പുനരൈക്യ സംഭവത്തിന് മുൻപ് ചാപ്പൽ സ്ഥാപിതമായിരുന്നു, അവിടെ വിശുദ്ധ കുർബാന തുടർച്ചയായി അർപ്പിച്ചിരുന്നു, ആദ്യം വി. കുർബാന അർപ്പിച്ചതും ചാപ്പലിന്റെ ആദ്യകാല ചുമതലക്കാരനും ബഹു. എബ്രഹാം ഒ. ഐ. സി. അച്ചനായിരുന്നു, പ്രസ്തുത ചാപ്പലാണ് പിന്നീട് തിരുവല്ല ഭദ്രാസനാദ്ധ്യക്ഷന്റെ ഭദ്രാസനപള്ളിയായി രൂപപ്പെട്ട സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ തുടങ്ങിയ കാര്യങ്ങളാണ്. തിരുവല്ല ബഥനിപള്ളി പൂട്ടിയതിനെ തുടർന്നുണ്ടായ പ്രതിസന്ധിഘട്ടത്തിൽ പുതിയ ചാപ്പലിന് സ്ഥലം കണ്ടെത്തുന്നതിനും, ചാപ്പൽ നിർമ്മിക്കുന്നതിനും അനുബന്ധകാര്യങ്ങൾക്കും ബഹു. എബ്രഹാം അച്ചനോടൊപ്പം ബഥനി ട്രസ്റ്റികൾ പനങ്ങോട്ടത്ത് കൊച്ചുമ്മനും, ഇടശ്ശേരിൽ ഐ. എം. ഇടുക്കളയ്ക്കും, മേളാംപറമ്പിൽ എം. പുന്നൂസ് വർഗീസിനും, കിളിലേത്ത് കെ. ജി. ചാക്കോയ്ക്കും പുറമെ, പ്രധാനമായും ചേരിയിൽ സി. വി. വർക്കി വർക്കി, പൈനുമ്മൂട്ടിൽ മത്തായി, കുന്നിപ്പറമ്പിൽ എബ്രഹാം സാറും സഹോദരങ്ങളും, തകടിയൽ റ്റി. കെ. കോശി, തോപ്പിൽകളത്തിൽ വർക്കിസാർ, പൈനുമ്മൂട്ടിൽ കൊച്ചുമാത്തൻ, തകടിയേൽ ടി. കെ. ജോൺ, തകടിയേൽ തങ്കമ്മ ടീച്ചർ, വാലയിൽ വി. ജെ. വർഗീസ് (കുട്ടിസാർ), കുളക്കാട്ടിൽ പൗലോസ്, കൊട്ടുവിരുത്തിൽ കുഞ്ഞുമ്മൻ, കാടുവെട്ടൂർ ചെറിയാച്ചൻ, നടുവിലേപറമ്പിൽ ആൻഡ്രൂസ്, മുളമൂട്ടിൽ കോശി, തേക്കുംപറമ്പിൽ റ്റി. കെ. ജോൺസാർ, നടുവിലേപറമ്പിൽ ജോണി, പാലത്തുങ്കൽ ഏബ്രഹാം വർഗീസ്, പരിയാരത്ത് വർഗീസ്, പോളച്ചിറയ്ക്കൽ നൈനാൻ വക്കീൽ, മുളമൂട്ടിൽ കുഞ്ഞുകുട്ടി, പാലിപ്പറമ്പിൽ തെക്ക് തോമസ്, പാലിപ്പറമ്പിൽ ജോസഫ്, പാലിപ്പറമ്പിൽ ചാക്കോ എന്നിവരുടെ കുടുംബങ്ങളും ഒപ്പം മറ്റ് പല വ്യക്തികളും ഉണ്ടായിരുന്നതായി ബഹു. എബ്രഹാം അച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. ചാപ്പൽ കെട്ടാനുള്ള പറമ്പ് വാടകയ്ക്ക് വാങ്ങിയതും, ചാപ്പൽ കെട്ടാൻ നേതൃത്വം നല്കിയതും കിളിലേത്ത് ശ്രീ. കെ. ജി. ചാക്കോയായിരുന്നു. സഹായികളിൽ പ്രധാനി ശ്രീ. പാലിപ്പറമ്പിൽ പി. കെ. തോമസ് ആയിരുന്നു. പുനരൈക്യ സംഭവത്തിന് മുൻപ് ചാപ്പലായി തുടക്കം കുറിച്ചതാണ് സെന്റ് ജോൺസ് കത്തീഡ്രൽ എന്ന് മാത്രമല്ല, മലങ്കരയിലെ മറ്റൊരു ഇടവകകൂട്ടായ്മയ്ക്കും അവകാശപ്പെടാനാവാത്ത ചരിത്രപ്രധാന്യവും കത്തീഡ്രലിന് അവകാശപ്പെടാനുമുണ്ട്. പുനരൈക്യ സംഭവത്തിന്റെ സത്വരമായ ആരംഭത്തിന് കാരണവും മുഖാന്തിരവും പിള്ളത്തൊട്ടിലും തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലാണ് എന്നത് വസ്തുനിഷ്ഠമായ ഒരു വിലയിരുത്തലാണ്.

### പാലിപ്പറമ്പിൽ ശ്രീ. പി. കെ. തോമസിന്റെ പങ്ക്

കത്തീഡ്രലിന്റെ ചരിത്രം എഴുതിന്നിടത്ത് എന്തേ ഇങ്ങനെ ഒരാളുടെ വിവരണം എന്ന് ചിന്തിച്ചേക്കാം. എന്നാൽ, ഇദ്ദേഹം ശ്രദ്ധിക്കപ്പെടേണ്ട വ്യക്തിതന്നെ. തിരുവല്ല പ്രദേശത്ത് ഹരിജൻ സമൂഹത്തിൽനിന്ന് ആദ്യം സത്യവിശ്വാസം സ്വീകരിച്ച വ്യക്തിയായിരുന്നു ശ്രീ. പി. കെ. തോമസ്. കത്തീഡ്രൽ



www.malankaralibrary.com

പള്ളിയുടെ മുന്നോടിയായിരുന്ന ചാപ്പലിൽ രാത്രി കാലങ്ങളിൽ കാവൽ കിടക്കാനും, ബഥനി വിട്ടിറങ്ങിയവർക്ക് താത്കാലിക ചാപ്പൽ കെട്ടിയു ണ്ടാക്കാനും അഭി. തെയോഫിലോസ് പിതാവിന് കുഴിയിൽ വീട് സംഘടിപ്പിക്കുന്നതിനും, പിതാവിനെ സന്തത സഹചാരിയായി സഹായിക്കുന്നതിനും പുനരൈക്യ സമൂഹത്തിന്റെ സേവനത്തിനായി സദാ തയ്യാറായിരുന്ന വ്യക്തിയായിരുന്നു ശ്രീ. പി. കെ തോമസ്. ഇപ്പോൾ കത്തീഡ്രൽ ദേവാലയം സ്ഥിതിചെയ്യുന്ന പറമ്പിന് കിഴക്കായിരുന്നു തോമസ് താമസിച്ചിരുന്നത്. അതിനടുത്തായിരുന്നു കുട്ടൻപിള്ളയുടെ കുഴിയിൽ വീട്. തിരുവല്ലയിലെ മലയാളം ഹൈസ്കൂളിൽ പഠിച്ചിരുന്ന ദൂരദേശക്കാരായ കത്തോലിക്കാ പെൺകുട്ടികൾ കുഴിയിൽ വീട്ടിൽ വാടകയ്ക്ക് താമസിച്ചിരുന്നു. അവരുടെ പാട്ടും പ്രാർത്ഥനയും എല്ലാ ദിവസവും അടുത്തുള്ള നടവഴിയിൽ നിന്നുകൊണ്ട് സമീപവാസിയായ ഒരു ഹരിജൻ ബാലൻ ശ്രദ്ധിക്കുമായിരുന്നു. അങ്ങനെ അവനും ക്രിസ്തീയ പാട്ടുകളും പ്രാർത്ഥനയും പഠിച്ചു. അയൽവാസിയായ പ്രസ്തുത ബാലനെ ശ്രദ്ധിച്ച പെൺകുട്ടികൾ ചന്തയിൽനിന്നും അവർക്ക് ആവശ്യ മായ സാധനങ്ങൾ വാങ്ങാൻ അവന്റെ സഹായം തേടി. അവൻ സന്തോഷത്തോടെ അത് സമ്മതിച്ചു. പെൺകു ട്ടികളിൽനിന്നും കത്തോലിക്കാ വിശ്വാസം പഠിച്ച ബാലൻ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. അന്ന് തിരുവല്ല പട്ടണത്തിൽ കത്തോലിക്കാ പള്ളികൾ ഉണ്ടാ യിരുന്നില്ല. ആകെ ഉണ്ടായിരുന്നത് കോട്ടയം രൂപതവക യായ കറ്റോട് മിഷനായിരുന്നു. പെൺകുട്ടികൾ വി. കുർബാനയ്ക്ക് പോയിരുന്നതും അവിടെയായിരുന്നു. പെൺകുട്ടികളിൽനിന്ന് വിശ്വാസം പഠിച്ച ബാലൻ കറ്റോട് പള്ളിയിൽ മാമോദീസാ സ്വീകരിച്ച് തോമസ് എന്ന പേരിൽ കത്തോലിക്കാ സഭാംഗമായി.

തിരുവല്ല പട്ടണത്തിൽ ഒരു കത്തോലിക്കാ ആരാധനാലയം ഉണ്ടാകുന്നതിനെ അകത്തോലിക്കർ ശക്തമായി എതിർത്തിരുന്നു. ചങ്ങനാശ്ശേരി രൂപത യിലെ മിഷൻ കോർഡിനേറ്റർ ബഹു. ഡൊമിനിക്ക് തോട്ടാശ്ശേരിൽ അച്ചൻ തിരുവല്ലയിൽ ഒരു പള്ളി തുട ങ്ങാനായി കുഴിയിൽ വീടിന് പടിഞ്ഞാറ് വസ്തു വാങ്ങു കയും പള്ളി പണിയാൻ അടിസ്ഥാനശില സ്ഥാപിക്കു കയും ചെയ്തിരുന്നതാണ്. കത്തോലിക്കാസഭയ്ക്ക് സ്ഥലം വാങ്ങാൻപോലും വലിയ എതിർപ്പ് ഉണ്ടായിരു ന്നതിനാൽ, മല്ലപ്പള്ളി കയ്യാലാത്ത് പോത്തൻ വക്കീ ലിന്റെ സഹായത്താൽ ഒരു വക്കീൽ ഓഫീസിന് എന്ന രീതിയിലാണ് സ്ഥലം വാങ്ങിയത്. സർക്കാർ അനു വാദം ലഭിക്കാഞ്ഞതിനാൽ പണി ആരംഭിക്കാൻ സാധി ച്ചിരുന്നില്ല. ഈ വസ്തുവിന്റെ പടിഞ്ഞാറുള്ള **പാലിയിൽ കുടുംബവക പറമ്പായിരുന്നു വാടക യ്ക്കെടുത്ത് സെന്റ് ജോൺസ് കത്തീഡ്രലിന്റെ ആദ്യ രൂപമായിരുന്ന ചാപ്പൽ പണിത്** ബഹു. എബ്രഹാം ഒ. ഐ. സി. അച്ചൻ വി. കുർബാന അർപ്പിച്ചിരുന്നതും, തിരുവല്ല ബഥനിപള്ളി വിട്ടിറങ്ങിയ ബഥനി അനുഭാവികളും പുനരൈക്യ അനുഭാവികളും വിശുദ്ധ കുർബാനയിൽ സംബന്ധിച്ചിരുന്നതും. കത്തോ ലിക്കാസഭയ്ക്ക് ആരാധനയ്ക്ക് ഒരു പള്ളിപണിയാൻ അനുവാദം ലഭിക്കാതിരുന്ന തിരുവല്ല പട്ടണത്തിൽ ഇപ്പോൾ മൂന്ന് ഡസ്സനിലധികം സ്ഥലത്ത് അനുദിനം വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നുണ്ട് എന്നതും, ഏതൊരു വസ്തുവിൽ പള്ളി പണിയാൻ അധികാരി കൾ അനുവാദം നിഷേധിക്കുകയും പള്ളി പണിയാൻ പ്രാർത്ഥിച്ച് സ്ഥാപിച്ച അടിസ്ഥാനശില അനാഥമായി കിടക്കുകയും ചെയ്തുവോ, ആ വസ്തുവിൽ തിരുവല്ല പട്ടണത്തിന്റെ തിലകക്കുറിയായ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ശിരസ്സുയർത്തി നില്ക്കുകയും, ഏതൊരു സമൂഹത്തിന് ആരാധനാ ലയം നിഷേധിക്കപ്പെട്ടോ ആ സമൂഹം തിരുവല്ല പ്രദേ ശത്തെ സകല മനുഷ്യർക്കും ആശാകേന്ദ്രമായ മദ്ധ്യ തിരുവിതാംകൂറിലെ ഏറ്റവും പ്രസിദ്ധമായ ആതുരാ ലയം നടത്തുകയും ചെയ്യുന്നു എന്നത് ദൈവനീതി എന്നല്ലാതെ എന്തു പറയാൻ.

പുനരൈക്യത്തിന് തൊട്ട് മുൻപും പിൻപും മാർ ഈവാനിയോസ് പിതാവ് തിരുമൂലപുരത്തും, മാർ തെയോഫിലോസ് പിതാവ് തിരുവല്ലയിലുമാണ് താമസിച്ചിരുന്നത്. മാർ തെയോഫിലോസ് പിതാവിന് താമസിക്കാൻ കുഴിയിൽ വീട് വാടകയ്ക്ക് സംഘടിപ്പി ക്കാൻ കിളിലേത്ത് ശ്രീ. കെ. ജി. ചാക്കോയെ (ബഥനി ചാക്കോച്ചൻ) സഹായിച്ചത് ശ്രീ. പി. കെ. തോമസ് ആയിരുന്നു. അവിടെ താമസിച്ച് പഠിച്ചിരുന്ന പെൺകു ട്ടികൾ പഠനം പൂർത്തിയാക്കിയതുമൂലം കുഴിയിൽ



**പൈനുംമൂട്ടിൽ ഗീവർഗീസ് മത്തായിയെയും കുടുംബത്തെയും ആദ്യ ചാപ്പലിലേക്ക് സ്വീകരിക്കുന്ന അഭി. തെയോഫിലോസ് തിരുമേനി**


www.malankaralibrary.com

വീട്ടിൽ ആൾതാമസമില്ല എന്നുള്ള കാര്യം തോമസിന് അറിയാമായിരുന്നു. പ്രസ്തുത വീട് പുതിയ ചാപ്പലിൽനിന്നും അധിക ദൂരത്തല്ലാത്തതിനാൽ തിരുമേനിക്ക് താമസിക്കാൻ സൗകര്യമായിരിക്കുമെന്ന ചിന്തയിൽ തോമസ്സാണ് അത് കിളിലേത്ത് ചാക്കോച്ചന്റെ ശ്രദ്ധയിൽപ്പെടുത്തിയതും വാടകയ്ക്ക് വാങ്ങാൻ സഹായിച്ചതും. കുഴിയിൽ വീട്ടിൽ താമസമാക്കിയ അഭി. തെയോഫിലോസ് പിതാവിന് സംരക്ഷകനായി തോമസ് സദാ സമയവും കൂടെ ഉണ്ടായിരുന്നു.

### രണ്ടാമത്തെ ദേവാലയം

ആദ്യം നിർമ്മിച്ചിരുന്ന ചാപ്പൽ വളരെ ചെറുതായിരുന്നതിനാലും 1930 സെപ്റ്റംബർ 20 ലെ പുനരൈക്യ സംഭവത്തിനുശേഷം ഐക്യം ആഗ്രഹിച്ചിരുന്ന അനേകർ പുനരൈക്യപ്പെട്ട് സത്യസഭാകൂട്ടായ്മയിലേക്ക് പ്രവേശിക്കുകയും ചെയ്തിരുന്നതിനാലും അവരുടെ ആരാധനയ്ക്ക് കുറെക്കൂടി വലിയ ഒരു ചാപ്പൽ ആവശ്യമായിരുന്നു. ആദ്യമായി പുനരൈക്യപ്പെട്ടത് പൈനുമൂട്ടിൽ മത്തായിയും ഒരു മകളുമായിരുന്നു. ഭാര്യയും മറ്റു മക്കളും പിന്നീടാണ് പുനരൈക്യപ്പെട്ടത്. അദ്ദേഹത്തിന്റെ ഒരു മകൾ പിന്നീട് ബഥനി മഠത്തിൽ ചേർന്ന് സിസ്റ്റർ നുഹറാ എസ്. ഐ. സി. എന്ന പേരിൽ സന്യാസജീവിതം നയിച്ചിരുന്നു. സ്കൂൾ അദ്ധ്യാപികയായി വിരമിച്ച സിസ്റ്റർ 1996 ഓഗസ്റ്റ് 16- ന് മരിച്ച് അന്നുതന്നെ തിരുമൂലപുരം മഠം സെമിത്തേരിയിൽ അടക്കപ്പെട്ടു. പാട്ടക്കാലാവധി തീരുന്നതിനുമുൻപ് ചാപ്പൽ പണിതിരുന്ന വസ്തു, മാർ തെയോഫിലോസ് തിരുമേനി തീറാധാരം നടത്തി വാങ്ങിയിരുന്നു. അഭി. പിതാവ് ചെറിയ ചാപ്പൽ മാറ്റി, കുറെക്കൂടി വലിപ്പവും സൗകര്യങ്ങളുമുള്ള ഒരു ചാപ്പൽ അല്പം വടക്കോട്ടുമാറി പണിയിച്ചു. തിരുവല്ല രൂപത 1932 ജൂൺ 11 ന് സ്ഥാപിതമായപ്പോൾ ഈ ചാപ്പലിനെ വി. യോഹന്നാൻശ്ലീഹായുടെ നാമത്തിൽ രൂപതാദ്ധ്യക്ഷന്റെ ഔദ്യോഗിക കത്തീഡ്രലായി പരിശുദ്ധ സിംഹാസനം ഉയർത്തി. ഇവിടെവച്ചാണ് 1933 നവംബർ ആറാം തീയതി അഭി. മാർ തെയോഫിലോസ് പിതാവിന്റെ സ്ഥാനാരോഹണ ശുശ്രൂഷ നടന്നതും, 1937 നവംബർ 29-ാം തീയതി അഭി. ജോസഫ് മാർ സേവേറിയോസ് തിരുമേനി പുനരൈക്യപ്പെട്ടു കഴിഞ്ഞുള്ള ഔദ്യോഗിക സ്വീകരണം നല്കിയതും മറ്റും.

### ബഹു. ഗീവർഗീസ് അച്ചന്റെ നേതൃത്വം

മാർ തെയോഫിലോസ് പിതാവിനോടൊപ്പം ബഥനിയിൽ ഉണ്ടായിരുന്ന ആളായിരുന്നു മാമ്പുഴക്കാട്ടിൽ ബഹു. ഗീവർഗീസ് അച്ചൻ. പൂവത്തൂർ സ്വദേശിയായിരുന്ന അദ്ദേഹം 1920 ൽ പെരുനാട് ബഥനിയിൽ ചേർന്ന് 1927 ഡിസംബർ 14-ാം തീയതി മാർ ഈവാനിയോസ് പിതാവിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. 1928 - ൽ അദ്ദേഹം കത്തോലിക്കാസഭയിൽ ചേരുകയും ചെത്തിപ്പുഴ കർമ്മലീത്താ വൈദികരോടൊപ്പം ചേർന്ന് മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന പുനരൈക്യ ആലോചനകൾ വേഗം സഫലമാകുന്നതിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പ്രേഷിത മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയിൽ പുനരൈക്യത്തിനുവേണ്ടി പ്രാർത്ഥിക്കാൻ ബഹു. അച്ചൻ ലിസ്യുവിലെ മഠത്തിലേക്ക് എഴുതുകയും അവരുടെ പ്രാർത്ഥന ലഭിക്കുകയും ചെയ്തിരുന്നു. ഈ ഒരു ബന്ധമാണ് വിശുദ്ധ കൊച്ചുത്രേസ്യയെ തിരുവല്ല രൂപതയുടെ സഹസ്വർഗ്ഗീയ മദ്ധ്യസ്ഥയായി ലഭിക്കാൻ ഇടയാക്കിയതും, മാർ തെയോഫിലോസ്പിതാവ് രൂപതാ ആസ്ഥാനത്തിനായി വാങ്ങിയ ഭൂമി വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമത്തിൽ 'ചെറുപുഷ്പഗിരി' എന്ന് നാമകരണം ചെയ്തതും. പുനരൈക്യസംഭവത്തിനുശേഷം ബഹു. ഗീവർഗീസ് അച്ചൻ കർമ്മലീത്താ സമൂഹത്തിൽനിന്ന് വിടുതൽ വാങ്ങി മാർ തെയോഫിലോസ് പിതാവിനോടൊപ്പം ചേർന്ന് പ്രവർത്തിച്ചിരുന്നു. പിതാവിന്റെ ഏറ്റം അടുത്ത സഹായി അദ്ദേഹമായിരുന്നു. തിരുവല്ല രൂപതയിൽ 1932 ഒക്ടോബർ 13 - ന് ആദ്യമായി രൂപീകരിച്ച അരമന കച്ചേരി (കുരിയാ) യിൽ രൂപതയുടെ പ്രൊക്കുറേറ്റർ ആയിരുന്നു ബഹു. ഗീവർഗീസ് അച്ചൻ. കത്തീഡ്രൽ ഇടവകാംഗമായിരുന്ന മോടിയിൽ ശ്രീ. സി. ഐ. ഫീലിപ്പോസിനെ രൂപത കച്ചേരിയിൽ ക്ലാർക്കായും നിയമിച്ചിരുന്നു. ഇദ്ദേഹത്തിന്റെ നാമത്തിലാണ് ഇപ്പോഴത്തെ കത്തീഡ്രലിന്റെ മണിമാളിക പ്രതിഷ്ഠിച്ചിരിക്കുന്നത്. കത്തീഡ്രൽപള്ളിയുടെ മുൻപിൽ കുരിശടി ഇരിക്കുന്ന സ്ഥലത്ത് ആലപ്പുഴ മലയിൽ ശ്രീ ചാക്കോ, വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ ഒരു കുരിശടി പണിത് ബഹു. ഡൊമിനിക് തോട്ടാശ്ശേരിൽ അച്ചന് നല്കിയിരുന്നു. അഭി. ജയിംസ് കാളാശ്ശേരി പിതാവാണ് കുരിശടി കൂദാശ ചെയ്തത്. 1972 - ൽ പുതിയ കത്തീഡ്രൽ പണിതപ്പോൾ അത് നവീകരിച്ചിരുന്നു. ബഹു. ജോർജ്ജ് ചുണ്ടേവാലേൽ അച്ചൻ വികാരിയായിരുന്നപ്പോൾ പ്രസ്തുത സ്ഥലത്ത് പുതിയ ഒരു കുരിശടി പണിത് 1986 ഏപ്രിൽ 27 ന് കൂദാശ ചെയ്തു. ആ കുരിശടിയാണ് ഇന്ന് നിലനില്ക്കുന്നത്. വിശുദ്ധ വേളാങ്കണ്ണി മാതാവിന്റെ തിരുസ്വരൂപംകൂടി കുരിശടിയിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.

കത്തീഡ്രൽ ആയി ഉയർത്തപ്പെട്ടതിനുശേഷമുള്ള **ആദ്യവികാരി ബഹു. ഗീവർഗീസ് അച്ചനായിരുന്നു.** പുനരൈക്യത്തിന് മുൻപ് സ്ഥാപിതമായതും കത്തീഡ്രലിന്റെ മുൻകാല രൂപവുമായിരുന്ന ചാപ്പലിൽ ആദ്യമായി വി. കുർബാന അർപ്പിച്ചതും ആദ്യകാല ചുമതലക്കാരനും പടിഞ്ഞാറേമണ്ണിൽ ബഹു. ഏബ്രഹാം ഒ. ഐ. സി. അച്ചനായിരുന്നു എന്നത് മുൻപ് നാം കണ്ടതാണ്. പുനരൈക്യ സംഭവത്തിനുശേഷം രൂപത സ്ഥാപിതമാകുന്നതുവരെയുള്ള കാലത്ത് ചാപ്പലിന്റെ (പള്ളിയുടെ) ചുമതല ചങ്ങനാശ്ശേരി രൂപതയുടെ മിഷൻ കോർഡിനേറ്ററിനായിരുന്നു. ചങ്ങനാശ്ശേരി രൂപതയ്ക്കുവേണ്ടി ഒരു പള്ളി പണിയാൻ, മാർ തെയോഫിലോസ് പിതാവിന്റെ ചാപ്പലിന്റെ കിഴക്ക് ബഹു. ഡൊമിനിക്ക് തോട്ടാശ്ശേരിൽ അച്ചൻ കുറെ സ്ഥലം വാങ്ങിയിരുന്നതായും, അവിടെ ഒരു പള്ളി പണിയാൻ മാർപാപ്പായുടെ പ്രതിനിധി ബിഷപ്പ് മൂണി അടിസ്ഥാനശില സ്ഥാപിച്ചിരുന്നതായും മുൻപ് സൂചിപ്പിച്ചിരുന്നല്ലോ. പ്രസ്തുത വസ്തുവിൽ കെട്ടിടംപണി ആരംഭിക്കുകയും ചെയ്തിരുന്നു. പുനരൈക്യത്തിനുശേഷം ഈ സ്ഥലം 6500 രൂപ വിലവച്ച് ചങ്ങനാശ്ശേരി രൂപത



www.malankaralibrary.com



**രണ്ടാമത്തെ ചാപ്പൽ**

മാർ തെയോഫിലോസ് പിതാവിന് വിട്ടുകൊടുത്തു. എന്നാൽ പീന്നീട് മാർപാപ്പായുടെ പ്രതിനിധി മോൺ. പി. കിയർക്കിൾസിന്റെ ഇടപെടൽ മുഖാന്തിരം ചങ്ങനാശ്ശേരി രൂപത പ്രസ്തുത തുക ഇളച്ച് നല്കുകയുണ്ടായി. പുനരൈക്യ തേരാളിയായിരുന്ന ബഥനി ചാക്കോച്ചനും, തകടിയിൽ ടി. കെ. ജോണും, ചേരിയിൽ സി. വി. വർക്കി വക്കീലുമാണ് ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ അഭി. ജയിംസ് കാളാശ്ശേരിൽ തിരുമേനിയെ സന്ദർശിച്ച് ഭൂമി വിട്ടുതരുവാൻ അപേക്ഷ സമർപ്പിച്ചത് എന്ന് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. 1934 - ൽ മാത്രമാണ് സ്ഥലം ആധാരം നടത്തി വാങ്ങിയത്. അങ്ങനെ വിട്ടുകിട്ടിയ വസ്തുവിൽ പണിതിരുന്ന കെട്ടിടത്തിലാണ് 1931 സെപ്റ്റംബർ 8-ാം തീയതി രൂപതവകയായ ഇൻഫന്റ് മേരീസ് മൈനർ സെമിനാരി ആരംഭിച്ചത്. ഇതായിരുന്നു മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ആദ്യത്തെ മൈനർ സെമിനാരി. പ്രസ്തുത സെമിനാരി പിന്നീട് ചെറുപുഷ്പഗിരിയിലേക്കും തുടർന്ന് മേരിഗിരിയിലേക്കും മാറ്റി സ്ഥാപിക്കുകയുണ്ടായി. ഈ കാലയളവിൽതന്നെ ബഹു. ഡൊമിനിക്ക് തോട്ടാശ്ശേരിൽ അച്ചൻ നേതൃത്വം നല്കിയാണ് കത്തീഡ്രൽ സെമിത്തേരി സ്ഥാപിച്ചെടുത്തത്. സെമിത്തേരി സ്ഥാപിക്കുന്നതിനും പ്രതിയോഗികൾ വളരെയേറെ പ്രതിസന്ധികൾ ഉണ്ടാക്കിയിരുന്നു. അവർ കൊല്ലം കോടതിയിൽ കേസ് കൊടുത്ത് സെമിത്തേരിക്ക് എതിരായ വിധി നേടുകയുണ്ടായി. എന്നാൽ ബഹു. ഡൊമിനിക്ക് തോട്ടാശ്ശേരിൽ അച്ചൻ തിരുവനന്തപുരം ഹൈക്കോടതിയിൽ അപ്പീൽ നല്കി സഭയ്ക്ക് അനുകൂലമായ വിധി സമ്പാദിക്കുകയുണ്ടായി. ഈ സംരംഭത്തിൽ വലിയ സഹായി ആയിരുന്നത് തിരുവിതാംകൂർ രാജ്യത്തിന്റെ വ്യവസായ ഡയറക്ടർ ആയിരുന്ന പുളിങ്കുന്ന് പുന്നക്കുന്നത്തുശ്ശേരി ഇല്ലിപ്പറമ്പ് ഷെവലിയാർ ഐ. സി. ചാക്കോയായിരുന്നു. ബഹു. ഡൊമിനിക്ക് തോട്ടാശ്ശേരിൽ അച്ചൻ പള്ളിയുടെ ചുമതല വഹിച്ചിരുന്ന കാലത്ത് ചെത്തിപ്പുഴ കർമ്മലീത്ത ആശ്രമത്തിലെ ബഹു. തീത്തൂസ്, ബഹു. കസിയാനോസ്, ബഹു. കെറുബിൻ, ബഹു. പീയൂസ് എന്നീ വൈദികരും പുനരൈക്യ ശുശ്രൂഷകളിലും പള്ളിനടത്തിപ്പിലും സഹായിച്ചിരുന്നു.

രൂപതാ സ്ഥാപനത്തെ തുടർന്ന് നിലവിലുണ്ടായിരുന്ന ചാപ്പൽ രൂപതയുടെ കത്തീഡ്രൽ ആയി ഉയർത്തപ്പെടുകയും, വി. യോഹന്നാൻശ്ലീഹായുടെ നാമത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. കത്തീഡ്രലിന്റെ പ്രഥമ വികാരിയും ഡിസ്ട്രിക്ട് വികാരിയുമായി 1933 ജനുവരി ഏഴാം തീയതി മാർ തെയോഫിലോസ് പിതാവ് ബഹു. ഗീവർഗീസ് അച്ചനെ നിയമിച്ചു.

## മൂന്നാമത്തെ ദേവാലയം

നിരണം ഭദ്രാസനാധ്യക്ഷൻ ആയിരുന്ന അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത 1937 നവംബർ 29-ാം തീയതി പുനരൈക്യപ്പെട്ട് കത്തോലിക്കാസഭയിൽ ചേർന്നു. തിരുവല്ല രൂപതാധ്യക്ഷൻ അഭി. യാക്കോബ് മാർ തെയോഫിലോസ് തിരുമേനി രോഗബാധിതനായിരുന്നതിനാൽ, മാർ സേവേറിയോസ് തിരുമേനിയെ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി 1938 ഓഗസ്റ്റ് 29-ാം തീയതി പരി



www.malankaralibrary.com



**മൂന്നാമത്തെ ദേവാലയം**

ശുദ്ധ സിംഹാസനം നിയമിച്ചു. പുനരൈക്യപ്പെടുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ കത്തീഡ്രൽദേവാലയം ആരാധനാശുശ്രൂഷകൾക്ക് അപര്യാപ്തം എന്നു കാണുകയാൽ പുതിയ ഒരു ദേവാലയം നിർമ്മിക്കുവാൻ മാർ സേവേറിയോസ് മെത്രാപ്പോലീത്ത തീരുമാനിച്ചു. 1930 ൽ പുനരൈക്യത്തിന് മുമ്പ് പ്രഥമ ചാപ്പൽ പണിത അതേ സ്ഥലത്ത് മാർ സേവേറിയോസ് മെത്രാപ്പോലീത്ത പുതിയ ഒരു ദേവാലയം നിർമ്മിച്ച് 1943- ൽ കൂദാശ ചെയ്തു. കത്തീഡ്രൽ വികാരി ബഹു. ഗീവർഗീസ് അച്ചന്റെ കഠിനാദ്ധ്വാനം പള്ളിയുടെ നിർമ്മാണത്തിന് സഹായകമായി.

1933 ജനുവരി ഏഴ് മുതൽ 1948 ജൂൺ 27 വരെ നീണ്ട പതിനഞ്ചുവർഷം ബഹുമാനപ്പെട്ട ഗീവർഗീസ് അച്ചൻ വികാരിയായി തുടർന്നു. ഈ കാലഘട്ടത്തിൽ കത്തോലിക്കാ സാക്ഷ്യസംഘം ഇടവകയിൽ സജീവമായി പ്രവർത്തിച്ചിരുന്നു. സാക്ഷ്യസംഘത്തിന്റെ ആഭിമുഖ്യത്തിൽ സുവിശേഷ യോഗങ്ങൾ, പതിമൂന്ന് മണിക്കൂർ ആരാധന, നാല്പതു മണിക്കൂർ ആരാധന, ക്രിസ്തുരാജത്വത്തിരുനാൾ, വി. ഗീവർഗ്ഗീസ് സഹദായുടെ തിരുനാൾ, വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ, വി. കൊച്ചുത്രേസ്യായുടെ തിരുനാൾ തുടങ്ങിയവ സാഘോഷം നടത്തിയിരുന്നു. തിരുവല്ല പ്രദേശത്ത് ആദ്യമായി മൈക്ക് ഉപയോഗിച്ചത് കത്തീഡ്രലിലെ 40 മണിക്കൂർ ആരാധനയോടനുബന്ധിച്ചായിരുന്നു എന്നത് ചരിത്രത്തിലെ ഒരു സ്മരണീയ വസ്തുതയാണ്. ധാരാളം പുനരൈക്യങ്ങൾ ഈ കാലഘട്ടത്തിൽ ഉണ്ടായതിനു പുറമെ പുനരൈക്യപ്പെട്ടവരെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട ഗീവർഗീസ് അച്ചന്റെ പ്രേരണ മുഖാന്തിരമാണ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ശ്രമഫലമായി പുനരൈക്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതിനായി കർമ്മലീത്ത മിണ്ടാമഠം തിരുവല്ല കുളക്കാട്ടിൽ 1948 ഫെബ്രുവരി 28-ാം തീയതി സ്ഥാപിതമായത്. ബഹുമാനപ്പെട്ട ഏബ്രഹാം ഒ. ഐ. സി, ജോൺ ഒ. ഐ. സി, പക്കോമിയോസ് ഒ, ഐ. സി, റഫായേൽ ഒ. ഐ. സി, ബസേലിയോസ് ഒ. ഐ. സി, ക്രിസോസ്റ്റം ഒ. ഐ. സി തുടങ്ങിയ വൈദികർ ബഹുമാനപ്പെട്ട ഗീവർഗീസ് അച്ചനെ സഹായിക്കുവാനായി വിവിധ സന്ദർഭങ്ങളിൽ എത്തിയിരുന്നു.

ബഹു. ഗീവർഗീസ് അച്ചനെ തുടർന്ന് **1948 ജൂൺ 24-ാം തീയതി മുതൽ ബഹു. തോമസ്സ് വടശ്ശേരി അച്ചൻ (മോൺ. തോമസ് വടശ്ശേരി) വികാരിയായി** ചുമതലയേറ്റു. റോമിൽ ദൈവശാസ്ത്രപഠനം നടത്തി മടങ്ങി എത്തിയ ബഹുമാനപ്പെട്ട വടശ്ശേരിൽ അച്ചൻ മധ്യതിരുവിതാംകൂറിൽ ആകമാനം പുനരൈക്യ ദൂതുമായി കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ചു. ഈ കാലഘട്ടത്തിൽ അദ്ദേഹം രൂപതയുടെ മതബോധന ചുമതലയും വഹിച്ചിരുന്നു. അദ്ദേഹം എഴുതിയ വേദോപദേശ സംഗ്രഹം എന്ന പുസ്തകമായിരുന്നു സൺഡേസ്കൂൾ പാഠപുസ്തകമായി രൂപതയിൽ ആകമാനം ഉപയോഗിച്ചിരുന്നത്. സഭാചരിത്രപരവും വിശ്വാസപരവുമായ അനേകം ഗ്രന്ഥങ്ങൾ ഈ കാലയളവിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. അദ്ദേഹം വികാരിയായിരിക്കുമ്പോഴാണ് 1954 ഏപ്രിൽ 22-ാം തീയതി അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസ്യോസ് പിതാവിന്റെ മെത്രാഭിഷേകം കത്തീഡ്രലിൽവച്ച് സാഘോഷം നടത്തിയത്. രൂപതയുടെ ദ്വിതീയ അധ്യക്ഷനായിരുന്ന അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അപ്രതീക്ഷിതമായ നിര്യാണത്തെത്തുടർന്ന് (18. 01. 1955) കത്തീഡ്രലിൽ നടന്ന കബറടക്ക ശുശ്രൂഷകൾക്ക് ബഹുമാനപ്പെട്ട വടശ്ശേരിൽ അച്ചൻ നേതൃത്വം നല്കി. 1955 സെപ്റ്റംബറിൽ തിരുമൂലപുരം കേന്ദ്രമാക്കി നടന്ന പുനരൈക്യ രജതജൂബിലി ആഘോഷത്തോടനുബന്ധിച്ചുള്ള പ്രേഷിതറാലി കത്തീഡ്രലിൽനിന്നും ആരംഭിച്ചത് ബഹു. വടശ്ശേരിൽ അച്ചന്റെ നേതൃത്വത്തിലായിരുന്നു. 1956 ജനുവരി 15-ാം തീയതി വികാരി സ്ഥാനത്തുനിന്ന് അദ്ദേഹം മാറി.



www.malankaralibrary.com

ബഹു. വടശ്ശേരിൽ അച്ചനെ തുടർന്ന് **മോൺ. മാത്യു നെടുങ്ങാട്ട് വികാരിയായി** ചുമതലയേറ്റു. 1957 മെയ് മാസം 26-ാം തീയതിവരെ അദ്ദേഹം തുടർന്നു. രൂപതയുടെ വികാരിജനറാൾകൂടി ആയിരുന്ന മോൺ. മാത്യു നെടുങ്ങാടിന്റെ സഹായിയായി ബഹു. ജോൺ മേളാംപറമ്പിൽ അച്ചനെ നിയമിച്ചിരുന്നു. ഈ കാലഘട്ടത്തിലാണ് 1956 ജൂൺ 27-ാം തീയതി രൂപതയുടെ പ്രഥമാദ്ധ്യക്ഷൻ അഭി. യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത കാലം ചെയ്തതും, കത്തീഡ്രലിന്റെ മദ്ബഹായിൽ പ്രധാന ത്രോണോസിന് തെക്കുവശത്ത് പിതാവിന്റെ ഭൗതികശരീരം കബറടക്കിയതും.

**1957 മെയ് 26 ന് ബഹു. ജോൺ കുന്നത്ത് അച്ചൻ കത്തീഡ്രൽ വികാരിയായി** ചുമതലയേറ്റു. ലൂർദ്ദിൽ മാതാവ് പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി 1958 ഡിസംബർ 27, 28 തീയതികളിൽ സാഘോഷം കത്തീഡ്രലിൽ കൊണ്ടാടിയത് ചരിത്രത്തിന്റെ ഭാഗമാണ്. പള്ളിവക പുരയിടത്തിൽ ആദ്യമായി റബർ കൃഷി നടത്തിയത് ബഹു. കുന്നത്തച്ചന്റെ നേതൃത്വത്തിലായിരുന്നു.

**1961 ഏപ്രിൽ 22-ാം തീയതി ബഹു. അലക്സാണ്ടർ അറയ്ക്കപ്പടവിൽ അച്ചൻ വികാരിയായി** ചുമതലയേറ്റു. ബഹു. ഏബ്രഹാം കളക്കുടി അച്ചനും, തുടർന്ന് ബഹു. മാത്യു കരിമ്പിലച്ചനും, അറയ്ക്കപ്പടവിൽ അച്ചന്റെ സഹായപട്ടക്കാർ ആയിരുന്നു. 1963 ഡിസംബർ 15-ാം തീയതി, മുൻ വികാരി മോൺ. മാത്യു നെടുങ്ങാട്ടിന് 'ഡൊമസ്റ്റിക്ക് പ്രിലേറ്റ്' പദവിയും, ബഹു. തോമസ് വടശ്ശേരിൽ അച്ചന് 'പേപ്പൽ ചെമ്പർലേൺ' പദവിയും, അഭി. മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ കത്തീഡ്രലിൽവച്ച് നല്കപ്പെടുകയുണ്ടായി. ഇടവകയിൽ ആദ്യമായി വാർഡുകൾ തിരിച്ച് പ്രാർത്ഥനായോഗങ്ങൾ ആരംഭിച്ചത് 1963 ൽ ബഹു. അറയ്ക്കപ്പടവിലച്ചന്റെ നേതൃത്വത്തിലായിരുന്നു. ഇടവക മധ്യസ്ഥൻ വി. യോഹന്നാൻശ്ലീഹായുടെ തിരുനാൾ ആദ്യമായി ആചരിച്ച് തുടങ്ങിയത് 1965 ഡിസംബറിൽ ആയിരുന്നു. ദുഃഖവെള്ളിയാഴ്ച ശുശ്രൂഷകൾക്കുശേഷം നേർച്ചക്കഞ്ഞി ആരംഭിച്ചതും ബഹു. അറയ്ക്കപ്പടവിലച്ചന്റെ നേതൃത്വത്തിൽ ആയിരുന്നു. 1966 മെയ് 13 ന് രൂപതയെ വിവിധ വൈദികജില്ലകളായി തിരിച്ചപ്പോൾ തിരുവല്ല വൈദികജില്ലയുടെ പ്രോട്ടോ പ്രസ്ബിറ്ററായി കത്തീഡ്രൽ വികാരി നിയമിതനായി. 1966 ഡിസംബറിൽ ഇടവക തിരുനാളിനോട് അനുബന്ധിച്ച് വികാരിയുടെ പൗരോഹിത്യസ്വീകരണ രജതജൂബിലി സാഘോഷം കൊണ്ടാടി. 1968 ഏപ്രിൽ മുതൽ ബഹു. ആൻഡ്രൂസ് പുത്തൻപറമ്പിലച്ചനും, 1969 നവംബർ മുതൽ ബഹു. മാത്യു പഞ്ഞിക്കാട്ടിലച്ചനും, 1970 നവംബർ മുതൽ ബഹു. തോമസ് ഇലവുങ്കലച്ചനും കത്തീഡ്രലിൽ സഹവികാരിമാരായി സേവനം നടത്തിയിട്ടുണ്ട്.

## നാലാമത്തെ ദേവാലയം

1955 ജനുവരി 27-ാം തീയതി അഭി. സക്കറിയാസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്ത രൂപതയുടെ ത്രിതീയ അധ്യക്ഷനായി സ്ഥാനാരോഹണം ചെയ്തു. കത്തീഡ്രൽ ഇടവകയിലെ കുടുംബങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് പുതിയ ഒരു കത്തീഡ്രൽ ദേവാലയം നിർമ്മിക്കുവാൻ മാർ അത്തനാസ്യോസ് പിതാവിനെ പ്രേരിപ്പിച്ചു. എം. സി റോഡിനടുത്ത് ഇപ്പോൾ ഹെഡ് പോസ്റ്റോഫീസിനും ടെലഫോൺ ഓഫീസിനും സമീപം പുതിയ കത്തീഡ്രൽ നിർമ്മിക്കുവാൻ പിതാവിന് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ സെമിത്തേരി ഇപ്പോൾ കത്തീഡ്രൽ ഇരിക്കുന്ന സ്ഥലത്തായതിനാൽ അവിടെത്തന്നെ പുതിയ പള്ളി പണിയുവാൻ തീരുമാനിക്കുകയായിരുന്നു. പ്രസിദ്ധ വാസ്തുശില്പി ബ്രിട്ടീഷ് വംശജൻ പത്മശ്രീ ലാറി ബേക്കറിന്റെ പ്ലാൻ അനുസരിച്ച് വൃത്താകൃതിയിൽ പുതിയ കത്തീഡ്രൽ നിർമ്മിക്കുവാനുള്ള നിർദ്ദേശം ഇടവക പൊതുയോഗം സർവ്വാത്മനാ സ്വാഗതം ചെയ്തു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദർശനങ്ങളും, കേരളത്തിന്റെ വാസ്തുവിദ്യയും, ലാറി ബേക്കറിന്റെ അനുഭവജ്ഞാനവും, മാർ അത്തനാസ്യോസ് പിതാവിന്റെ ആരാധനാശൈലിയും, രൂപതയുടെ സാമ്പത്തികസ്ഥിതിയും കണക്കിലെടുത്ത് പുതിയ കത്തീഡ്രൽ ദേവാലയ നിർമ്മിതി നടത്താനായിരുന്നു തീരുമാനം. പരിശുദ്ധ പോൾ ആറാമൻ മാർപാപ്പാ 1964 ഡിസംബർ മൂന്നാം തീയതി ബോംബെ ദിവ്യകാരുണ്യ കോൺഗ്രസിൽവച്ച് ആശീർവ്വദിച്ച് നൽകിയ അടിസ്ഥാനശില 1970 ഡിസംബർ 27-ാം തീയതി മാർ അത്തനാസ്യോസ് പിതാവ് സ്ഥാപിച്ചത്തോടുകൂടി പുതിയ ദേവാലയത്തിന്റെ പണികൾ ആരംഭിച്ചു. നൂറ് അടി ഉയരവും, നൂറ്റിഇരുപതടി വ്യാസവും, 11567 ച. അടി വിസ്തീർണ്ണവും ഉള്ളതും, വൃത്താകൃതിയിൽ സ്തൂപീകാഗ്രതമായ മേൽക്കൂരയോടുകൂടിയതുമായ പ്ലാൻ ഡറാഡൂണിലെ ഇൻസ്റ്റിട്യൂട്ടിൽ സമർപ്പിച്ച് അംഗീകാരം നേടിയാണ് പണികൾ ആരംഭിച്ചത്. അവരുടെ നിർദ്ദേശപ്രകാരം ആഞ്ഞിലിത്തടി ആണ് പൂർണ്ണമായും ഉപയോഗിച്ചിരുന്നത്. കർതൃശിഷ്യന്മാരുടെ എണ്ണത്തിന് അനുസൃതമായി പന്ത്രണ്ട് കരിങ്കൽ തൂണുകളിൽ ആണ് പൂർണ്ണമായും തടികൊണ്ടുള്ള മേൽക്കൂര ഉറപ്പിച്ചത്. പള്ളിയുടെ മദ്ബഹായുടെ തെക്കുകിഴക്കേ തൂണിനുള്ള വാനം നിർമ്മിക്കുമ്പോൾ 1926 ഒക്ടോബർ 28-ാം തീയതി വ്യാഴാഴ്ച അന്നത്തെ അപ്പസ്തോലിക്ക് ഡെലഗേറ്റ് ആയിരുന്ന എഡ്വേഡ് മൂണി തിരുമേനി ചങ്ങനാശ്ശേരി രൂപതയ്ക്കുവേണ്ടി പള്ളി പണിയാൻ ബഹു. ഡൊമിനിക്ക് തോട്ടശ്ശേരിൽ അച്ചൻ പ്രതിഷ്ഠിച്ചതും, കാലാന്തരത്തിൽ വിസ്മൃതിയിൽ ആണ്ടുപോയതുമായ അടിസ്ഥാനശില കണ്ടുകിട്ടുകയുണ്ടായി. കത്തീഡ്രൽ നിർമ്മാണം പുരോഗമിക്കുമ്പോൾ 1972 മെയ് മാസം 1-ാം തീയതി അതിനുള്ളിൽവച്ച് മാർ അത്തനാസ്യോസ് പിതാവിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുകയുണ്ടായി. 1972 ഡിസംബർ 28-ാം തീയതി പുതിയ കത്തീഡ്രലിന്റെ കൂദാശകർമ്മം നടത്തി. ഡിസംബർ 28 ന് വൈകിട്ട് അഭിവന്ദ്യ തെയോഫിലോസ് പിതാവിന്റെയും സേവേറിയോസ് പിതാവിന്റെയും കല്ലറകൾ തുറന്ന് പുറത്തെടുത്ത പൂജ്യാവശിഷ്ടങ്ങൾ 29 ന് രാവിലെ, മാർ ജോസഫ് പവ്വത്തിൽ തിരുമേനിയുടെ


www.malankaralibrary.com



**ലാറി ബേക്കറിന്റെ നേതൃത്വത്തിൽ നിർമ്മിച്ച നാലാമത്തെ ദേവാലയം**

മുഖ്യകാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയെ തുടർന്ന് മദ്ബഹായുടെ കിഴക്കുവശത്ത് പിതാക്കന്മാർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയിരുന്ന ഒന്നും രണ്ടും കല്ലറകളിൽ കബറടക്കുകയുണ്ടായി.

പള്ളിപണിക്ക് നേതൃത്വം നൽകിയത് വികാരി ബഹു. അലക്സാണ്ടർ അറയ്ക്കപ്പടവിലച്ചനും സഹവികാരിയും നിർമ്മാണകമ്മറ്റി കൺവീനറുമായിരുന്ന ബഹു. തോമസ് ഇലവുങ്കലച്ചനും, കൈക്കാരൻ മുളമൂട്ടിൽ ശ്രീ. കുഞ്ഞുഞ്ഞും, കണക്കൻ നെല്ലിമൂട്ടിൽ എൻ. സി വർഗ്ഗീസും (പാപ്പച്ചൻ) ആയിരുന്നു. പുതിയ കത്തീഡ്രൽ ദേവാലയ പ്രതിഷ്ഠയെ തുടർന്ന് മാർ സേവേറിയോസ് തിരുമേനി നിർമ്മിച്ചിരുന്ന പഴയ പള്ളി ഒരു ഹാളായി രൂപപ്പെടുത്തുകയും, പുതിയ പള്ളിപണിയ്ക്ക് അധികംവന്ന തടി ഉപയോഗിച്ച് മേശയും കസേരയും നിർമ്മിക്കുകയും ചെയ്തു. പള്ളിയുടെ മുൻപിൽ ഉണ്ടായിരുന്ന ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള കുരിശടി കത്തീഡ്രൽ ദേവാലയത്തിന് അനുയോജ്യമായ രീതിയിൽ നവീകരിക്കുകയും ചെയ്തു.

1973 മെയ് 5-ാം തീയതി ബഹു. അറയ്ക്കപ്പടവിലച്ചൻ വികാരി സ്ഥാനത്തുനിന്ന് മാറുകയും, **ബഹു. ഏബ്രഹാം കളക്കുടിയിലച്ചൻ വികാരിയായി** ചുമതലയേൽക്കുകയും ചെയ്തു. 1975 ഓഗസ്റ്റ് 15-ാം തീയതി **ബഹു. അലക്സാണ്ടർ അറയ്ക്കപ്പടവിലച്ചൻ രണ്ടാം പ്രാവശ്യം വികാരിയായി** നിയമിതനായി. ബഹു. കളക്കുടിയിലച്ചൻ നിർമ്മാണം ആരംഭിച്ചിരുന്ന കത്തീഡ്രലിലെ ആദ്യത്തെ പൊതുക്കല്ലറ 1975 ഡിസംബർ 25-ാം തീയതി കൂദാശ ചെയ്യുകയുണ്ടായി. 1976 ഏപ്രിൽ 18, 19 തീയതികളിൽ കത്തീഡ്രൽ ദേവാലയത്തിൽവച്ച് പരിശുദ്ധ മൂറോൻ കൂദാശ ചെയ്യുകയുണ്ടായി. 1976 മെയ് 23 ന് അഭി. ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഷഷ്ടിപൂർത്തി കത്തീഡ്രൽ അങ്കണത്തിൽവച്ച് രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. 1977 മാർച്ച് 18-ാം തീയതി കത്തീഡ്രലിലേക്കുള്ള ആദ്യ ടെലഫോൺ കണക്ഷനും, 1977 നവംബർ 4-ാം തീയതി വാട്ടർസപ്ലേ കണക്ഷനും ലഭിക്കുകയുണ്ടായി.

കത്തീഡ്രൽ ഇടവകയെ അതിയായി സ്നേഹിച്ചിരുന്ന അഭി. സക്കറിയാസ് മാർ അത്തനാസ്യോസ് പിതാവ് 1977 സെപ്റ്റംബർ 28-ാം തീയതി കാലം ചെയ്തു. 30-ാം തീയതി കത്തീഡ്രലിൽ പിതാക്കന്മാർക്കുവേണ്ടിയുള്ള പ്രത്യേക കല്ലറയിൽ കബറടക്കുകയുണ്ടായി.

തിരുവല്ല രൂപത വിഭജിച്ച് ബത്തേരി രൂപതയുടെ സ്ഥാപനവും അതിന്റെ പ്രഥമ അധ്യക്ഷനായി മലഞ്ചെരുവിൽ ബഹു. സിറിൽ ഒ. ഐ. സി അച്ചന്റെ നിയമനവും തിരുവല്ല രൂപതയുടെ നാലാമത്തെ അധ്യക്ഷനായി ബഹു. ഐസക് കൂട്ടപ്ലാക്കിൽ അച്ചന്റെ നിയമനവും 1978 നവംബർ 28 ന് കത്തീഡ്രൽ ദേവാലയത്തിൽവച്ച് പ്രഖ്യാപിക്കുകയുണ്ടായി. ഡിസംബർ 21 -ാം തീയതി ഇരുവരുടെയും റമ്പാൻ സ്ഥാനാഭിഷേകവും, ഡിസംബർ 29 -ാം തീയതി അഭി. ഐസക് മാർ യൂഹാ



www.malankaralibrary.com

നോൻ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണവും കത്തീഡ്രലിൽവച്ച് നടന്നു.

ബഹു. അലക്സാണ്ടർ അറയ്ക്കപ്പടവിലച്ചൻ 1979 മെയ് 25-ാം തീയതി വികാരി സ്ഥാനത്തുനിന്ന് മാറുകയും മെയ് 26-ാം തീയതി **ബഹു. പീറ്റർ തേക്കുംപറമ്പിലച്ചൻ വികാരിയായി** ചുമതല ഏല്ക്കുകയും ചെയ്തു. വികാരി ബഹു. പീറ്റർ തെക്കുംപറമ്പിലച്ചൻ ഡയറക്ടറായി, പാരിഷ്ഹാളായി രൂപപ്പെടുത്തിയിരുന്ന പഴയ കത്തീഡ്രൽപള്ളിയിൽ 1979 അദ്ധ്യയന വർഷാരംഭത്തിൽ സെന്റ് ജോൺസ് പാരലൽ കോളേജ് ആരംഭിച്ചു. ഈ കോളേജാണ് പിന്നീട് കച്ചേരിപ്പടിയിൽ രൂപതവകയായി ഉണ്ടായിരുന്ന സ്ഥലത്ത് പുതിയ കെട്ടിടം പണിത് അവിടേക്ക് മാറ്റി സ്ഥാപിച്ചത്. 1980 ജൂൺ ഒന്നാം തീയതി മുതൽ **ബഹു. ജോർജ്ജ് ചുണ്ടേവാലേലച്ചൻ (ഗീവർഗീസ് മാർ തിമോത്തിയോസ്) വികാരിയായി** നിയമിതനായി. കത്തീഡ്രലിന്റെ സുവർണ്ണ ജൂബിലി 1980 സെപ്റ്റംബർ 20, 21 തിയതികളിൽ ആഘോഷിച്ചു. ജൂബിലിയുടെ അവസരത്തിൽ പാലത്തിങ്കൽ ശ്രീ. പി. വി. ഏബ്രഹാം (തമ്പാൻസാർ) സംഭാവനയായി നൽകിയ കൊടിമരം കുരിശടിയുടെ സമീപത്തായി സ്ഥാപിക്കുകയുണ്ടായി.

ഇടവകയുടെ ചിരകാലാഭിലാഷം ആയിരുന്ന ഒരു ഓഡിറ്റോറിയം നിർമ്മിക്കുവാനായി അഭി. ഐസക് മാർ യൂഹാനോൻ പിതാവ്, 1981 മാർച്ച് 25-ാം തീയതി അടിസ്ഥാനശില ആശീർവ്വദിച്ച് സ്ഥാപിച്ചു. ബഹു. വികാരി ജോർജ്ജ് ചുണ്ടേവാലേൽ അച്ചന്റെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി സെന്റ് ജോൺസ് കത്തീഡ്രൽ ഹാൾ വളരെ മനോഹരമായി പൂർത്തിയാക്കി 1982 മെയ് 2 ന് കൂദാശ ചെയ്യുവാൻ സാധിച്ചു. 1983 സെപ്റ്റംബർ 7 ന് നാല്പത് അറകളുള്ള സെമിത്തേരിയിലെ രണ്ടാമത്തെ പൊതുക്കല്ലറ കൂദാശ ചെയ്യപ്പെട്ടു. ബഹു. വികാരിയച്ചന്റെ വത്സല പിതാവ് ചുണ്ടേവാലേൽ ബഹു. ജേക്കബ് അച്ചന്റെ സ്മരണയ്ക്കായി ചുണ്ടേവാലേൽ കുടുംബം സംഭാവന ചെയ്ത കൽക്കുരിശും അന്നേ ദിവസം ആശീർവ്വദിച്ചു. രൂപതയുടെ സുവർണ്ണ ജൂബിലി 1984 ജനുവരി 4,5,6 തീയതികളിൽ കത്തീഡ്രൽ കേന്ദ്രമാക്കി ആഘോഷിച്ചു.

പുനരൈക്യാനന്തരം ചങ്ങനാശ്ശേരി അതിരൂപതയിൽനിന്ന് മാർ തെയോഫിലോസ് പിതാവിന് കൈമാറിയ സ്ഥലത്ത് ഉണ്ടായിരുന്നതും, 1931 സെപ്റ്റംബർ എട്ടാം തീയതി ഇൻഫന്റ് മേരീസ് മൈനർ സെമിനാരി ആരംഭിച്ചതും പിന്നീട് വൈദികവസതിയായി ഉപയോഗിച്ചുകൊണ്ടിരുന്നതുമായ കെട്ടിടത്തിലെ അസൗകര്യങ്ങളും പരിമിതികളും പരിഗണിച്ച് കത്തീഡ്രൽ ഇടവകയുടെ അഭിമാനത്തിന് ചേരുന്ന വിധത്തിലുള്ളതും ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ ഇരുനില വൈദികമന്ദിരം പുതുതായി നിർമ്മിച്ച് 1984 ഡിസംബർ 30 ന് കൂദാശ ചെയ്തു. ബഹു. വികാരി ജോർജ്ജ് ചുണ്ടേവാലേലച്ചന്റെ ദീർഘവീക്ഷണത്തിന്റെ ഫലമാണ് പുതിയ വൈദികമന്ദിരം. തിരുവല്ല അമ്പലപ്പുഴ റോഡരികിൽ കത്തീഡ്രലിന്റെ മുൻപിൽ 1930 ൽ ആലപ്പുഴ മലയിൽ ചാക്കോ നിർമ്മിച്ച് നൽകിയതും ചങ്ങനാശ്ശേരി രൂപതാധ്യക്ഷൻ അഭി. തോമസ് കാളശ്ശേരിൽ പിതാവ് കൂദാശ ചെയ്തതും 1972 ൽ പുതുതായി നിർമ്മിച്ച കത്തീഡ്രലിന് ചേരുന്ന വിധത്തിൽ നവീകരിച്ചതുമായ വി. ഗീവർഗീസ് സഹദായുടെ നാമത്തിലുണ്ടായിരുന്നതുമായ കുരിശടി പുതുക്കിപ്പണിത് 1986 ഏപ്രിൽ 27 ന് കൂദാശ ചെയ്തു.

ഇടവകാംഗങ്ങളിൽ ചാത്തങ്കേരി ഭാഗത്തുള്ളവരുടെ സൗകര്യം പരിഗണിച്ച് അവിടെ പ്രാർഥനയ്ക്കും സൺഡേസ്കൂൾ നടത്തുന്നതിനുമായി ഒരു ഹാൾ 1982 ഓഗസ്റ്റ് 27-ാം തീയതി കൂദാശ ചെയ്ത് പ്രതിഷ്ഠിക്കുകയുണ്ടായി. പ്രസ്തുത ഹാൾ 1986 ഏപ്രിൽ 5 ന് സെന്റ് മേരീസ് ചാപ്പലായി കൂദാശ ചെയ്യുകയും ഞായറാഴ്ചകളിൽ അവിടെ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തുവന്നിരുന്നു. ഇപ്പോൾ അത് സ്വതന്ത്ര ഇടവകയായി പ്രവർത്തിക്കുന്നു. 1986- ൽ ഇടവകനാദം എന്ന പേരിൽ പാരീഷ് ബുള്ളറ്റിൻ പ്രവർത്തനം ആരംഭിച്ചു. 1984 - ൽ ബഹു. ജോർജ്ജ് ചുണ്ടേവാലേലച്ചൻ ഇടവകയുടെ വികാരി സ്ഥാനത്തോടൊപ്പം രൂപതയുടെ വികാരിജനറാൾ ആയി ചുമതല ഏറ്റെടുത്തു. ഈ കാലഘട്ടത്തിൽ ബഹു. ജോൺ മാങ്കുളം, ബഹു. ചെറിയാൻ മാമ്പ്രക്കുഴി, ബഹു. ഐസക് കിഴക്കേപ്പറമ്പിൽ എന്നിവർ സഹവികാരിമാരായി വിവിധ കാലങ്ങളിൽ ഇടവകഭരണത്തിൽ വികാരിയെ സഹായിച്ചിരുന്നു.

1987 ഏപ്രിൽ 28-ാം തീയതി അഭി. ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്ത കാലം ചെയ്യുകയും ഏപ്രിൽ 30-ാം തീയതി കത്തീഡ്രലിൽ പിതാക്കന്മാർക്കുവേണ്ടിയുള്ള കല്ലറയിൽ കബറടക്കുകയും ചെയ്തു. തുടർന്ന് ബഹു. ജോർജ്ജ് ചുണ്ടേവാലേലച്ചൻ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി തിരഞ്ഞെടുക്കപ്പെട്ടു. 1988 ഏപ്രിൽ 17 - ന് ഭാരത കത്തോലിക്കാ മെത്രാൻസംഘത്തിന്റെ കോട്ടയം വടവാതൂർ സെമിനാരിയിൽ നടന്നിരുന്ന ദ്വിവാർഷിക പൊതുസമ്മേളനത്തിൽ പങ്കെടുക്കുവാൻ എത്തിയിരുന്ന ഭാരതത്തിലെ കത്തോലിക്കാ മെത്രാന്മാർക്ക് കത്തീഡ്രലിൽ സ്വീകരണം നല്കി. ഓഗസ്റ്റ് 17 ന് പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ സൈമൺ ഡി. ലൂർദ്ദുസ്വാമിക്ക് രൂപതയുടെ ആഭിമുഖ്യത്തിലുള്ള വരവേൽപ്പ് കത്തീഡ്രലിൽവച്ച് നൽകുകയുണ്ടായി.

1988 മെയ് 19-ാം തീയതി ഇടവകയുടെ വികാരി ബഹു. ജോർജ്ജ് ചുണ്ടേവാലേലച്ചനെ രൂപതയുടെ അധ്യക്ഷനായി നിയമിച്ചുകൊണ്ടുള്ള മാർപാപ്പായുടെ കല്പന കത്തീഡ്രൽ ഇടവകാംഗങ്ങളും പൊതുസമൂഹവും സന്തോഷത്തോടെയാണ് സ്വീകരിച്ചത്. ഇതേത്തുടർന്ന് **ബഹു. യോവാക്കിം നാഗഞ്ചേരിലച്ചൻ 1988 മെയ് 19-ാം തീയതി മുതൽ ഇടവകയുടെ വികാരിയായി** നിയമിതനായി. നിയുക്ത മെത്രാൻ വന്ദ്യ ജോർജ്ജ് ചുണ്ടേവാലേലച്ചൻ 1988 ഓഗസ്റ്റ് ആറാം തീയതി കത്തീഡ്രൽ അങ്കണത്തിൽ തയ്യാറാക്കിയ പ്രത്യേക വേദിയിൽവച്ച് ഗീവർഗീസ് മാർ തിമോത്തിയോസ് എന്ന പേരിൽ മെത്രാനായി അഭിഷേചിക്കപ്പെടുകയും അന്നുതന്നെ കത്തീഡ്രലിൽവച്ച് രൂപതയുടെ അഞ്ചാമത്തെ അധ്യക്ഷനായി സ്ഥാനാരോഹണം നടത്തുകയും ചെയ്തു.



www.malankaralibrary.com

ബഹു. വികാരി യോവാക്കിം നാഗഞ്ചേരിലച്ചൻ രൂപതയുടെ ചാൻസിലറും, സ്കൂളുകളുടെ കോർപ്പറേറ്റ് മാനേജറും ആയിരുന്നതിനാൽ അരമനയിൽ ആയിരുന്നു താമസം. അതിനാൽ രൂപതയുടെ സോഷ്യൽ സർവ്വീസ് ഡയറക്ടർ ആയിരുന്ന ലേഖകനെ സഹവികാരിയായി കത്തീഡ്രലിൽ ബഹു. യോവാക്കിം അച്ചനെ സഹായിക്കുവാൻ നിയമിച്ചിരുന്നു. 1989 മേയ് മാസം പതിനാല് മുതൽ 1992 മേയ് അഞ്ച് വരെ കത്തീഡ്രലിൽ താമസിച്ച് വികാരിയെ സഹായിച്ചിരുന്നു. 1990 ഫെബ്രുവരി 23 ന് രണ്ടായിരാമാണ്ട് മഹാജൂബിലിയ്ക്ക് ഒരുക്കമായുള്ള സുവിശേഷവൽക്കരണ ദശകം കത്തീഡ്രൽ ദേവാലയത്തിൽവച്ച് ഉത്ഘാടനം ചെയ്തു. ബഹു. മാത്യു പുനക്കുളം അച്ചനും കുറേക്കാലം സഹവികാരിയായി കത്തീഡ്രലിൽ സേവനം ചെയ്തു. **1991 ജനുവരി 6 മുതൽ ബഹു. ഏബ്രഹാം കാക്കനാട്ടച്ചൻ** (ഏബ്രഹാം മാർ യൂലിയോസ്) വികാരിയായി ചുമതലയേറ്റു. തിരുവല്ലയിലും സമീപപ്രദേശങ്ങളിലും ഉള്ള കത്തോലിക്കാ ഇടവകകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള തിരുവല്ല കാതലിക് കൺവൻഷൻ 1991 ൽ ആരംഭിച്ചു. ബഹു. ഏബ്രഹാം കാക്കനാട്ടച്ചന്റെ ദീർഘവീക്ഷണത്തിൽ ആരംഭിച്ച കൺവൻഷൻ എല്ലാ വർഷവും വലിയ നോമ്പിലെ 36-ാം ഞായറാഴ്ച കഴിഞ്ഞുവരുന്ന ദിവസങ്ങളിൽ മുടക്കംകൂടാതെ നടന്നുവന്നിരുന്നു. ഇടക്കാലത്ത് പ്രസിദ്ധീകരണം മുടങ്ങിപ്പോയ ഇടവകനാദം 1991 ൽ വീണ്ടും പ്രസിദ്ധീകരണം ആരംഭിച്ചു. 1991 ജൂലൈ മാസത്തിൽ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും കത്തീഡ്രലിന്റെ മകുടിയിൽ സ്ഥാപിച്ചിരുന്ന 25 അടി ഉയരവും ഒരു ടണ്ണിൽ അധികം ഭാരവുമുണ്ടായിരുന്ന കുരിശ് അടർന്ന് വീണ് കത്തീഡ്രലിന് കേടുപാടുകൾ സംഭവിച്ചതിനാൽ കേടുപാടുകൾപോക്കി ഫൈബർ നിർമ്മിതമായ കുരിശ് പള്ളിയുടെ മകുടിയിൽ പുനസ്ഥാപിച്ചു. ഇതോടനുബന്ധിച്ച് മദ്ബഹാ കൂടുതൽ മനോഹരമാക്കുകയും പള്ളിയുടെ ഉള്ളിൽ കൂടുതൽ വെളിച്ചം ലഭിക്കുന്നതിനായി മുൻപ് ഉണ്ടായിരുന്ന പന്ത്രണ്ട് മുഖപ്പുകൾക്ക് പുറമേ നാല് വലിയ മുഖപ്പുകൾക്കൂടി നിർമ്മിക്കുകയുമുണ്ടായി. ഇടവകാംഗങ്ങളായ തേക്കുംപറമ്പിൽ റ്റി. കെ. ജോൺസാർ, മാളിയേക്കൽ കിഴക്കേടത്ത് ഡോ. മിസിസ്സ് മേരി ഫിലിപ്പ് എന്നിവർക്ക് 1991 നവംബർ അഞ്ചാം തീയതി 'പ്രോ എക്ലേസിയ എത്ത് പൊന്തിഫിച്ചേ' (സഭയ്ക്കും മാർപാപ്പായ്ക്കുംവേണ്ടി) എന്ന പേപ്പൽ ബഹുമതി നല്കുകയുണ്ടായി. ഇതേ യോഗത്തിൽവച്ച് തിരുമൂലപുരം ഇടവകാംഗമായിരുന്ന കല്ലറയ്ക്കൽ ശ്രീ. അലക്സാണ്ടർ പി. വർഗ്ഗീസിന് 'ബേനേ മെരിന്തി' എന്ന ബഹുമതിയും നൽകുകയുണ്ടായി.

ഇറ്റലിയിൽ ബൈസന്റയിൻസഭയിൽ പ്രവർത്തിക്കുന്ന ബസീലിയൻ സിസ്റ്റേഴ്സിന്റെ ഒരു മഠം ഇടവകാതിർത്തിയിൽ 1992 ൽ ആരംഭിച്ചിരുന്നത് 1993 മെയ് 25-ാം തീയതി പാലിയേക്കര ഭാഗത്ത് പുതുതായി





www.malankaralibrary.com

നിർമ്മിച്ച ഭവനത്തിലേക്ക് മാറ്റി സ്ഥാപിക്കുകയുണ്ടായി. 1993 ഡിസംബർ 28 ന് സെമിത്തേരിയിലെ 75 അറകളുള്ള മൂന്നാമത്തെ പൊതുക്കല്ലറ കൂദാശ ചെയ്തു. ഇടവക സെമിത്തേരിയോടു ചേർന്ന് രൂപതയിലെ വൈദികർക്കുവേണ്ടിയുള്ള പൊതുക്കല്ലറ വൈദിക വെൽഫയർ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 1992 ൽ പണിയിക്കുകയുണ്ടായി. അഭി. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി 1994 ഏപ്രിൽ 4, 5 തീയതികളിൽ കത്തീഡ്രൽ കേന്ദ്രമാക്കി ആഘോഷിച്ചു. മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ മൂന്ന് രൂപതകളിലെയും വൈദികരുടെ സംയുക്ത സമ്മേളനം, മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മാതൃഇടവകയായ ആനിക്കാടുനിന്നുള്ള തീർത്ഥാടന പദയാത്ര, സമൂഹബലി, അനുസ്മരണാ സമ്മേളനം, നേർച്ചവിളമ്പ്, സ്മരണിക പ്രകാശനം എന്നിവ ആഘോഷത്തിന്റെ ഭാഗമായിരുന്നു.

തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിക്ക് സമീപം തിരുവല്ല-മല്ലപ്പള്ളി റോഡിൽ മേപ്പുറത്ത് ശ്രീ. പി. വി. മാത്യു നൽകിയ സ്ഥലവും സംഭാവനയും ഉപയോഗിച്ച് വേളാങ്കണ്ണി മാതാവിന്റെ നാമത്തിൽ മനോഹരമായ ഒരു കുരിശടി നിർമ്മിച്ച് 1996 മെയ് 11 ന് കൂദാശ നടത്തുകയുണ്ടായി. കുരിശടിയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന വേളാങ്കണ്ണിമാതാവിന്റെ തിരുസ്വരൂപം മേപ്പുറത്ത് ശ്രീ. പി. വി. മാത്യുവും, ഗീവർഗീസ് സഹദായുടെ തിരുസ്വരൂപം കാടമല ശ്രീ. സാമുവേലും, കർത്താവിന്റെ തിരുസ്വരൂപം തൈപ്പറമ്പിൽ ശ്രീ. തോമസ് ജോസഫുമാണ് നല്കിയത്. 1997 മെയ് 18 ന് കൂടിയ ഇടവക പൊതുയോഗം ഇടവകയുടെ ആഭിമുഖ്യത്തിൽ ഒരു സാങ്കേതിക പരിശീലനകേന്ദ്രം ആരംഭിക്കാൻ തീരുമാനിക്കുകയും സൺഡേസ്കൂൾ ഹാളിൽ ആരംഭിക്കുകയും ചെയ്തു. 1972 ഡിസംബറിൽ കുദാശ ചെയ്ത് പ്രതിഷ്ഠിച്ച പുതിയ കത്തീഡ്രൽ ദേവാലയത്തിന്റെ പ്രതിഷ്ഠയുടെ ഒരു വർഷം നീണ്ടുനിന്ന രജതജൂബിലി ആഘോഷങ്ങൾ 1997 ജനുവരി 5-ാം തീയതി അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത ഉത്ഘാടനം ചെയ്തു. ജൂബിലി ആചരണത്തിന്റെ ഭാഗമായി മോൺ. തോമസ് വടശ്ശേരി മെമ്മോറിയൽ ആർക്കൈവ്സ്, ജൂബിലിവത്സരത്തിൽ ജനിക്കുന്ന പെൺകുട്ടികളുടെ നാമത്തിലുള്ള വിവാഹസഹായ നിക്ഷേപം, സാൻജോസ് മഹിളാസമാജത്തിന്റെ ആഭിമുഖ്യത്തിൽ അച്ചാർ നിർമ്മാണ യൂണിറ്റ്, ജൂബിലിസ്മാരക ഐ. റ്റി. സി. എന്നിവയ്ക്ക് രൂപം നല്കി.

1997 ജൂലൈമാസം 17-ാം തീയതി ബഹു. മാമ്മൻ ചക്കാലപ്പടിക്കൽ അച്ചനെ തോമസ് മാർ കൂറിലോസ് എന്ന പേരിൽ കത്തീഡ്രലിൽവച്ച് രൂപതയുടെ സഹായമെത്രാനായി വാഴിച്ചു. ജൂബിലിയുടെ ഭാഗമായി 1997 ഒക്ടോബർ 2, 3, 4 തീയതികളിൽ മൂന്ന് കലാപരിപാടികൾ കോർത്തിണക്കി മെഗാഫെസ്റ്റ് സംഘടിപ്പിച്ചു. മഞ്ജു വാര്യരുടെ ശാസ്ത്രീയ നൃത്തം, ബിജു നാരായണനും സംഘവും അവതരിപ്പിച്ച ഗാനമേള, ജയരാജ് വാര്യരുടെ മിമിക്സ് കാരിക്കേച്ചർ എന്നിവയായിരുന്നു പ്രസ്തുത കലാപരിപാടികൾ. മെഗാഫെസ്റ്റിൽവച്ച് അഭിനയരംഗത്ത് 25 വർഷം പൂർത്തിയാക്കിയ സിനിമാതാരവും തിരുവല്ലയുടെ അഭിമാനവുമായിരുന്നു ശ്രീ. എം. ജി. സോമനെ ആദരിക്കുകയുമുണ്ടായി. മെഗാഫെസ്റ്റിന്റെ വരുമാനം ഐ. റ്റി. സി. തുടങ്ങുവാൻ എടുത്തിരുന്ന കടം വീട്ടുവാൻ വിനിയോഗിച്ചു.

ഇടവകയുടെ മൂന്നാമത്തെ കുരിശടി കുളക്കാട്ടിൽ പാലത്തിങ്കൽ ശ്രീ. അലക്സ് സംഭാവന നൽകിയ സ്ഥലത്ത് 1997 ഡിസംബർ 27-ാം തീയതി വി. യൂദാശ്ലീഹായുടെ നാമത്തിൽ കൂദാശ ചെയ്ത് പ്രതിഷ്ഠിച്ചു. യൂദാശ്ലീഹായുടെ തിരുസ്വരൂപം പാലത്തിങ്കൽ ശ്രീ. അലക്സും, ഗീവർഗീസ് സഹദായുടെ തിരുസ്വരൂപം പാലത്തിങ്കൽ ശ്രീ. പി. റ്റി. കുഞ്ഞുമാണ് സംഭാവനയായി നൽകിയത്. മെഡിക്കൽ മിഷൻ ആശുപത്രിയുടെ അടുത്തുള്ള കുരിശടിക്കും, കുളക്കാട്ടിലുള്ള കുരിശടിക്കും സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിനും പണം സ്വരൂപിക്കുന്നതിനും ശ്രീ. ഏബ്രഹാം പാലത്തിങ്കലിന്റെയും (തമ്പാൻസാർ), പണികൾ നടത്തുന്നതിൽ പാലത്തിങ്കൽ ശ്രീ അലക്സാണ്ടറിന്റെയും പ്രേരണയും പ്രയത്നവും പ്രത്യേകം സ്മരണീയമാണ്.

ഏഴ് വർഷക്കാലം ഇടവകയ്ക്ക് ക്രിയാത്മകവും പ്രതീക്ഷാനിർഭരവുമായ നേതൃത്വം നല്കിയ ബഹു. ഏബ്രഹാം കാക്കനാട്ടിൽ അച്ചൻ 1998 മെയ് മാസം 15-ാം തീയതി വികാരിസ്ഥാനത്തുനിന്ന് മാറുകയും **ബഹു. ഏബ്രഹാം കാടമല അച്ചൻ ചുമതല ഏല്ക്കുകയും** ചെയ്തു. 1972 ഡിസംബറിൽ കൂദാശ ചെയ്ത് കൂടാരപ്പള്ളി എന്ന് പ്രസിദ്ധമായിരുന്നതും വാസ്തുവിദ്യ മേഖലയിൽ പഠിതാക്കൾക്ക് പഠനമാതൃകയും തിരുവല്ല പട്ടണത്തിന്റെ മുഖവുമായി മാറിയിരുന്ന കത്തീഡ്രൽ ദേവാലയം അപരിഹാര്യമായ കേടുപാടുകൾ നിമിത്തം അപകടകരമായ സ്ഥിതിയിലാണ് എന്ന് തിരിച്ചറിഞ്ഞ പുതിയ വികാരിയച്ചൻ പുതിയ ഒരു ദേവാലയം എന്ന ആശയം മുമ്പോട്ടു വയ്ക്കുകയുണ്ടായി. പുതിയ ദേവാലയ നിർമ്മിതിയ്ക്ക് ഉണ്ടാകാവുന്ന സാമ്പത്തിക ബാദ്ധ്യത രൂപത അധികാരികളെ പ്രസ്തുത ആശയത്തിൽനിന്ന് പിൻതിരിപ്പിച്ചു. 1998 നവംബർ 3-ാം തീയതി കാലംചെയ്ത അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ കബറടക്കസമയത്ത് ഉണ്ടായ ശക്തമായ കാറ്റും മഴയും കത്തീഡ്രലിന്റെ ശോച്യാവസ്ഥ മനസ്സിലാക്കുവാൻ കബറടക്ക ശുശ്രൂഷയിൽ പങ്കെടുത്തിരുന്ന അഭി. പിതാക്കന്മാരെയും ബഹു. വൈദികരെയും അല്മായരെയും ഒരുപോലെ സഹായിച്ചു. ഇനിയും പ്രസ്തുത ദേവാലയം നിലനിൽക്കുന്നത് വലിയ അപകടത്തിന് കാരണമാകാം എന്ന് തിരിച്ചറിഞ്ഞ വിശ്വാസിസമൂഹവും ബഹു. വൈദികരും പുതിയ ദേവാലയം എന്ന നിർദ്ദേശം മുമ്പോട്ട് വച്ചു. കബറടക്ക സമയത്ത് വിദേശത്തായിരുന്ന രൂപതാദ്ധ്യക്ഷൻ അഭി. ഗീവർഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത മടങ്ങിവന്നപ്പോൾ പുതിയ ദേവാലയ നിർമ്മിതിയുമായി ബന്ധപ്പെട്ട ആലോചനകൾക്ക് തുടക്കമായി.

(രണ്ടാം ഭാഗം - പുതിയ കത്തീഡ്രൽ നിർമ്മാണം - അടുത്ത ലക്കത്തിൽ)



www.malankaralibrary.com

# കരുണയുടെ അപ്പസ്തോലൻ-

## ബിജു പയ്യമ്പള്ളിൽ
**(ശാലോം കാരുണ്യഭവൻ, മല്ലപ്പള്ളി)**



തയ്യാറാക്കിയത് :
**ബേബിച്ചൻ തെക്കേടത്ത്**

പത്തനംതിട്ട ജില്ലയിലെ ആദ്യത്തെ മാനസികാരോഗ്യ പുനരധിവാസ കേന്ദ്രമായ ശാലോം കാരുണ്യഭവന്റെ സ്ഥാപകൻ. സമൂഹം ഭയപ്പാടോടും അവജ്ഞയോടും വീക്ഷിക്കുന്ന മാനസിക രോഗികളെ ഇരുകൈകളും നീട്ടി ആശ്ലേഷിക്കുന്ന കരുണാമയൻ. ദൈവികപദ്ധതിയിൽ ചേർന്ന്നിന്ന് ദൈവഹിതം നിറവേറ്റുന്ന ധീരനായ കർമ്മയോഗി.

‘‘എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്ത് കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്ത് തന്നത്’’ (മത്തായി 25:40).

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽ മങ്കുഴിയിൽ പയ്യമ്പള്ളിൽ കുടുംബത്തിൽ ഓർത്തഡോക്സ് സഭാംഗങ്ങളായ ദാനിയേൽ ഈപ്പന്റെയും മറിയാമ്മ ഈപ്പന്റെയും 3 മക്കളിൽ രണ്ടാമത്തെ മകനായി 1964 ൽ ആണ്, നാട്ടുകാരും സുഹൃത്തുക്കളും എപ്പോഴും സ്നേഹത്തോടെ വിളിക്കുന്ന ‘ബിജുച്ചായൻ’ എന്ന ഈപ്പൻ ചെറിയാന്റെ ജനനം. കനിഷ്ഠസഹോദരിക്കും ഇളയ അനുജനുമൊപ്പം സാമാന്യം സാമ്പത്തിക ഭദ്രതയുള്ള കുടുംബത്തിലാണ് ബിജു വളർന്നത്. സ്കൂൾ പഠനകാലം മുതലേ വേദനിക്കുന്നവരോടും, അനാഥരോടും, നിരാലംബരോടും ഒരു പ്രത്യേക അലിവ് ഹൃദയ കോണിൽ എപ്പോഴും ഉണ്ടായിരുന്നു. 1991 ൽ ഈപ്പൻ ചെറിയാൻ വിവാഹിതനായി. ഭാര്യ ആലീസ് ഈപ്പൻ. ഇവരുടെ 2 മക്കളിൽ മൂത്ത മകൻ ഷാരോൺ ഒരു ഐ.റ്റി. കമ്പനിയിൽ ജോലി ചെയ്യുന്നു. മകൾ ഷാന്റി പഠിച്ചുകൊണ്ടിരിക്കുന്നു.



അപ്പന് മങ്കുഴിപ്പടി കവലയിൽ ഒരു പലചരക്ക് കടയുണ്ടായിരുന്നു. ബിജു ഒരു സഹായിയായി സദാസമയവും കടയിൽ ഉണ്ടാകും. കടയിൽ ഇരിക്കുമ്പോൾ റോഡിലൂടെ നിരവധിപേർ വിശന്ന് വലഞ്ഞ് നടക്കുന്നത് കാണുമ്പോൾ അവർക്കൊക്കെ ഭക്ഷണം വാങ്ങി കൊടുക്കുകയും, തന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുക പതിവായിരുന്നു. 10-ാം ക്ലാസ്സോടെ പഠനം മതിയാക്കി പലചരക്ക് കടയുടെ പ്രവർത്തനം ബിജു ഏറ്റെടുത്തു. കരുണയും ദയയും കൂടിയത് കാരണം പലചരക്ക് സാധനങ്ങൾ വാങ്ങാൻ വരുന്നവരിൽ, പണം തരാൻ നിവൃത്തിയില്ലാത്തവർക്ക് സാധനങ്ങൾ സൗജന്യമായി കൊടുക്കും. ഒരിക്കൽ ഒരാൾ ഒരു പലചരക്ക് സാധനം ചോദിച്ച് കടയിൽ വന്നു. അത് കടയിൽ ഇല്ലായിരുന്നു. ചോദിച്ചത് കിട്ടാതെ അയാൾ വീട്ടിൽ പോയി. ഇത് ബിജുവിനെ ഏറെ വേദനിപ്പിച്ചു. അന്നുതന്നെ ബിജു ആ പലവ്യഞ്ജനം പുറത്ത്നിന്ന് വാങ്ങി രാത്രി അയാളുടെ വീട്ടിൽ കൊണ്ട് കൊടുത്തു.

നാട്ടിൽ മദ്യപിച്ച് ബഹളം ഉണ്ടാക്കി നടക്കുന്ന മദ്യപാനികളെ ഒക്കെ പിടിച്ച് വണ്ടിയിൽ കയറ്റി എല്ലാ ഞായറാഴ്ചയും പോട്ട ആശ്രമത്തിൽ കൊണ്ടുപോയി ധ്യാനത്തിൽ പങ്കെടുപ്പിക്കുക പതിവായി. ക്രമേണ വീടുകൾ കേന്ദ്രീകരിച്ചുള്ള പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുവാൻ തുടങ്ങി. ധാരാളം പേർ അതിൽ പങ്കെടുത്തിരുന്നു. ബിജുവിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും സഹായിയും, പ്രോത്സാഹകനും, ഉപദേശകനുമായി കൂടെ നിന്നത് തിരുവല്ല അതിരൂപതയിലെ



www.malankaralibrary.com

വൈദികൻ വന്ദ്യ കോർഎപ്പിസ്ക്കോപ്പാ ചെറിയാൻ രാമനാലിലച്ചനാണ്. അച്ചൻ ദീർഘകാലം മല്ലപ്പള്ളി ടൗൺ പള്ളിയുടെ വികാരിയായിരുന്നു. ബഹു. അച്ചന്റെ ആത്മീയ ഉപദേശം ബിജുവിന്റെ പ്രവർത്തന ങ്ങൾക്ക് കൂടുതൽ ശക്തി പകർന്നു. പ്രാർത്ഥനായോഗ ങ്ങൾ വീടുകളിൽ ഉൾക്കൊള്ളാൻ സാധിക്കാതെ വന്ന പ്പോൾ പ്രാർത്ഥന പിന്നീട് മങ്കുഴിപ്പടിയിലെ വൈ.എം. സി.എ. ഹാളിലേക്ക് മാറ്റി. എല്ലാ ചൊവ്വാഴ്ചയും നടന്നിരുന്ന പ്രാർത്ഥനാകൂട്ടായ്മയിൽ 500-ഓളം ആളുകൾ പങ്കെടുത്തിരുന്നു. പുലർച്ചെ മദ്യപാനികളെ അന്വേഷിച്ച് നടക്കൽ, പകൽ ബിസിനസ്, രാത്രി പ്രാർത്ഥനായോഗം ഇങ്ങനെ മുമ്പോട്ട് പോയ്ക്കൊ ണ്ടിരുന്നു. ഒരുനാൾ അദ്ദേഹം പോട്ടയിൽ ഒരു ധ്യാന ത്തിൽ പങ്കെടുക്കവേ അവിടെ ധ്യാനിപ്പിച്ചിരുന്ന അച്ചൻ ബിജുവിന് ദൈവത്തിന്റെ വെളിപ്പെടുത്തൽ കൊടുക്കുകയുണ്ടായി. ''നിങ്ങളിൽനിന്നും ഈ ശുശ്രൂ ഷയല്ല ദൈവം ആഗ്രഹിക്കുന്നത്. മാനസിക രോഗി കളെ ശുശ്രൂഷിക്കാൻ ആവശ്യപ്പെടുന്നു''. ബിജു അസ്വസ്ഥനായി. പറഞ്ഞ് കേട്ടിട്ടുതന്നെ ഭയം തോന്നി. അദ്ദേഹത്തിന് ആ ശുശ്രൂഷയോട് താല്പര്യം ഇല്ലായി രുന്നു. ബിജു തന്റെ പഴയ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടിരുന്നു. പക്ഷേ ദൈവത്തിന്റെ പദ്ധതികൾ മനു ഷ്യന് തടഞ്ഞ് നിർത്താനാവില്ല. ഒരിക്കൽ ഒരു സംഭവം ഉണ്ടായി. പോട്ടയിൽ ആളെ കൊണ്ടു പോക ണമെങ്കിൽ വെളുപ്പിനെ അഞ്ചരക്ക് തന്നെ അവരെ റെഡിയാക്കി വണ്ടിയിൽ കയറ്റണം. വീടിനടുത്തുള്ള ഒരു മദ്യപാനിയെ പോട്ടയിൽ വിടാനായി അയാളുടെ വീട്ടിലേക്ക് വെളുപ്പിനെ നാലരയോടെ പല്ല് തേച്ച് കൊണ്ട് ബിജു നടക്കുന്നു. ഒരു സെമിത്തേരിയുടെ ഓരം ചേർന്ന് വേണം അയാളുടെ വീട്ടിലേക്ക് പോകാൻ. സെമിത്തേരിയുടെ അടുത്തെത്തിയപ്പോൾ പെട്ടെന്ന് ഇരുളിൽനിന്നും ഉറക്കെയുള്ള കരച്ചിൽ കേൾക്കാം. സെമിത്തേരിയിൽനിന്നും ഒരു യുവതി യായ സ്ത്രീ അലറി കരഞ്ഞ് തന്റെ അടുത്തേക്ക് ഓടി വരുന്നു. ഭയചകിതനായ അദ്ദേഹം എന്ത് ചെയ്യണമെ ന്നറിയാതെ നിൽക്കുമ്പോൾ, ആ സ്ത്രീയും ബിജുവി നോടൊപ്പം നടക്കാൻ തുടങ്ങി. പരിചയമില്ലാത്ത ഒരു യുവതി രാത്രിയിൽ ബിജുവിനോടൊപ്പം വീട്ടിലേക്ക് വരുന്നത് കണ്ട് വീട്ടുകാർക്ക് ആശ്ചര്യം. പിന്നീടാണ് അവൾ ഒരു മാനസിക രോഗിയാണെന്നും രാത്രിയിൽ നാട്ടിലേക്കുള്ള അവസാന ബസിൽ ഇവിടെ എത്തപ്പെ ട്ടതാണെന്നും അറിയുന്നത്.

ഈ ശുശ്രൂഷ ഏറ്റെടുക്കാൻ ദൈവം കണ്ടെ ത്തിയ വഴി ബിജു വായനക്കാരോട് നേരിട്ട് പങ്ക് വയ്ക്കുന്നു: വഴിയിലൂടെ അലഞ്ഞ് തിരിഞ്ഞ് നട ക്കുന്ന ഒരമ്മച്ചി ഞങ്ങളുടെ നാട്ടിൽ ഉണ്ടായിരുന്നു. ഇവർ വീട്ടിൽനിന്നും ഇറങ്ങിപോന്നതാണ്. വേണ്ടപ്പെ ട്ടവർ ആരും ഇവർക്കില്ല. ഇവരെ പിടിച്ച് ചങ്ങനാശ്ശേരി യിൽ സിസ്റ്റേഴ്സ് നടത്തുന്ന സെന്റ് വിൻസെന്റ് പുവർ ഹോമിൽ കൊണ്ടാക്കി ഞാനിങ്ങു പോന്നു. ഞാൻ ആദ്യമായി ചെയ്യുന്ന ഒരു ശുശ്രൂഷയായിരുന്നു. 2 ദിവസം കഴിഞ്ഞപ്പോൾ പുവർ ഹോമിൽനിന്നും സിസ്റ്റ റിന്റെ വിളി വന്നു. ഞാൻ എത്രയും വേഗം അവിടെ ചെല്ലണം. ഞാൻ അവിടെ ചെല്ലുമ്പോൾ സിസ്റ്റർ ആകെ ചൂടായി നിൽക്കുകയാണ്. ഈ അമ്മച്ചിയെ ഇവിടെനിന്ന് ഇപ്പോൾ കൊണ്ട് പോകണം. ഇവർ മാന സികരോഗിയാണ്. ''എന്റെ സിസ്റ്ററേ, ഇവർ മാനസിക രോഗിയാണെന്ന് എനിക്കറിയില്ലായിരുന്നു. ഏതാ യാലും 2 ദിവസം കഴിയട്ടെ, ഇങ്ങനെയുള്ളവരെ താമ സിപ്പിക്കാൻ പറ്റിയ വേറെ സ്ഥലങ്ങൾ ഉണ്ടോയെന്ന് ഞാനൊന്ന് അന്വേഷിക്കട്ടെ. അത് പറ്റത്തില്ല. ഇപ്പം ഇവരെ ഇവിടെനിന്നു കൊണ്ടുപോകണം. എന്നെ, പിടിച്ച പിടിയാലെ അവിടെ നിർത്തി. സിസ്റ്റർ എന്നോട് പറഞ്ഞു, ഞാനിത് എന്റെ ഏഴാമത്തെ ഡ്രസാണ് മാറിയതെന്ന്. ഈ അമ്മച്ചി ടോയ്‌ലറ്റിൽ പോകും. പോയി വന്ന് സിസ്റ്ററിന്റെ ദേഹത്ത് തേച്ച് വെക്കും. ലെക്കില്ല. അന്ന് മാനസിക രോഗികൾക്കുള്ള സ്ഥാപനം ഇല്ല. എനിക്ക് ഇത് മാനസിക രോഗിയാ ണെന്നോ, ഇവരെ ഇവിടെ എടുക്കില്ലെന്നോ അറിയി ല്ലായിരുന്നു. പ്രായമായവരെയെല്ലാം എടുക്കും എന്ന ധാരണയിലാണ് ഇവിടെയെത്തിച്ചത്. സിസ്റ്ററിന് ഈ അമ്മച്ചിയെ ഇവിടെ നിന്നൊഴിവാക്കണം. ഞാനാകെ ധർമ്മസങ്കടത്തിലായി. അമ്മച്ചിയെ കണ്ടെത്തിയ വഴി യിൽതന്നെ തിരിച്ച് കൊണ്ട് വിടാൻ പറ്റുമോ! വിട്ടാൽ നാട്ടുകാർ വെച്ചേക്കുമോ. ഞാൻ സിസ്റ്ററിനോട് ഒന്നു കൂടി പറഞ്ഞ് നോക്കി. സിസ്റ്റർ ഞാൻ പറയുന്നത് ശ്രദ്ധിക്കാതെ വല്ല്യമ്മയെ ഒരുക്കി എന്നെ ഏല്പിച്ചു കഴിഞ്ഞു. ഞാനങ്ങനെ വിയർത്ത് വിഷമിച്ച് നിൽക്കു മ്പോൾ തൊട്ടടുത്ത് ഒരു ചാപ്പല് തുറന്ന് കിടക്കുന്നത് കണ്ട് ഞാൻ അവിടെ കയറി മുട്ടുകുത്തി പ്രാർത്ഥിച്ചു. ''എന്റെ പൊന്നു തമ്പുരാനെ, ഞാൻ വഴിമുട്ടി നിൽക്കുകയാണ്. വല്ല്യമ്മയെ തിരികെ നാട്ടിൽ കൊണ്ട് വിടാൻ പോകുകയാ. നാട്ടുകാർ സമ്മതി ക്കുമോ. എന്റെ വീട്ടിലോട്ട് കൊണ്ട് ചെന്നാൽ വീട്ടു കാര് കയറ്റുമോ. ഞാനിവരെ വണ്ടിയിൽ കയറ്റാൻ പോകുകയാ. നീയെനിക്കൊരു വഴി തുറന്ന് തരണം''. ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ തൊട്ടപ്പുറത്തെ മുറിയിൽനിന്നും മഠത്തിലെ ഫോൺ ബെല്ലടിക്കുന്നത് കേട്ടു. അന്ന് ഫോൺ എല്ലായിടത്തുമൊന്നും ഇല്ല. ലാൻഡ് ഫോണിൽ എന്നോട് ചൂടായി പോയ സിസ്റ്റർ വേറൊരാളോട് സംസാരിക്കുന്നത് ഈ കാര്യങ്ങളാ ണ്. വല്ല്യമ്മയെ കൊണ്ടുപോകാൻ ആള് വന്നെന്നും, അവർ എന്റെ ആരും അല്ലെന്നും മറ്റും. പ്രൊവിൻഷ്യാ ളമ്മയാണ് മറുതലക്കലെന്ന് പിന്നീട് എനിക്ക് മനസ്സി



www.malankaralibrary.com

ലായി. അവർ പറയുന്നു കൊണ്ടുവന്ന ആൾ അവരുടെ ആരുമല്ലല്ലോ. നിങ്ങളവരെ ആ ആളിന്റെ കൂടെ വിടണ്ട. പ്രായമുള്ള ഒരമ്മച്ചിയല്ലേ. നിങ്ങൾ കൂടെ പോ. നമ്മുടെ ഒരു സ്ഥാപനം പാലായിൽ ഉണ്ടല്ലോ. മാനസികരോഗാശുപത്രി. നിങ്ങൾ അവരെ അവിടെ കൊണ്ടാക്ക്. അന്ന് അവിടെനിന്ന് 2 സിസ്റ്റർമാരും എന്റെ കൂടെവന്ന് ഈ അമ്മച്ചിയെ വണ്ടിയിൽ കയറ്റി കാറിന് ആ സ്ഥാപനത്തിൽ കൊണ്ടാക്കി. ഒന്നര വർഷം അമ്മച്ചി അവിടെ ജീവിച്ചു. 85 വയസുള്ള അമ്മച്ചി അവിടെ കിടന്ന് മരിച്ചു. ഈ അമ്മച്ചി മരിക്കുന്നതുവരെ ഒന്നരവർഷവും എല്ലാ ശനിയാഴ്ചയും ഞാനവിടെ ചെല്ലും. കിട്ടുന്ന പണം അവിടെ കൊണ്ട് കൊടുക്കും. ദൈവം എന്നെ പഠിപ്പിക്കുകയായിരുന്നു. പാലായിൽ ഇങ്ങനെ ഒരു മാനസിക രോഗാശുപത്രി ഉണ്ടെന്നുള്ളത് എനിക്കറിയില്ലായിരുന്നു. അവിടുത്തെ സൈക്യാട്രി ഡോക്ടർമാരേയും നേഴ്സുമാരേയും പരിചയമായി. രോഗികളെ ശുശ്രൂഷിക്കുന്ന വിധങ്ങൾ എന്നെ അവർ പഠിപ്പിച്ചു. തമ്പുരാൻ എന്നെ ഇങ്ങനെ യാക്കി. അവരോട് ഞാൻ പറഞ്ഞു, ഞങ്ങളുടെ നാട്ടിൽ ഒരു വീട്ടിൽ 4 മാനസിക രോഗികളുണ്ട്. അങ്ങനെയെങ്കിൽ അതിൽ ഒരാളെ കൊണ്ടു വരാൻ ഡോക്ടർ പറഞ്ഞു. ഒരാളെ ഞാൻ കൊണ്ട് ചെന്നാക്കി. ആ ആൾ സൗഖ്യമായി. രണ്ടാമത്തെ ആളിനെയും കൊണ്ട് ചെന്നു. അയാളും സൗഖ്യമായി. അതിൽ പിന്നെ വഴിയിൽ കാണുന്ന മാനസികരോഗികളെ പിടിച്ച് പാലായിൽ കൊണ്ട് ചെല്ലും. പലയിടത്തു നിന്നും കിട്ടുന്ന പണം അവിടെ കൊണ്ട് കൊടുക്കും. പിന്നീട് കൊടുത്തില്ലേലും അവർക്കെന്നോട് വലിയ താല്പര്യമായി. അവർ ഫ്രീയായി ചികിൽസ ചെയ്തു തുടങ്ങി. സുഖം പ്രാപിച്ചവരെ തിരികെ വീടുകളിൽ കൊണ്ട് വിട്ടപ്പോൾ അവർ പിന്നെയും വഴിയിലായി. വീട്ടുകാർ നോക്കാതെയായി. ഇവരെ എങ്ങനെ നേരെയാക്കി എടുക്കാമെന്ന് ചിന്തിച്ചപ്പോൾ, ഞാനാദ്യം എടുത്തുകൊണ്ടുപോയ അമ്മച്ചിയുടെ കുറച്ച് സ്ഥലവും ഒരു ചെറിയ വീടും നാട്ടിൽ ഉണ്ടെന്ന് അറിഞ്ഞു. ആ അമ്മച്ചിയുടെ സഹോദരൻ ഒരച്ചനാണ്. ആ അച്ചൻ എന്നെ വിളിച്ചു പറഞ്ഞു. ''എടാ നിന്റെ കൂടെ പല മാനസിക രോഗികളും ഇല്ലേ. അമ്മച്ചിയുടെ വീട് വെറുതെ കിടക്കുകയാ. നീ അവരെ ആ വീട്ടിൽ കൊണ്ടു പോയി താമസിപ്പിച്ചോ''. കേൾക്കേണ്ട താമസം. ഞാനവരെ ആ വീട്ടിൽ കൊണ്ടുവന്ന് താമസിപ്പിക്കാൻ തുടങ്ങി. 8-10 ദിവസം കഴിഞ്ഞപ്പോൾ 'ഞാൻ ഈ വീട് കയ്യേറി' എന്ന് പറഞ്ഞ് അമ്മച്ചിയുടെ ഭർത്താവിന്റെ വീട്ടുകാർ ബഹളവുമായി വന്നു. അച്ചൻ അങ്ങനെ പലതും പറയും, ഭർത്താവിന്റെ പേരിലാണ് ഈ സ്ഥലവും വീടും. അവർ എന്നെ അവിടെ നിന്നിറക്കി. ഒടുവിൽ വേറൊരു വാടകവീട് അന്വേഷിച്ചു. ഭാഗ്യത്തിന് ഒരു അമേരിക്കക്കാരന്റെ വീട് കിട്ടി. അയാൾ 9 മാസം കഴിഞ്ഞേ നാട്ടിൽ വരൂ. അതുവരെ ആ വീട്ടിൽ താമസിപ്പിക്കാൻ അനുവാദം കിട്ടി. അമേരിക്കക്കാരൻ പിന്നീട് വരുന്നത് മൂന്നര വർഷം കഴിഞ്ഞാണ്. 1997 ൽ വീണ്ടും ഒരു വാടക വീട് കണ്ടെത്തി അവരെ അവിടെ സ്ഥിരമായി താമസിപ്പിച്ചു.

പിന്നീടാണ് സ്വന്തമായി കുറച്ച് സ്ഥലവും ഭവനവും എന്ന ആശയം രൂപം കൊള്ളുന്നത്. ആരും അവരുടെ വീടിനോട് ചേർന്ന് ഇങ്ങനെയുള്ളവരെ പാർപ്പിക്കാൻ സമ്മതിക്കുകയില്ല. ഇവരെ പെരുവഴിയിൽ ഉപേക്ഷിക്കാൻ പറ്റുമോ. ഉപേക്ഷിച്ചാൽ നാട്ടുകാർ വെച്ചേക്കുമോ. ബിജു മുട്ടിപ്പായി തമ്പുരാനോട് പ്രാർത്ഥിക്കാൻ തുടങ്ങി. ''ദൈവമേ നീ ഒരു വഴി പറഞ്ഞ് തരണം. വേറെ ഒരു മാർഗ്ഗവും എന്റെ മുമ്പിലില്ല. 'അങ്ങനെ, തന്റെതന്നെ വീതത്തിലുള്ള 24 സെന്റ് ഭൂമിയിൽ വീട് വച്ച് ഇവരെ പാർപ്പിക്കാൻ തീരുമാനിച്ചു. പക്ഷേ എന്ത് ചെയ്യാം. അപ്പൻ തനിക്കായ് നട്ട് വളർത്തി പരിപാലിച്ച നല്ല റബ്ബർതോട്ടം. 8 വർഷം പഴക്കമുള്ള നല്ല തൈമരങ്ങൾ. റബ്ബർ കത്തി വെക്കാൻ പരുവത്തിൽ നിൽക്കുന്നു. പിന്നെ ആരോടും ഒന്നും ആലോചിച്ചില്ല. റബ്ബർ മരങ്ങൾ എല്ലാം ചുവടേ വെട്ടാൻ തീരുമാനിച്ചു. വീട്ടുകാരുടെ ശക്തമായ എതിർപ്പ്. നാട്ടുകാരും ബന്ധുക്കളും എന്നെ ഇതിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എല്ലാവരും എനിക്ക് മുഴുഭ്രാന്താണെന്നു പറഞ്ഞ് ആക്ഷേപിക്കാൻ തുടങ്ങി. ഞാൻ സ്വയം എന്നോടുതന്നെ ചോദിച്ചു ശരിക്കും എനിക്ക് വട്ടുണ്ടോ. സഹോദരങ്ങൾ എന്നെ വെറുത്തു. പലർക്കും എന്നെ കാണുന്നത് തന്നെ ചതുർഥിയായി. പക്ഷേ ഞാനെന്റെ ദൈവത്തിൽ ആഴമായി ശരണപ്പെട്ടു. അവിടുത്തെ പദ്ധതികൾ എന്നിലൂടെ പൂർത്തിയാക്കാൻ സാധിച്ചതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. അങ്ങനെ 1997 ൽ ഒരു വാടകവീട്ടിൽ ആരംഭിച്ച ശാലോം കാരുണ്യഭവന് ഇന്ന് സ്വന്തം ഭൂമിയായി, കെട്ടിടങ്ങളായി.

ആരംഭകാലത്ത് ഏത് പ്രതിസന്ധിയിലും, പ്രയാസങ്ങളിലും തളരാതെ ശക്തി പകർന്ന് ബിജുവിന്റെ കൂടെനിന്നു പ്രവർത്തിച്ചവരാണ് കുഞ്ഞ് വടക്കേക്കര, അസീസി പഴയചിറ, കുഞ്ഞപ്പൻ പാലാക്കുന്നേൽ, ഡൊമിനി പടിഞ്ഞാറെക്കുറ്റ് തുടങ്ങിയവർ. അന്നുമുതൽ ഇന്നുവരെ ബിജുവിന്റെ ആത്മീയ ഉപദേഷ്ടാവായി എപ്പോഴും ഒപ്പം ഉണ്ടായിരുന്ന വൈദിക ശ്രേഷ്ഠനാണ് വന്ദ്യ ചെറിയാൻ രാമനാലിൽ കോർഎപ്പിസ്ക്കോപ്പ. ഏതു കാര്യവും അദ്ദേഹത്തോട് ആലോചിച്ച് മാത്രമേ ബിജു ചെയ്യാറുള്ളു. അന്നത്തെ തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിനെ ഏറെ കൃതജ്ഞതയോടു മാത്രമേ ഓർക്കാൻ കഴിയൂ. ആദ്യകാലത്ത് വീട് വാടകയ്ക്ക് എടുക്കുന്നതിലും സ്ഥലം വാങ്ങുന്ന


www.malankaralibrary.com

തിലും പിതാവ് വളരെയേറെ സഹായിച്ചു. ഇന്ന് ഇരിക്കുന്ന ഓഫീസിന് വേണ്ട സൗകര്യങ്ങൾ ഒരുക്കി തന്നത് പിതാവാണ്. പിതാവിന്റെ ഫോട്ടോ ഫ്രെയിം ചെയ്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു. മലങ്കര കത്തോലിക്കാസഭാ തലവൻ അഭി. ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായും, അഭി. തോമസ് മാർ കൂറിലോസ് പിതാവും ഈ സ്ഥാപനം മുമ്പോട്ട് വളരാൻ ഏറെ സഹായിച്ചു.

ആദ്യകാലത്ത് സാമ്പത്തികമായി സഹായിച്ച നിരവധി വ്യക്തികൾ ഉണ്ടായിരുന്നു. അതിൽ ഒരാളായിരുന്നു കുഞ്ഞൂഞ്ഞ്. കുറെ വർഷങ്ങളായി കുഞ്ഞൂഞ്ഞിനെപ്പറ്റി ഒരു വിവരവും ഇല്ല. ഇയാളുടെ ഫോൺ നമ്പർ ഒരാൾ സംഘടിപ്പിച്ചു തന്നു. അതനുസരിച്ച് ഒരു രാത്രി കുഞ്ഞൂഞ്ഞിനെ വിളിച്ചു. ഫോണെടുത്തത് അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു. ''കുഞ്ഞൂഞ്ഞിന്റെ ഭാര്യയല്ലേ ഇത്?'' അതേ, നിനക്കെന്തു വേണം. രാത്രിയാകുമ്പോൾ നിനക്കൊക്കെ വിളി കൂടും.... പിന്നീട് അസഭ്യ പദങ്ങളുടെ പെരുമഴയായിരുന്നു. ഗ്യാപ് കിട്ടിയപ്പോൾ ബിജു പറഞ്ഞു '' മാഡം ഞാൻ നിങ്ങൾ ഉദ്ദേശിക്കുന്ന ആളല്ല. പറഞ്ഞ് മുഴുമിപ്പിക്കുന്നതിനു മുമ്പേ തുടങ്ങി വീണ്ടും അസഭ്യവർഷം. പറഞ്ഞടങ്ങി കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. ''ഞാൻ മാനസിക രോഗികളെ ശുശ്രൂഷിക്കുന്ന ആളാണ്. കുഞ്ഞൂഞ്ഞ് എന്നെ സാമ്പത്തികമായി സഹായിച്ചിരുന്ന വ്യക്തിയാണ്. അയാളെ കാണാഞ്ഞതുകൊണ്ട് വിളിച്ചതാണെന്ന് പറഞ്ഞപ്പോൾ അതിനെന്താ ഞാൻ സഹായിക്കാം. ഇപ്പോൾ രാത്രിയല്ലേ. നാളെ രാവിലെ വീട്ടിലോട്ട് പോന്നോളൂ. അതനുസരിച്ച് ബിജു അവിടെ ചെന്നു. ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു വലിയ തുക ആ സ്ത്രീ തന്നു. ആ സ്ത്രീയുടെ ഭർത്താവിന്റെ പേരും കുഞ്ഞൂഞ്ഞ് എന്നാണ്. അദ്ദേഹം കുറെ നാളുകൾക്ക് മുമ്പ് മരിച്ചുപോയി. രാത്രികാലങ്ങളിൽ അവരെ ആരൊക്കെയൊ ഫോണിൽ വിളിച്ച് ശല്യപ്പെടുത്താറുണ്ട്. ആ വ്യക്തി ബിജു എന്നവർ തെറ്റിദ്ധരിക്കപ്പെട്ടു. അസഭ്യം പറഞ്ഞ സ്ത്രീയിലൂടെ ദൈവത്തിന്റെ സഹായം. ദൈവംതമ്പുരാന്റെ പ്രവർത്തനങ്ങൾ ഇങ്ങനെയൊക്കെയാണ്. ഇത്തരം നിരവധി അനുഭവങ്ങളും സാക്ഷ്യങ്ങളും ബിജുവിന് പറയുവാനുണ്ട്.

ഇന്ന് ഒന്നേമുക്കാൽ ഏക്കറോളം വസ്തു ഈ സ്ഥാപനത്തിന്റേതായുണ്ട്. ആദ്യകാലത്ത് ഒരു പശുഫാം ഇവിടെ നടത്തിയിരുന്നു. അത് വിജയിക്കാതെ വന്നപ്പോൾ നിർത്തി. ഇപ്പോൾ ഏതാനും പോത്ത് കിടാരികളെ വളർത്തുന്നുണ്ട്. അന്തേവാസികൾ കപ്പ, വാഴ ഇവ കൃഷി ചെയ്യുന്നു. കൂടാതെ പാട്ടത്തിന് ഭൂമി വാങ്ങി അവിടെ കപ്പ കൃഷി ചെയ്യുന്നു. പലരും ചോദിക്കും ജോലിക്കാരെ ഒഴിവാക്കി, സുഖം പ്രാപിച്ച ഈ മാനസികരോഗികളെകൊണ്ട് എല്ലാ ജോലികളും ചെയ്യിപ്പിച്ചു കൂടെയെന്ന്. ശരിയാണ്. കുറെയൊക്കെ ചെയ്യിപ്പിക്കാമെങ്കിലും എല്ലാമൊന്നും



ചെയ്യിക്കാൻ സാധിക്കില്ല. ഇവർ എത്ര പൂർണ്ണ സുഖം പ്രാപിച്ചാലും സ്ഥിരബുദ്ധിയുള്ള സാധാരണ മനുഷ്യരെപ്പോലെയാകില്ല. ഉദാഹരണമായി പറഞ്ഞാൽ, താമസിക്കുന്ന കെട്ടിടത്തിന് നേരെ മുകളിലായി ഒരു തെങ്ങ് ഉണങ്ങി നില്പുണ്ട്. അത് വെട്ടിമാറ്റാൻ ഇവരെ കൂടി ഉപയോഗിക്കാമെന്ന് വെച്ചു. മരംവെട്ടുകാരൻ തെങ്ങ് വെട്ടാൻ വന്നു. വടം തെങ്ങിൽ കെട്ടി അതിന്റെ മറ്റേ അറ്റം അന്തേവാസികളെകൊണ്ട് വലിച്ച് പിടിപ്പിച്ചു. 4-5 പേർ ചേർന്ന് വലിച്ച് പിടിച്ചിട്ടുണ്ട്. തെങ്ങ് ചുവടേ വെട്ടാൻ തുടങ്ങി. തെങ്ങ് കെട്ടിടത്തിന്റെ വശത്തേക്ക് ചായുന്നത് കണ്ട് ബിജു അടുത്തുനിന്ന് ഉറക്കെ വിളിച്ചു പറയുന്നുണ്ട് 'മക്കളെ വലിച്ചു



www.malankaralibrary.com

പിടിച്ചോ' വീണ്ടും വീണ്ടും ഉറക്കെ പറഞ്ഞു. ഇവർ എന്തു ചെയ്തെന്നോ, വടം കയ്യിൽനിന്നു വിട്ടു. തെങ്ങ് നേരെ കെട്ടിടത്തിന്റെ മുകളിലേക്ക്, ഭാഗ്യത്തിന് ഒരു ആഞ്ഞിലി മരത്തിൽ തട്ടി തെങ്ങ് നിന്നു. പിന്നെ അത് മുറിച്ച് മാറ്റാൻ നല്ല തുക മുടക്കേണ്ടി വന്നു. ''നിങ്ങളെന്തിനാ മക്കളെ വടം വിട്ടുകളഞ്ഞതെന്ന് ചോദിച്ചപ്പോൾ അവരുടെ നിഷ്കളങ്കമായ മറുപടി ഉടനെ വന്നു ''ഇങ്ങനെ വെട്ടിക്കളയാനാണെങ്കിൽ എന്തിനാ വലിച്ച് പിടിക്കുന്നത്''.

ഭൂപ്രകൃതിയനുസരിച്ച് കുത്തനെയുള്ള ഇറക്കത്തിന്റെ താഴ്‌വാരത്തിലാണ് കാരുണ്യഭവൻ സ്ഥിതി ചെയ്യുന്നത്. ഇതിനോട് തൊട്ട് ചേർന്നാണ് ബിജുവിന്റെ വീട്. എന്നും രാവിലെ പൊക്കപ്പുറത്തെ മെയിൻ റോഡിൽ പാൽവണ്ടി വന്ന് പാൽ ഇറക്കും. അന്തേവാസികളിൽ കുറച്ച് പേർ ചേർന്ന് അത് എടുത്തുകൊണ്ടുവരും. ഒരു ദിവസം ഇവരിൽ ഒരാൾ പറഞ്ഞു, ബിജുച്ചായാ എന്തിനാ പാല് ഇങ്ങനെ കാശ് കൊടുത്ത് വാങ്ങുന്നത്. നമുക്ക് പശുവിനെ വളർത്താം. എനിക്ക് കറക്കാനറിയാം. ഞാൻ കറന്നോളാം. അത് ശരിയാണെന്ന് ബിജുവിനും തോന്നി. അതനുസരിച്ച് കറവയുള്ള രണ്ട് വലിയ പശുക്കളെ വാങ്ങി. കറക്കാമെന്ന് പറഞ്ഞയാൾ കൃത്യമായി എന്നും പാൽ കറക്കാൻ തുടങ്ങി. ഒരാഴ്ച കഴിഞ്ഞപ്പോൾ ഇയാൾ എന്ത് ചെയ്താലും കറക്കുകയില്ല. ചോദിച്ചപ്പോൾ പറയുന്നത് ''ബിജുച്ചായാ ഇത്രയും നാളും ചായയല്ലേ എല്ലാവർക്കും കൊടുത്തുകൊണ്ടിരുന്നത്. ഇനി എല്ലാവർക്കും പാല് മാത്രം കൊടുക്കാം. രണ്ടാമത്തെ ദിവസവും എത്ര നിർബന്ധിച്ചിട്ടും ഇയാൾ കറക്കുന്നില്ല. പാല് അകിടിൽ കറക്കാതെ നിന്നാൽ പശുവിന് ദോഷം ചെയ്യും. എന്തു ചെയ്യാൻ, കറക്കാനറിയുന്നവർ ആരും ഇല്ലതാനും. ഉടനേ കൂട്ടത്തിൽ ഒരുവൻ മുന്നോട്ട് വന്നു പറഞ്ഞു ''ബിജുച്ചായാ, ഞാൻ കറക്കാം''. എന്നാൽ ശരി നീ കറക്ക്. കറക്കുന്നതിന് മുമ്പ് പശുവിന്റെ അകിട് കഴുകിയിട്ടു വേണം കറക്കാൻ. അതൊക്കെ എനിക്കറിയാം എന്ന് പറഞ്ഞ് അയാൾ പശുവിന്റെ അടുത്തേക്ക് നീങ്ങി. ഒരു ബക്കറ്റ് വെള്ളം എടുത്ത് കൊടുത്തിട്ട് എങ്ങനെയാണ് കറക്കുന്നത് എന്നറിയാൻ ബിജു മറഞ്ഞിരുന്നു നോക്കി. ആദ്യം അയാൾ ബക്കറ്റിലെ വെള്ളം ഉപയോഗിച്ച് പശുവിന്റെ ഉടലാകെ കഴുകി. തുടർന്ന് കൈകളും കാലുകളും കഴുകാൻ തുടങ്ങി. ഈ സമയം ബക്കറ്റിലെ വെള്ളം തീർന്നു. അകിട് കഴുകിയിട്ടില്ല. ഇയാളുടെ കൈകളിൽ ചാണകം പറ്റിയിരിപ്പുണ്ട്. എന്തു ചെയ്യും. അയാൾ ചുറ്റും നോക്കുന്നുണ്ട്. പെട്ടെന്ന് പശു വാല് പൊക്കി നീട്ടി മൂത്രം ഒഴിച്ചു. ഇയാൾ വേഗം അത് ബക്കറ്റിൽ പിടിച്ചു. അതുകൊണ്ട് അകിട് കഴുകാൻ ഒരുങ്ങുമ്പോൾ വേഗം ചെന്ന് കറവ നിർത്തിക്കേണ്ടിവന്നു.

പോലീസുകാർ പലരേയും ഇവിടെ കൊണ്ടെത്തിക്കും. മിക്കവരും വിവിധ തരം രോഗങ്ങൾ പേറി നടക്കുന്നവരാണ്. എയ്ഡ്സ്, ഹെപ്പറ്റൈറ്റിസ്, ശ്വാസകോശ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ തുടങ്ങിയവ ഉണ്ടായിരിക്കും. മുഷിഞ്ഞ് ദുർഗന്ധം വമിക്കുന്ന വസ്ത്രങ്ങളിൽ. കുളിച്ചിട്ട് തന്നെ വർഷങ്ങൾ ഏറെയായവർ. ചിലരിൽ പുഴുവരിച്ച് പഴുത്തുപൊട്ടിയ വൃണങ്ങൾ. തങ്ങളുടെ രോഗങ്ങളെകുറിച്ച് അവർക്കൊരു ബോധ്യവും ഇല്ല. ഒന്നിനെക്കുറിച്ചും അവർ പറയാറില്ല. അവരുടെ അസ്വസ്ഥതകളും രോഗങ്ങളും നാം കണ്ട് മനസിലാക്കി ചികിൽസിക്കണം. ശരീരത്തിലെ വൃണങ്ങൾ പലപ്പോഴും കുളിപ്പിക്കുമ്പോഴാണ് കണ്ടുപിടിക്കുന്നത്. ഇവരുടെ മുടി വെട്ടി, ഷേവ് ചെയ്ത് കുളിപ്പിക്കാൻ പ്രേഷിതപ്രവർത്തകർ ഉണ്ട്. ഒരിക്കൽ ചിക്കൻപോക്സ് അന്തേവാസികളിൽ പടർന്ന് പിടിച്ച സംഭവം ഉണ്ടായി. പക്ഷേ ഡോക്ടേഴ്സിന്റെ സമയോചിതമായ ഇടപെടൽ നിമിത്തം പൊടുന്നനെ അതിനെ നിയന്ത്രിക്കാൻ സാധിച്ചു. 10 ദിവസം കൂടുമ്പോൾ ഇവരേയും കൂട്ടി കോഴഞ്ചേരി താലൂക്ക് ആശുപത്രിയിൽ കൊണ്ടുപോയി സൗജന്യ സൈക്യാട്രി മരുന്നുകൾ വാങ്ങണം. ഇവ മുടങ്ങാതെ കഴിക്കണം. 10 ദിവസത്തേക്കുള്ള മരുന്നുകളെ സർക്കാർ അനുവദിക്കൂ. അത് തീരുമ്പോൾ വീണ്ടും ഇവരെ കൊണ്ടുപോയി പരിശോധിച്ച് മരുന്ന് വാങ്ങണം.

രോഗവിമുക്തി പ്രാപിച്ച മാനസികരോഗികളെ അവരുടെ വീട്ടുകാർപോലും തിരികെ സ്വീകരിക്കാറില്ല. ഒരിക്കൽ കാൽവിരലിൽ പഴുപ്പ് ബാധിച്ച് അലഞ്ഞ് നടന്നിരുന്ന ഒരു വ്യക്തിയെ ഇവിടെ കൊണ്ട് വന്ന് ചികിൽസിച്ചു. സുഖം പ്രാപിക്കാതെ വന്നപ്പോൾ മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ അഡ്മിറ്റാക്കി. രണ്ട് മാസം കഴിഞ്ഞിട്ടും കുറവ് കാണാതെ വന്നപ്പോൾ കോഴഞ്ചേരി താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി. അവിടെ രണ്ട് മാസം കിടന്നിട്ടും പ്രയോജനം ഇല്ലെന്ന് കണ്ട് പുഷ്പഗിരി മെഡിക്കൽ കോളജ് ഹോസ്പിറ്റലിൽ എത്തിച്ചു. പഴുപ്പ് കാലിലേക്ക് വ്യാപിച്ചതിനാൽ അവർ കാൽമുട്ടിന് താഴെയായി മുറിച്ച് മാറ്റി. അയാൾക്ക് പ്രമേഹത്തിന്റെ അസുഖം ഉണ്ടായിരുന്നു. (ഗുരുതര രോഗങ്ങൾക്ക് വിധേയരായവരെ വിവിധ ആശുപത്രികളിൽ കൊണ്ടുപോയി, അവർ സുഖം പ്രാപിക്കുന്നതുവരെ വിദഗ്ദ്ധ ചികിൽസ നൽകേണ്ടിവരും). കാൽമുറിച്ച് സുഖംപ്രാപിച്ച ആളെ ഹോസ്പിറ്റലിൽനിന്നും കാരുണ്യഭവനിലേക്ക് കൊണ്ടുവരവെ അദ്ദേഹം പറഞ്ഞു. എന്നെ എന്റെ വീട്ടിൽ എത്തിക്കാമോ. അവിടെ തന്റെ ഭാര്യയും കുട്ടികളും ഉണ്ട്. അവർ നോക്കിക്കോളും. നേരെ അയാളെ അദ്ദേഹത്തിന്റെ വീട്ടിലെത്തിച്ചു. വീട്ടിൽ ചെന്ന് ഭാര്യയെ വിളിച്ചു. അവർ വാതിൽ



www.malankaralibrary.com

തുറന്ന് ഇറങ്ങിവന്നു. നാളുകൾക്ക് മുമ്പ് വീട്ടിൽ നിന്നി റങ്ങി പോയ തന്റെ ഭർത്താവിനെ പൊയ്ക്കാലിൽ നിൽക്കുന്നത് കണ്ട് അവർ അസ്വസ്ഥയായി. ''ഇങ്ങേരെ എവിടെനിന്നു കൊണ്ടുവന്നോ അവി ടേക്കുതന്നെ കൊണ്ട് പൊയ്ക്കോ. ഞങ്ങളെകൊണ്ട് നോക്കാൻ പറ്റില്ല''. പിന്നെ ഒരു നിമിഷം അവിടെ നിന്നില്ല. അയാളെ തിരികെ കാരുണ്യഭവനിൽ എത്തി ച്ചു. ഏതാനും വർഷങ്ങൾക്കുശേഷം അയാൾ മരിച്ചു. മരണപ്പെട്ട് കഴിഞ്ഞാൽ പോലീസിനേയും പഞ്ചായ ത്തിനേയും അറിയിച്ച് അതിന്റേതായ നടപടി ക്രമ ങ്ങൾ പാലിക്കണം. ഹോസ്പിറ്റലിലേക്ക് പോകുന്ന വഴിക്ക് ഇവർ മരണപ്പെട്ടാൽ പ്രശ്നസങ്കീർണത വർദ്ധിക്കും. കറുകച്ചാൽ, കീഴ്‌വായ്പ്പൂർ പോലീസുകാ രുമായി കാരുണ്യഭവൻ നല്ല ബന്ധത്തിലായതിനാൽ പോസ്റ്റ്മോർട്ടം പോലുള്ള നടപടിക്രമങ്ങൾ ഒഴിവാക്കി കിട്ടും. മരിച്ചവരെ പഞ്ചായത്തിന്റെ പൊതുശ്മ ശാനത്തിൽ സംസ്കരിക്കും.

ബഹു. രാമനാലിൽ കോർഎപ്പിസ്കോപ്പാ യുടെ 80-ാം ജന്മദിനത്തോടനുബന്ധിച്ച് അദ്ദേഹത്തി ന്റെ ബഹുമാനാർത്ഥം ''ജീവാരാം'' (ജീവന്റെ പൂന്തോ ട്ടം) എന്ന പേരിൽ ഒരു ബഹുനില കെട്ടിടം അന്തേവാ സികളുടെ താമസത്തിനായി പണികഴിക്കപ്പെട്ടു. ഇതിന്റെ കൂദാശാകർമ്മം 2020 ജനുവരി 19ന് അഭി. തോമസ് മാർ കൂറിലോസ് പിതാവിന്റെ സാന്നി ദ്ധ്യത്തിൽ അഭി. ബസേലിയോസ് ക്ലീമീസ് കാതോലി ക്കാബാവ നിർവ്വഹിക്കുകയുണ്ടായി. കെട്ടിടം നിർമ്മി ച്ചെങ്കിലും അതിലേക്കുവേണ്ട കട്ടിലും മെത്തയും ഇനിയും ആയിട്ടില്ല. ഒരു ഫ്രീസറും, കമ്പ്യൂട്ടറും ഈ സ്ഥാപനത്തിന് വേണ്ടതായുണ്ട്. ദൈവം അതിനും പരിഹാരം കാണുമെന്ന വിശ്വാസത്തിലാണ് ബിജു.



കിടപ്പുരോഗികൾ ഉൾപ്പെടെ 200 ഓളം പേർ അന്തേവാസികളായി ഇവിടെ കഴിയുന്നു. 25 വയസു മുതൽ 95 വയസുവരെയുള്ളവർ ഈ കൂട്ടത്തിലുണ്ട്. ഈ സ്ഥാപനത്തിന് സ്വന്തമായി ഒരു സമ്പാദ്യവും ഇല്ല. 15 ലക്ഷത്തോളം രൂപ ഇപ്പോൾ കടത്തിലാണ്. അന്നന്നത്തേക്കുള്ളത് ദൈവം അന്നന്ന് തരും. എല്ലാ ആഴ്ചയിലും കോട്ടയം ചന്തയിൽനിന്നും ചാക്ക് കണ ക്കിന് പച്ചക്കറികൾ ഇവർക്ക് സൗജന്യമായി ലഭി ക്കുന്നു. എല്ലാ ദിവസവും മല്ലപ്പള്ളി ടൗണിലെ ബേക്കറികൾ വൈകിട്ടത്തെ ബിസിനസിന് ശേഷം ഇവർക്കുള്ള ഭക്ഷണം സൗജന്യമായി നൽകികൊണ്ടി രിക്കുന്നു. വിവാഹം പോലുള്ള സൽക്കാരങ്ങളിൽ അധികം വരുന്ന ഭക്ഷണം ഈ മക്കൾക്ക് പലപ്പോഴും കിട്ടികൊണ്ടിരിക്കും.

ഒരു ദിവസം രാവിലെ അന്തേവാസികൾക്ക് ഭക്ഷണത്തിനായി കപ്പ പുഴുങ്ങിയതും മുളക് ഉടച്ച് ചേർത്ത് തൈര് ചമന്തിയും കൊടുക്കുവാൻ തീരുമാ നിച്ചു. പക്ഷേ അവർക്കാർക്കും മുളക് ചമന്തി വേണ്ട. അവർക്ക് ഇറച്ചിക്കറി വേണം. ബിജു പറഞ്ഞു. മക്കളെ ഇന്ന് ഇതു കൂട്ടി കഴിക്ക്, നാളെ നിങ്ങൾക്ക് ഇറച്ചിക്കറി ഉണ്ടാക്കി തരാം. പക്ഷേ അവരെല്ലാം ഒരേ വാശിയിൽ. ഒടുവിൽ നിർബന്ധിച്ചപ്പോൾ സമ്മതിച്ചു. എല്ലാ വർക്കും കപ്പ വിളമ്പി. തുടർന്ന് മുളക് ചമന്തി വിളമ്പി കൊണ്ടിരിക്കുമ്പോൾ മുറ്റത്ത് ഒരു വണ്ടിവന്നു നിന്നു. അതിൽനിന്നും രണ്ടുപേർ സ്റ്റീൽ പാത്രത്തിൽ ഇറച്ചി ക്കറിയുമായി വന്നു നിൽക്കുന്നു. ഞങ്ങൾ ഇത് ഇവർക്ക് കൊടുത്തോട്ടെയെന്ന് പറഞ്ഞ് അവർതന്നെ എല്ലാവർക്കും ഇറച്ചിക്കറി വിളമ്പി. ദൈവം കൂടെയു ള്ളതിനാൽ ഒന്നിനും ഇതുവരെ ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല.

മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിലെ കിടപ്പ് രോഗികൾക്ക് ശാലോം കാരുണ്യഭവൻ വർഷങ്ങളായി രാത്രി അത്താഴത്തിനുള്ള കഞ്ഞിയും കറികളും സൗജന്യമായി നൽകി പോരുന്നു. ഇനിയും മുതൽ രാവിലെ കാപ്പിയും കൊടുക്കുവാനുള്ള തീരുമാനത്തി ലാണ്. അന്തേവാസികൾ തന്നെയാണ് ഭക്ഷണം തയ്യാ റാക്കുന്നത്. 2018-ലെ വെള്ളപ്പൊക്കകാലത്ത് കാരു ണ്യഭവനിലെ മക്കൾ ഭക്ഷണം വിതരണം ചെയ്തും മറ്റ് ദുരിതാശ്വാസപ്രവർത്തനങ്ങളുമായി മുൻപന്തിയി ലുണ്ടായിരുന്നു. എല്ലാ ക്രിസ്തുമസ് കാലങ്ങളിലും കാരുണ്യഭവൻ വാഹനങ്ങളിൽ കാരൾ സർവ്വീസു മായി ഭവനങ്ങൾ കയറിയിറങ്ങി ഫണ്ട് സ്വരൂപിക്കുന്നു. സുമനസുകളായ ധാരാളം വ്യക്തികൾ, നാനാജാതി മതസ്ഥർ, സംഘടനകൾ, സ്ഥാപനങ്ങൾ ഒക്കെ സഹാ യഹസ്തവുമായി കൂടെയുണ്ട്. സർക്കാർ ഗ്രാന്റ് ഈ മാർച്ച് മാസം കിട്ടുമെന്ന പ്രതീക്ഷയിലാണ് ബിജു.


www.malankaralibrary.com

ഒരു സിസ്റ്ററിന്റെ നേതൃത്വത്തിൽ എല്ലാ ദിവസവും രാവിലെയും ഉച്ചക്കും വൈകിട്ടും അന്തേവാസികൾ ഒരുമിച്ച് ചേർന്ന് പ്രാർത്ഥിക്കും. ഉച്ചക്ക് ജപമാല പ്രാർത്ഥനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തുന്നു. ആഴ്ചയിൽ ഒരു ദിവസം വി. കുർബാന അർപ്പിക്കുന്നു. മാസത്തിൽ ഒരിക്കൽ ഇവിടെ ധ്യാനം നടക്കുന്നു. മുൻപ് 3 ധ്യാനങ്ങൾ വരെ നടന്നിരുന്നു. ആവേ മരിയ അരൂർ ടീമാണ് ധ്യാനം നയിക്കുന്നത്. വൈദികർ നേതൃത്വം കൊടുത്ത് നടത്തുന്ന ധ്യാനത്തിൽ ധാരാളം പേർ സംബന്ധിക്കുന്നു. പൊതുജനസേവനത്തിനായി ശാലോം കാരുണ്യഭവൻ ഏതാനും മാസങ്ങൾക്കുമുമ്പ് പുതിയതായി ഒരു ആംബുലൻസ് സർവ്വീസും ആരംഭിച്ചു. കലാപ്രവർത്തനങ്ങളിലും അന്തേവാസികൾ തങ്ങളുടെ മികവ് പ്രകടിപ്പിക്കുന്നു. 93 ഓർഫനേജുകൾ പങ്കെടുത്ത ഇക്കഴിഞ്ഞ ജില്ലാതല 'ഓർഫനേജ് ഫെസ്റ്റിൽ' മത്സരിച്ച എല്ലാ ഇനങ്ങൾക്കും ഈ മക്കൾ ഒന്നാം സ്ഥാനം നേടിയെടുത്തു.

ഈപ്പൻ ചെറിയാൻ (ബിജു) മാനേജിംഗ് ട്രസ്റ്റിയായുള്ള 5 അംഗങ്ങളുടെ ഒരു ട്രസ്റ്റാണ് ഭരണനിർവ്വഹണം. ട്രസ്റ്റ് അംഗം കൂടിയായ ഭാര്യ ആലീസ് ചെറിയാൻ മുഴുവൻസമയ ശുശ്രൂഷാപ്രവർത്തനങ്ങളുമായി കാരുണ്യഭവനിൽ തന്നെയുണ്ട്. അതുപോലെ സൗജന്യമായി ശുശ്രൂഷ ചെയ്യുന്ന ധാരാളം പ്രേഷിത പ്രവർത്തകരും ഇവിടെയുണ്ട്. 38 സ്റ്റാഫുകൾ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. സൈക്യാട്രി, ജനറൽ ഫിസിഷ്യൻ വിഭാഗത്തിൽ 5 ഡോക്ടർമാരുടേയും 5 നേഴ്സുമാരുടേയും സേവനം എപ്പോഴും ഇവിടെ ലഭ്യമാണ്. എടുത്ത് പറയേണ്ട മറ്റൊരു പ്രത്യേകത തെറാപ്പി ചികിത്സയാണ്. ആർട്ട് തെറാപ്പി, സൈക്കോ തെറാപ്പി, ബിഹേവറൽ തെറാപ്പി, മോട്ടിവേഷനൽ തെറാപ്പി, വൊക്കേഷണൽ തെറാപ്പി തുടങ്ങി വിവിധതരം തെറാപ്പികൾ ഇവർക്കുവേണ്ടി ചെയ്യുന്നു. കൂടാതെ യോഗ, കൗൺസലിംഗ്, മെഡിക്കൽ ക്യാമ്പ് ഇവയും കൃത്യമായി നടത്തിപോരുന്നു. ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ്, ഓർഫനേജ് സെന്റർ ബോർഡ് തുടങ്ങിയവരുടെ പരിശോധനയും വിലയിരുത്തലുകളും ഇടക്കിടെ ഉണ്ടാകാറുണ്ട്. വൃത്തിയുള്ള കിടക്കകളും, മുറികളും, പരിസരങ്ങളും ഇവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. അന്തേവാസികൾക്ക് തുന്നൽ, കൊന്ത നിർമ്മാണ പരിശീലനവും കൊടുക്കാറുണ്ട്. മനോനില തകർന്ന് മദ്യത്തിനും മയക്കുമരുന്നിനും മാറാരോഗങ്ങൾക്കും അടിമപ്പെട്ട് കുടുംബങ്ങളിൽനിന്നും ബന്ധുക്കളിൽനിന്നും സമൂഹത്തിൽനിന്നും ബഹിഷ്കൃതരായവർ, അനാഥരായിട്ടുള്ളവർ ഇവർക്ക് നഷ്ടപ്പെട്ടുപോയ ആത്മവിശ്വാസവും പ്രത്യാശയും പകർന്ന് നൽകി അവരെ ശുശ്രൂഷിച്ച് പുതിയ മനുഷ്യരാക്കുന്ന പ്രക്രിയയാണ് ഈ പുനരധിവാസത്തിലൂടെ ബിജു ലക്ഷ്യം വയ്ക്കുന്നത്. ''കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും'' (അപ്പ. 16:31). ബിജു ഈ തിരുവചനം ഓർമ്മിക്കാൻ കാരണം, അദ്ദേഹത്തിനെതിരെ ആദ്യകാലത്ത് ശക്തമായി എതിർത്ത തന്റെ സഹോദരങ്ങൾ, ദൈവികവഴിയിൽ തന്നോടൊപ്പം ഇന്ന് ചേർന്ന് നിൽക്കുന്നു.

ബിജുവുമായി സംസാരിച്ചുകൊണ്ടിരിക്കെ ഓഫീസ്മുറിയിലേക്ക് ഒരു ശുശ്രൂഷകൻ വേവലാതിയോടെ കയറി വന്നു പറഞ്ഞു. ''ബിജുച്ചായാ, നമ്മുടെ മോട്ടർ കത്തിപ്പോയി''. അല്പനേരത്തെ നിശബ്ദതക്കുശേഷം ബിജു എന്നെ നോക്കി ചിരിച്ചിട്ടു പറഞ്ഞു. ''ഒരു പുതിയ മോട്ടർ വാങ്ങാൻ 25,000 രൂപയെങ്കിലും വേണം. എവിടെ പണം? വെള്ളം അത്യാവശ്യമാണ്. തൽക്കാലം വെള്ളം ഇറക്കിക്കാം. അതേ മാർഗ്ഗമുള്ളൂ. ഇങ്ങനെ പറഞ്ഞ് ഇരിക്കുമ്പോൾ ബിജു ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു വ്യക്തി ഓഫീസ് മുറിയിലേക്ക് കയറിവന്ന് അദ്ദേഹത്തോട് പറഞ്ഞു ''എന്റെ കൈയ്യിൽ 25,000 രൂപയുണ്ട്. ഇത് നിങ്ങളുടെ കൈയ്യിൽ വെച്ചോ. ആവശ്യം വരുമ്പോൾ ഞാൻ ചോദിച്ചോളാം. ബിജു എന്നെ നോക്കി പുഞ്ചിരിച്ചു. പുറത്തേക്കിറങ്ങി പോയ ആ വ്യക്തിയെ പിന്നെ അവിടെയെങ്ങും കണ്ടില്ല. ആ സമയംതന്നെ ഒരു പുതിയ മോട്ടർ വാങ്ങാനായി ആളിനെ വിട്ടു. ദൈവത്തിന്റെ പരിപാലന കണ്ടറിഞ്ഞ നിമിഷങ്ങൾ. ഈ മക്കൾക്ക് ഒന്നിനും ഒരു കുറവുണ്ടാകരുത്. ഇവരുടെ മുഖത്ത് തെളിഞ്ഞ് നിൽക്കുന്ന സന്തോഷം അതാണെന്റെ ആനന്ദം. വിശുദ്ധി വിളങ്ങി നിൽക്കുന്ന ബിജു എന്ന താടിക്കാരന്റെ മുഖത്ത് ഇതൾ വിരിയുന്നത് സ്നേഹത്തിന്റെ സാന്ത്വനമാണ്. ആ വലിയ മേനിയിൽ മുഴങ്ങി നിൽക്കുന്ന തെളിമയാർന്ന ശബ്ദം ദൈവികതയിൽ സ്ഫുടം ചെയ്ത ആത്മവിശ്വാസമാണ്. ഈ 55 കാരന്റെ ഹൃദയത്തിൽനിന്നും ഒഴുകിയിറങ്ങുന്നത് ദൈവികപുണ്യങ്ങളാണ്. സ്വന്തം സഹോദരനിൽ ഈശ്വരനെ കാണുന്ന മഹാകാരുണികൻ.


പെട്ടെന്ന് കാരുണ്യഭവനിൽനിന്നും കൂട്ടപ്രാർത്ഥനയുടെ സ്വരങ്ങൾ ഉയർന്നു പൊങ്ങി. ഉച്ചഭക്ഷണത്തിന് മുമ്പുള്ള 12 മണിയുടെ ജപമാല പ്രാർത്ഥനയാണ്. മക്കളെല്ലാം സന്തോഷത്തോടെ ഒന്ന് ചേർന്ന് കരങ്ങൾ ഉയർത്തി തങ്ങൾക്ക് വീണ്ടും പുതുജീവൻ പകർന്നു നൽകിയ സ്വർഗ്ഗസ്ഥ പിതാവിനെ സ്തുതിക്കുകയാണ്.



www.malankaralibrary.com



തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ നടന്ന **അഭി. എബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്തായുടെ** പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ **അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ** അനുഗ്രഹപ്രഭാഷണം നടത്തുന്നു.



അഭി. എബ്രഹാം മാർ ജൂലിയോസ് തിരുമേനിയെക്കുറിച്ച് തയ്യാറാക്കിയ **Festschrift** ന്റെ പ്രകാശനം **അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ** നിർവ്വഹിക്കുന്നു


**ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ**



**ഒരു വിശ്വാസി**

**ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ**




**ഒരു വിശ്വാസി**

**ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ**



**ഒരു വിശ്വാസി**

**ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ**



**ജോയൽ കോശി വർഗീസ്**
**നിരണം**

**ഉപകാരസ്മരണ - പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു........... ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പുനല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി**




www.malankaralibrary.com




## വർഗീസ്



www.malankaralibrary.com

# ആദരാഞ്ജലികൾ



**ശ്രീ. സഖറിയാ മാത്യു**
മനയിൽ, ഹൈദരബാദ്

ജനനം : 08.08.1932  മരണം : 26.11.2020

**സന്തപ്ത കുടുംബാംഗങ്ങൾ**

ഭാര്യ : ആലീസ് മാത്യു പാലത്തിങ്കൽ, നിരണം

മക്കൾ : ഡോ. സഖറിയാ മാത്യു, ജോർജ് മാത്യു

മരുമക്കൾ : ഡോ. ആനി രോഷൻ, സുജ ജോർജ്

കൊച്ചുമക്കൾ : മിഖായേൽ മാത്യു സഖറിയാ, കെവിൻ മാത്യു ജോർജ്ജ്, റോണി, സെബാസ്റ്റ്യൻ ജോർജ്ജ്

സഹോദരങ്ങൾ : Mr. സഖറിയാ ജോർജ് & fly മനയിൽ, മദ്രാസ്

Late ഈപ്പൻ തോമസ് & സൂസമ്മ തോമസ് & fly ഇളമതയിൽ, തിരുവല്ല

ആനിയമ്മ എബ്രഹാം & പി.എ. എബ്രഹാം & fly പയ്യംപള്ളി

Late മേരിക്കുട്ടി ജയിംസ് & ജയിംസ് തോമസ് & fly ഇടത്തുംപ്രായിൽ, തിരുവല്ല



## *5th Death Anniversary*

19th November 2020

**Lt. Mrs. Annamma Oommen**
Koickapareckal House Valankara,
Vennikulam P.O.

By daughter Mrs. Chachiamma Mathew,
Son-in-law Mathew Cherian,
Grandson Alex Mathew, Great-grandchildren Reeba Alex,
Ruben Alex & Ancy Alex



www.malankaralibrary.com

# REMEMBRANCE - DECEMBER



**Fr. Mathew**
Thengumthottam
02 December 1990



**Fr. John**
Chundevalel
03 December 2002



**Rt. Rev. Mathew**
Karimpil Corepiscopo
07 December 2019



**Fr Mathew**
Chittakat
08 December 1970



**Fr. Thomas**
Padinjarekutt
13 December 1993



**Fr. Joseph**
Karakkalolickal
14 December 2003



**Fr. James**
Thannickal
15 December 1992



**Fr. Peter Ramanatt**
18 December 1977



**Fr. Jacob**
Chundevalel
21 December 1980



**Fr. Mathew Vayalil**
26 December 2009



**V.Rev. Simon D Karott**
Corepiscopo
30 December 1950

## 2020 ഡിസംബർ - പ്രധാനപ്പെട്ട ദിവസങ്ങൾ

| | | |
|---|---|---|
| ഡിസംബർ 01 | - | ഇരുപത്തഞ്ച് നോമ്പാരംഭം |
| ഡിസംബർ 06 | - | യോഹന്നാൻ മാംദാനയുടെ ജനനം |
| ഡിസംബർ 08 | - | വി. ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ |
| ഡിസംബർ 16 | - | മാർത്താണ്ഡം ഭദ്രാസന സ്ഥാപനദിനം (1996) |
| ഡിസംബർ 25 | - | യൽദാപ്പെരുന്നാൾ (ക്രിസ്തുമസ്) |
| ഡിസംബർ 26 | - | വി. ദൈവമാതാവിന്റെ പുകഴ്ച |
| ഡിസംബർ 27 | - | ബൈബിൾ ഞായർ |

## മുൻ ഡിജിപി ജേക്കബ് പുന്നൂസിന് ഐ.എം.എ. അവാർഡ്



ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ (ഐ.എം.എ.) ഡോ. മോഹൻ കുമാർ അവാർഡ് മുൻ ഡിജിപി ജേക്കബ് പുന്നൂസിന് ലഭിച്ചു. പൊതുജനാരോഗ്യ മേഖലയിലെ സമഗ്ര സംഭാവനകൾക്ക് ആരോഗ്യ പ്രവർത്തകരല്ലാത്തവർക്കു നൽകുന്നതാണ് ഈ പുരസ്കാരം. ഇപ്പോൾ പുഷ്പഗിരി സ്ഥാപനങ്ങളുടെ എക്സിക്യൂട്ടീവ് ഡയറക്ടറാണ് ശ്രീ. ജേക്കബ് പുന്നൂസ്.

## മാട്രിമോണിയൽ

**M-312**

യുകെയിൽ എൻ എച്ച് എസിൽ ഡോക്ടറായി ജോലി ചെയ്യുന്ന ബ്രിട്ടീഷ് പൗരത്വമുള്ള മലങ്കര കത്തോലിക്കാ യുവതിയ്ക്ക് (27 വയസ്സ്, 162 സെന്റിമീറ്റർ ഉയരം, ഇരുനിറം) യുകെയിൽ relocate ചെയ്യുവാൻ താല്പര്യമുള്ള ഡോക്ടർ/ Pharm D പാസ്സായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. whatsapp no: 00447716105546



www.malankaralibrary.com

മോൺ. ജോർജ് കുരിശുംമൂട്ടിലിന്റെ റമ്പാൻസ്ഥാന ശുശ്രൂഷയ്ക്ക് **അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ** മുഖ്യ കാർമ്മികത്വം വഹിക്കുന്നു











കുരിശുംമൂട്ടിൽ ജോർജ്റമ്പാന്റെ മെത്രാഭിഷേക ചടങ്ങുകൾക്ക് തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ **തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത** മുഖ്യ കാർമ്മികത്വം വഹിക്കുന്നു. കോട്ടയം ക്നാനായ കത്തോലിക്കാ അതിഭദ്രാസനാദ്ധ്യക്ഷൻ **അഭിവന്ദ്യ മാത്യു മൂലക്കാട്ട്, അഭിവന്ദ്യ ജോസഫ് പണ്ടാരശ്ശേരിൽ** എന്നിവർ സഹകാർമ്മികത്വം വഹിച്ചു

www.malankaralibrary.com

AIKYADEEPAM MONTHLY

Date of Publication : 01.12.2020
Price : ₹10/-

Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

R.N.I. 35982/80
December 2020






Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Mangalam Web Media, Kottayam, Kerala, Chief Editor : Rev. Dr. Isaac Parappallil



www.malankaralibrary.com